www.malankaralibrary.com


# REEHO D'EVANGELION

## സുവിശേഷത്തിന്റെ പരിമളം


ܪܝܚܐ ܕܐܘܢܓܠܝܘܢ

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണം | വാല്യം : 2 | ലക്കം : 4 | ഒക്ടോബർ 2016 | പേജ് 16 | ത്രൈമാസിക


# സുവിശേഷസംഘം - സ്വയം വിശുദ്ധീകരണത്തിനുള്ള വിളി


**മോസ്റ്റ് റവ. തോമസ് മാർ കൂറിലോസ്**

**തിരുവല്ല അതിരൂപത-മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്**

സത്യസന്ധമായ ഒരു ക്രൈസ്തവ സാക്ഷ്യം നേരിട്ടുകേട്ടതിന്റെ സന്തോഷത്തിലാണ് ഈ കുറിപ്പെഴുതുന്നത്. 2016 ലെ എട്ടുനോമ്പുശുശ്രൂഷകൾക്ക് ഒരു ഇടവകയിൽ എത്തിയപ്പോൾ കേൾക്കാൻ കഴിഞ്ഞ സാക്ഷ്യമാണത്. “സുവിശേഷത്തിന്റെ സന്തോഷം” (Evangelii Gaudium) അവരുടെ കണ്ണുകളിലും സംഭാഷണത്തിലും തെളിഞ്ഞുകാണാനായി. കർത്താവായ യേശുക്രിസ്തുവിനെ അറിയാൻ ഇടയായതിൽ, അവന്റെ സ്നേഹം അനുഭവിക്കാൻ കഴിഞ്ഞതിൽ ഉള്ള സന്തോഷം പങ്കുവെച്ച ഒരു അമ്മയെയും മകളെയുമാണ് ഞാൻ കണ്ടുമുട്ടിയത്. അവരുടെ ഓരോ വാക്കും ദൈവവചനത്തിലധിഷ്ഠിതമായിരുന്നു; അവരുടെ ഭാവം, നിറഞ്ഞ പ്രത്യാശയുടെയും തികഞ്ഞ സന്തോഷത്തിന്റെയുമായിരുന്നു. മറ്റുപലരും ചെയ്യുന്നതുപോലെ സാമ്പത്തിക സഹായത്തെക്കുറിച്ചോ, കലാലയ അഡ്മിഷനെക്കുറിച്ചോ അവർ വേവലാതിപ്പെട്ടില്ല; അവയൊക്കെ ആവശ്യമില്ലാത്തതുകൊണ്ടോ, സാമ്പത്തിക സുരക്ഷയുള്ളവരായതുകൊണ്ടോ അല്ല. പ്രത്യുത ദൈവത്തിന്റെ അനന്തപരിപാലനയിൽ അവർ അഗാധമായി വിശ്വസിക്കുന്നത് പങ്കുവയ്ക്കാനാണവർ താത്പര്യപ്പെട്ടത്. സാധാരണ വിശ്വാസികൾക്കും ജീവിതത്തിന്റെ പരിമിതികളിൽ കഴിയുന്നവർക്കും സുവിശേഷത്തിന്റെ സന്തോഷം (Joy of the Gospel) സാദ്ധ്യമാണെന്ന് അടിവരയിടുന്നതായി അവരുടെ സംഭാഷണം.

പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ വൈദികരോടും സന്യസ്തരോടുമായി പറഞ്ഞത് ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞു; “കത്തോലിക്കസഭ വളരുന്നത് മതപരിവർത്തനം (Proselytism) വഴിയല്ല; അതായതു ബാഹ്യമായ പ്രലോഭനങ്ങളോ, വാഗ്ദാനങ്ങളോ നല്കുന്നതിലൂടെയല്ല. പിന്നെയോ, യേശുവിനെയും അവന്റെ സുവിശേഷത്തെയും ലോകത്തിനുമുമ്പിൽ ആകർഷകമായി അവതരിപ്പിക്കുന്നതിലൂടെയാണ്” എത്രയോ വലിയ സത്യമാണത്. ക്രിസ്തുമാർഗ്ഗം നൂറ്റാണ്ടുകളിലൂടെ വളർന്നതും പടർന്നതും ഇങ്ങനെതന്നെയായിരുന്നു. യേശുവിനെ നാഥനും കർത്താവുമായി നല്കാൻ നമുക്ക് കഴിയണം. മറ്റൊരു മതത്തിൽ വിശ്വസിച്ചിരുന്ന മേലുദ്ധരിച്ച കുടുംബം, ഇന്ന് യേശുവിൽ അനുഭവിക്കുന്ന സ്വാതന്ത്ര്യം വർണ്ണനാതീതമാണ്.

മറ്റൊരു സാക്ഷ്യം കൂടി പങ്കുവയ്ക്കട്ടെ. അടുത്തിടെ വായനയിലൂടെ ലഭിച്ച അറിവാണത് എന്നു പറഞ്ഞുകൊള്ളട്ടെ. സ്റ്റീവൻ ബങ്കാറസിന്റെ സാക്ഷ്യമാണത്. ഇന്റർനെറ്റ് സൈറ്റിലൂടെ പ്രതിദിനം 1200 ൽ അധികം യു. എസ്സ് ഡോളർ ലാഭമുണ്ടാക്കിയിരുന്ന ആളാണദ്ദേഹം. അദ്ദേഹത്തിന്റെ സാക്ഷ്യം കേൾക്കാം. പതിനൊന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ History channel ൽ വന്ന Ancient Aliens എന്ന ഒരു പ്രോഗ്രാം അദ്ദേഹത്തെ വല്ലാതെ അകർഷിച്ചു. പ്രാചീന ഐതിഹ്യങ്ങളോടും അതിൽ പ്രതിപാദിക്കുന്ന അമാനുഷികമായ സിദ്ധികളും കഴിവുകളും ഉള്ളവരോട് തുടങ്ങിയ കമ്പം ആരാധനയായി വളർന്നു. പിന്നീട് ശാസ്ത്രസാങ്കേതിക നേട്ടങ്ങളുടെ സഹായ

*(തുടർച്ച 2-ാം പേജിൽ)*

## ഉൾപേജുകളിൽ


| | |
|---|---|
| സുവിശേഷസംഘവും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആദ്ധ്യാത്മികതയും | 3 |
| മുഖമൊഴി, ധ്യാനചിന്ത | 7 |
| മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ | 8,9,16 |
| അനുഭവ സാക്ഷ്യം | 10,11,12,13 |
| ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു | 15 |




ജൂലൈ 14 ന് വൈകിട്ട് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന സുവിശേഷസംഘ കൈവയ്പ് ശുശ്രൂഷ

# ആരാധനക്രമവത്സരം


**ഫാ. ഡോ. കുറിയാക്കോസ് തടത്തിൽ**




ക്രൈസ്തവസഭ കർത്താവിന്റെ മനുഷ്യാവതാര രഹസ്യങ്ങളെ മുഴുവൻ അതായത് അവന്റെ ജനനം, മാമോദീസാ, പരസ്യ ജീവിതം, നാൽപതു ദിവസത്തെ ഉപവാസം, പീഡാനുഭവം, കുരിശു മരണം, കബറടക്കം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പിതാവിന്റെ വലതുഭാഗത്തുള്ള വാഴ്ച, രണ്ടാം ആഗമനം, ഈ മഹനീയ സംഭവങ്ങളെയെല്ലാം ആണ്ടുവട്ടത്തിന്റെ വിവിധ സമയങ്ങളിലായി അനുസ്മരിക്കുകയും അതിന് അനുബന്ധമായ ഒരു ജീവിതക്രമം അനുവർത്തിക്കുകയും ചെയ്യുന്നു. ഏഴ് ദിവസങ്ങൾ ഒരാഴ്ചയിൽ ഉള്ളതുപോലെ ഒരു ദിവസത്തിൽ ഏഴ് യാമങ്ങൾ പ്രാർത്ഥനയ്ക്കായി ക്രമപ്പെടുത്തിയിരിക്കുന്നതുപോലെയും ഏഴ് ആരാധനക്രമകാലങ്ങൾ സുറിയാനിസഭ ക്രമീകരിച്ചിരിക്കുന്നു. ഇതിനെ കാലചക്രം (Yearly Cycle) എന്നു വിളിക്കുന്നു. അതായത്, ഒരു വർഷത്തിലെ 52 ആഴ്ചകളെ 7 കാലങ്ങളായി തിരിച്ചിരിയ്ക്കുന്നു. ഓരോ കാലത്തിലും 7 ആഴ്ചകൾ വീതമുള്ള സമയക്രമം. ഏഴ് വീതമുള്ള ഏഴ് ആഴ്ചകൾ കൂടുമ്പോൾ 49 ആഴ്ചകൾ. ബാക്കിവരുന്ന 3 ആഴ്ചകൾ ക്രമീകരിച്ചിരിക്കുന്നത് ഈസ്റ്റർ പെരുനാളുമായി ബന്ധപ്പെടുത്തി ചില കാലങ്ങളിൽ ഏഴ് ആഴ്ചയ്ക്കു പകരം 8 എന്നീ ക്രമത്തിൽ ചേർത്തിരിക്കുന്നു.

സഭാവൽസരം ഓരോ വർഷവും ക്രമീകരിക്കുന്നത് ഈസ്റ്റർ പെരുന്നാളുമായി ബന്ധപ്പെടുത്തിയാണ്. സഭാവത്സരത്തിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാൾ ഉയിർപ്പുതിരുനാൾ (ഈസ്റ്റർ) ആണ്. വർഷംതോറും മാറി വരുന്ന ഈ തിരുനാൾ വസന്തകാലത്ത് സൂര്യൻ ഭൂമദ്ധ്യരേഖയിൽ വരുന്ന ദിവസത്തിനു (Vernal equinox) ശേഷമുള്ള പൂർണ്ണചന്ദ്രനെ ആശ്രയിച്ചാണിരിക്കുന്നത്. നിഖ്യാ സുനഹദോസിന്റെ തീരുമാനപ്രകാരം പെസഹാ ചന്ദ്രനുശേഷം വരുന്ന ഞായറാഴ്ചയാണ് ഉയിർപ്പുപെരുന്നാൾ. ആരാധനക്രമ വൽസരത്തിൽ ഏഴ് കാലങ്ങൾ താഴെപ്പറയുന്നവയാണ്.

1. സൂബോറോ (അറിയിപ്പുകാലം)
2. യൽദാ ദനഹാ കാലം
3. വലിയനോമ്പുകാലം
4. ക്യാംതാകാലം
5. പെന്തികൊസ്തികാലം
6. തേജസ്കരണകാലം
7. സ്ലീബാകാലം

സഭാവത്സരം ആരംഭിക്കുന്നത് സാധാരണയായി ഒക്ടോബർ 30 ഞായർ ആയി വരുകയാണെങ്കിൽ ആ ഞായർ മുതൽ അല്ലെങ്കിൽ നവംബർ മാസത്തിലെ ആദ്യ ഞായറാഴ്ച മുതൽ പുതിയ സഭാവത്സരം ആരംഭിക്കുന്നു.

**1. സൂബോറോ (അറിയിപ്പുകാലം)**

മലങ്കര സുറിയാനി സഭയുടെ ആരാധനക്രമവത്സരം ആരംഭിക്കുന്നത് “കൂദോശ് ഈത്തോ” ഞായറാഴ്ചയാണ്. സഭയെ സ്ഥാപിച്ച് വിശുദ്ധീകരിക്കുന്ന കാര്യമാണ് ഇവിടെ അനുസ്മരിക്കുന്നത്. ഈ ഞായറാഴ്ചയോടുകൂടി സൂബോറോകാലം (വചനിപ്പുകാലം) തുടങ്ങുന്നു. നേരത്തെ സൂചിപ്പിച്ചത് അനുസരിച്ച് കൂദോശ് ഈത്തോ ഞായർ ഒക്ടോബർ 30-ന് വരുകയാണെങ്കിൽ ഈ കാലത്തും 8 ആഴ്ചകളും നവംബർ മാസത്തിലെ ആദ്യ ഞായറാഴ്ച കൂദോശ് ഈത്തോ ഞായർ ആയി വന്നാൽ 7 ആഴ്ചകളും ഉണ്ടായിരിക്കും. സൂബോറോ അഥവാ വചനിപ്പുകാലത്തെ പ്രധാന പ്രമേയങ്ങൾ താഴെപ്പറയുന്നവയാണ്.

ഒന്നാം ഞായർ കൂദോശ് ഈത്തോ അഥവാ സഭയുടെ വിശുദ്ധീകരണം.

*(തുടർച്ച 2-ാം പേജിൽ)*

www.malankaralibrary.com



*(സുവിശേഷസംഘം 1-ാം പേജിൽ നിന്നും തുടർച്ച)*

ത്തോടെ ഒരു പ്രസ്ഥാനമായി അതിനെ പൊതുസമൂഹത്തിലും യുവലോകത്തിന്റെ മുമ്പിലും അവതരിപ്പിച്ചു. ഈ മിഥ്യാസാങ്കൽപിക ലോകത്തേക്ക് അനേകം ചെറുപ്പക്കാരെ ആകർഷിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. തൽഫലമായി അധാർമ്മിക കാര്യങ്ങളിലേക്ക് അനേകരെ വലിച്ചിഴക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി. വലിയ പ്രസിദ്ധി നേടി. സാത്താൻ സേവയും ബ്ലാക്ക് മാസ്സും ഒക്കെ ഇതിന്റെ ഭാഗമായിരുന്നു! കഴിഞ്ഞ ഡിസംബറിൽ എല്ലാം തകിടം മറിഞ്ഞു. തന്റെ സ്നേഹിതന് ദാരുണമായ ഒരു അപകടം സംഭവിച്ചു. തന്റെ തന്ത്രങ്ങളും മന്ത്രങ്ങളും ഒക്കെ പയറ്റിയെങ്കിലും ഉറ്റസുഹൃത്തിനെ രക്ഷിക്കുന്നതിൽ തന്റെ അമാനുഷിക സിദ്ധികൾ പരാജയപ്പെട്ടു. അത് സ്റ്റീവൻ ബങ്കിന്റെ കണ്ണുതുറപ്പിച്ചു. തന്റെ സഞ്ചാരപഥം അബദ്ധമാണെന്ന തിരിച്ചറിവുണ്ടായി. അയാൾക്ക് വിറളി പിടിച്ചു. അലറിവിളിച്ചുകൊണ്ട് കുഞ്ഞുനാളിൽ അമ്മ പഠിപ്പിച്ച സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ഏറെക്കാലത്തിനുശേഷം ആർത്തിയോടെ ചൊല്ലി. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചു. യേശുവിന്റെ രക്ഷയിലേക്ക്, മുങ്ങിത്താഴുന്ന പത്രോസിനെപ്പോലെ കൈ നീട്ടി. രക്ഷയ്ക്കായി കേണപേക്ഷിച്ചു. തൽക്ഷണം തന്നെ തലോടി എത്തിയ സമാധാനവും സാന്ത്വനവും അനുഭവിക്കുവാൻ കഴിഞ്ഞു. സാത്താനും സേവകരുമായി ചെയ്ത ഉടമ്പടി ഉപേക്ഷിച്ചു. രക്ഷയുടെ പ്രത്യാശ അദ്ദേഹത്തെ മാടി വിളിച്ചു. സുവിശേഷത്തിന്റെ സന്തോഷം മന്ദമാരുതനെപ്പോലെ തേടിയെത്തി; അത് അവനെ പരിരംഭണം ചെയ്തു. ദൈവപിതാവിന്റെ ആശ്ലേഷത്തിൽ, ധൂർത്തപുത്രനെപ്പോലെ അഭയം തേടി. അദ്ദേഹം ഉറക്കെപ്പറഞ്ഞു ഞാൻ സ്വതന്ത്രനാക്കപ്പെട്ടിരിക്കുന്നു; ഞാൻ ഇനി അന്ധകാരത്തിനടിമയല്ല; ക്രിസ്തുവിന്റെ പ്രകാശം എനിക്കു ലഭിച്ചിരിക്കുന്നു, രക്ഷയുടെ ആനന്ദം എന്റെ സ്വന്തമായിരിക്കുന്നു. ഞാൻ പരിശുദ്ധാത്മാവിൽ ഒരു പുതിയസൃഷ്ടിയായി രൂപാന്തരപ്പെട്ടിരിക്കുന്നു.

പ്രിയ വായനക്കാരാ, രക്ഷകന്റെ ജനനം നമ്മെ സകല അടിമത്തത്തിൽ നിന്നും സ്വതന്ത്രമാക്കുവാനായിരുന്നു. തന്റെ തുടർച്ചയായ സഭയുടെ പ്രവർത്തനങ്ങളും അങ്ങനെതന്നെ. ആ സ്വാതന്ത്ര്യം നമ്മുടെ ജന്മാവകാശമാണ്- വീണ്ടും ജനനത്തിലൂടെ നേടിയ ജന്മാവകാശം. അതൊരു തിരിച്ചറിവാണ്. ജ്ഞാനസ്നാനം എന്ന പദം സൂചിപ്പിക്കുന്നത് ഈ തിരിച്ചറിവിനെയത്രെ.

നമ്മുടെ സഭയിൽ കഴിഞ്ഞ 5 വർഷമായി ഏറെ അനുഗ്രഹകരമായി മുന്നേറുന്ന ഒരു ശുശ്രൂഷയാണ് നവസുവിശേഷീകരണവും സുവിശേഷസംഘശുശ്രൂഷയും. സുവിശേഷത്തിന്റെ ശക്തിയും ജയവും തിരിച്ചറിയുവാൻ അപ്പസ്തോലനായ പൗലോസ് ആഹ്വാനം ചെയ്യുന്നു. സുവിശേഷത്തിന്റെ ചൈതന്യത്തിലും ശക്തിയിലും ഒരുവൻ ജീവിതം ചിട്ടപ്പെടുത്തുവാൻ തുടങ്ങുമ്പോൾ, അവനിൽ വരുന്ന അലംഘനീയമായ മാറ്റം വലുതാണ്. അത് അവന് ആനന്ദവും അനുഗ്രഹവും പകരും. അത് അവനെ അടിമുടി വ്യത്യാസപ്പെടുത്തും. അവന്റെ കുടുംബത്തിൽ അത് അനുഭവവേദ്യമാകും. അത് അവന്റെ പ്രവർത്തന രംഗങ്ങളിൽ വ്യാപരിക്കും. ഞങ്ങൾ ക്രിസ്തുവിന്റെ പരിമളമാകുന്നു (2 കോറി. 2:15) എന്ന തിരുവചനത്തിന്റെ അർത്ഥം അവനെ ഭരിക്കും; അത് ചുറ്റുമുള്ളവർക്ക് തിരിച്ചറിയാൻ കഴിയും; ഇടവകയ്ക്കും സഭയ്ക്കും അത് അനുഗ്രഹമാകും. ഒരു ഇടവകയിൽ, സുവിശേഷത്തിന്റെ സന്തോഷം വ്യക്തിപരമായി തിരിച്ചറിയാൻ കഴിഞ്ഞ 10 പേരുണ്ടെങ്കിൽ ആ ഇടവകയുടെ ജീവിതശൈലി തന്നെ മാറും. അത് നാടിനും അനുഗ്രഹമായി ഭവിക്കും. പരിശുദ്ധപിതാവ് പറഞ്ഞത് ഒരിക്കൽ കൂടി ഓർക്കുക: യേശുവിനെ സ്വജീവിതത്തിൽ ആകർഷകമായി അവതരിപ്പിക്കുന്നതുവഴിയാണ് കത്തോലിക്കാസഭ വളരുന്നത്. ഇന്ന് എല്ലാവരും എല്ലാപ്രസ്ഥാനങ്ങളും മറ്റുള്ളവരെ നന്നാക്കാനുള്ള തത്രപ്പാടിലാണ്; അത് മരീചികയായി മാറുകയും ചെയ്യുന്നു. മാറ്റം ആഗ്രഹിക്കുന്നവന്റെ മനസ്സിലാണ്, മനോഭാവത്തിലാണ് മാറ്റമുണ്ടാകേണ്ടതെന്ന വചനം നമുക്ക് മറക്കാതിരിക്കാം.

നമ്മുടെ ഇടവകകൾ ആത്മീക ഭൂമികകളും തുരുത്തുകളുമാകണം. അവ ദൈവകൃപ ഒഴുകുന്ന നീർച്ചാലുകളായി മാറണം. നീർച്ചാലിൽ ഒഴുകി എത്തുന്ന സ്വഛജലം കുടിക്കുവാൻ ദാഹാർത്തരായി ഓടിയെത്തുന്ന മാൻപേടയെപ്പോലെ ജീവിക്കുന്ന ദൈവത്തിനായി ദാഹിച്ചുകൊണ്ടാകണം (സങ്കീ. 42:1-2).

ഇന്നു നമ്മുടെ ഇടവകകൾ അങ്ങനെ തന്നെയാണോ? അതോ ഭൗതിക കൂട്ടായ്മകളുടെയും സാമൂഹ്യസമ്പർക്കങ്ങളുടെയും തുരുത്തുകളും സംഗമവേദികളുമായി മാറിപ്പോയോ? ചില പൊതുതാത്പര്യങ്ങൾ സംരക്ഷിക്കുവാനും നടത്തി എടുക്കുവാനുമുള്ള സംഘടിതമായ കൂട്ടായ്മകളും സംഘടനാപ്രവർത്തനവേദികളും മാത്രമായി വഴിമാറ്റം സംഭവിച്ചിട്ടുണ്ടോ? കർത്താവായ യേശുവിന്റെ കാലത്തെ ദേവാലയം പ്രായേണ

*(തുടർച്ച 11-ാം പേജിൽ)*

*(ആരാധനക്രമവത്സരം 1-ാം പേജിൽ നിന്നും തുടർച്ച)*

രണ്ടാം ഞായർ ''ഹൂദോസ് ഈത്തോ" അഥവാ സഭയുടെ നവീകരണം, തുടർന്ന് യഥാക്രമം ഓരോ ഞായറാഴ്ചയും അനുസ്മരിക്കുന്നത് സ്കറിയായോടുള്ള അറിയിപ്പ്, പരി. ദൈവമാതാവിനോടുള്ള അറിയിപ്പ്, പരി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു, സ്നാപകയോഹന്നാന്റെ ജനനം, യൗസേപ്പിന് ഉണ്ടായ ദർശനം, യൽദാപ്പെരുന്നാളിനു മുമ്പുള്ള ഞായർ എന്നിവയാണ്.

ഈ ഞായറാഴ്ചകളിൽ സഭ അനുസ്മരിക്കുന്നതും ആചരിക്കുന്നതുമായ കാര്യങ്ങൾ രണ്ടാണ്. ഒന്ന്, സഭാസ്ഥാപനം അതിന്റെ വിശുദ്ധീകരണം. രണ്ട്, സഭയെ സ്ഥാപിച്ച് മനുഷ്യരക്ഷ സാദ്ധ്യമാക്കാനായി മനുഷ്യനായി അവതരിച്ച വചനമായ യേശുക്രിസ്തുവിന്റെ ജനനവും അതിനോട് അനുബന്ധിച്ചുള്ള സംഭവങ്ങളും. ഈ കാലഘട്ടത്തിൽ ഒരു വിശ്വാസിയുടെ ജീവിതത്തെ സഭാവൽസരവുമായി ബന്ധപ്പെടുത്തി ചിന്തിക്കേണ്ടതാണ്. ഓരോ വിശ്വാസിയുടെയും ജീവിതനവീകരണമാണ് അത് ലക്ഷ്യം വയ്ക്കുന്നത്. അതായത് ഓരോ വർഷവും സഭ ഇതൊക്കെ ക്രമീകരിച്ചിരിക്കുന്നത് ലോക വ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സഭാമക്കൾ തങ്ങളുടെ ജീവിതത്തെ പുനഃപരിശോധിക്കുവാനും യേശുക്രിസ്തുവിനായി അവന്റെ ആഗമനത്തിനു ചേർന്ന വിധം നവീകരിയ്ക്കാനുമുള്ള അവസരമായിട്ടാണ്. അത് പ്രധാനമായും ജനനപ്പെരുന്നാളിനോട് ചേർന്നുള്ള നോമ്പുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ആദിമസഭയിൽ ജനനപ്പെരുന്നാളിന് ഒരുക്കമായുള്ള നോമ്പ് വലിയ നോമ്പുകളിലെ 40 ദിവസം പോലെ ആയിരുന്നു. അത് പിന്നീട് 25 ദിവസമായി പരിമിതപ്പെടുത്തിയതാണ്.

**2. യൽദാ ദനഹാക്കാലം**

യൽദാ അഥവാ ക്രിസ്തുമസ് മുതലുള്ള കാലമാണിത്. ഈ കാലഘട്ടത്തിൽ കർത്താവിന്റെ ജീവിതത്തിലെ മൂന്ന് പ്രധാന സംഭവങ്ങൾ പെരുന്നാളായി ആചരിക്കുന്നു. ഒന്ന് യൽദാ പെരുന്നാൾ, രണ്ട് ദനഹാ പെരുന്നാൾ, മൂന്ന് മായൽത്തോ പെരുന്നാൾ അഥവാ കർത്താവിന്റെ ദേവാലയപ്രവേശനം. അതായത് കർത്താവിന്റെ പരസ്യജീവിതത്തിലെ ആദ്യ കാലഘട്ടം അനുസ്മരിക്കുന്നു. ഈ കാലഘട്ടത്തിലെ മറ്റൊരു പ്രധാനപ്പെട്ട അനുസ്മരണം നിനുവേ നോമ്പ് എന്നറിയപ്പെടുന്ന മൂന്നുനോമ്പ് ആചരണമാണ്. ഒരു ജനസമൂഹം പ്രവാചകന്റെ വചനം കേട്ട് മാനസാന്തരത്തിലേയ്ക്കു വന്നതിന്റെ അനുസ്മരണമാണ് മൂന്ന് നോമ്പ്. ഈ കാലത്ത് അത് ക്രമീകരിച്ചിരിക്കുന്നതിനു കാരണം കർത്താവിന്റെ പരസ്യജീവിതത്തിന്റെ ആഹ്വാനം മാനസാന്തരം ആയതിനാലാണ്. അതുപോലെതന്നെ സ്നാപകയോഹന്നാന്റെ മാമ്മോദീസായും അനുതാപത്തിന്റെ അഥവാ മനം തിരിയലിന്റെ ജ്ഞാനസ്നാന പ്രസംഗം ആയിരുന്നു. ഈ കാലം അവസാനിക്കുന്നത് പരേതരായ ആചാര്യന്മാരെയും വിശ്വാസികളെയും അനുസ്മരിച്ചുകൊണ്ടുള്ള കൊഹനെ ഞായർ, ആനിദെ ഞായർ എന്നീ രണ്ട് ഞായറാഴ്ചകളോട് കൂടിയാണ്. ഇവ രണ്ടും കൂടി അനുസ്മരിക്കുന്നത് വിശ്വാസജീവിതത്തിൽ നമ്മുടെ ഗുരുക്കന്മാരും വിശ്വാസജീവിത മാതൃക നൽകിയ വിശ്വാസികളായ പരേതരും നമുക്ക് വിശ്വാസജീവിതത്തിൽ മുന്നേറുവാൻ ബലം തരുന്നു.

**3. വലിയനോമ്പുകാലം**

കർത്താവിന്റെ മരുഭൂമിയിലെ നാൽപതു ദിവസത്തെ ഉപവാസത്തെ അനുസ്മരിച്ചുകൊണ്ട് വിശ്വാസികൾക്ക് നോമ്പിനും ഉപവാസത്തിനുമായി നീക്കിവെച്ചിരിക്കുന്നകാലമാണിത്. "കൊത്തിനെ

*(തുടർച്ച 14-ാം പേജിൽ)*

***റീഹോ ദ് ഏവൻഗേലിയോൻ എന്ന ഈ പ്രസിദ്ധീകരണത്തിന് വാർഷികവരിസംഖ്യയോ നിർബന്ധപിരിവോ ഇല്ല. സുമനസ്സുകളുടെ പ്രാർത്ഥനയും സഹായസഹകരണവും പ്രതീക്ഷിക്കുന്നു.***

**Contact : Fr. Antony Kakkanatt**
**9447562877**

***സഹായം അയയ്ക്കേണ്ട വിലാസം***
**Malankara Suriani Katholika**
**Suvisesha Sangam**
**Catholic Syrian Bank (CSB),**
**Pattom Branch, Trivandrum**
**A/C No. 0298-03529792-190001**
**IFSC: CSBK0000298**

## ഓരോ രൂപതയിലും 2016 സെപ്റ്റംബർ 30 വരെ സുവിശേഷസംഘം ധ്യാനം നടത്തിയ ഇടവകകളുടെയും സന്ദർശനം നടത്തിയ ഭവനങ്ങളുടെയും എണ്ണം ചുവടെ ചേർക്കുന്നു

| രൂപത | ഇടവകകൾ | ഭവനങ്ങൾ |
|---|---|---|
| 1. തിരുവനന്തപുരം | 173 | 13971 |
| 2. തിരുവല്ല | 46 | 2235 |
| 3. ബത്തേരി | 44 | 2722 |
| 4. പത്തനംതിട്ട | 37 | 2505 |
| 5. ഖഡ്കി - പൂന | 24 | 1269 |
| 6. മാർത്താണ്ഡം | 21 | 2565 |
| 7. മാവേലിക്കര | 16 | 1085 |
| 8. മൂവാറ്റുപുഴ | 14 | 973 |
| 9. പുത്തൂർ | 9 | 365 |
| 10.ഗുഡ്ഗാവ് - ഡൽഹി | 8 | 589 |
| ആകെ | 392 | 28279 |

## സഭാതല റ്റീമിന്റെ 2016 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പ്രോഗ്രാമുകൾ

| തീയതി | ഗ്രൂപ്പ് | സ്ഥലം |
|---|---|---|
| 2016 ഒക്ടോ. 1, 2 | രൂപതാസംഘം രണ്ടാം ബാച്ച് | തിരുവല്ല |
| 2016 ഒക്ടോ. 6,7,8 | സഭാതലം നാലാം ബാച്ച് | കാതോലിക്കേറ്റ് സെന്റർ |
| 2016 ഒക്ടോ. 10,11 | സുവിശേഷപ്രഘോഷകരുടെ പരിശീലനം | കാതോലിക്കേറ്റ് സെന്റർ |
| 2016 ഒക്ടോ. 12 | ഡി.എം. സിസ്റ്റേഴ്സ് | വെണ്ണിയൂർ |
| 2016 ഒക്ടോ. 15,16 | രൂപതാസംഘം രണ്ടാം ബാച്ച് | മൂവാറ്റുപുഴ |
| 2016 ഒക്ടോ. 20,21,22,23 | രൂപതാസംഘം രണ്ടാം ബാച്ച് | പുത്തൂർ |
| 2016 ഒക്ടോ. 28,29 | രൂപതാസംഘം മൂന്നാം ബാച്ച് | തിരുവനന്തപുരം |
| 2016 ഒക്ടോ, 29-നവം 4 | റീജനൽസംഘം, ഭവനസന്ദർശനം | ഡൽഹി |
| 2016 നവംബർ 4,5 | റീജനൽസംഘം | ചെന്നൈ |
| 2016 നവംബർ 11,12 | സഭാതലം ഒന്നും രണ്ടും ബാച്ച് | കാതോലിക്കേറ്റ് സെന്റർ |
| 2016 നവംബർ 15,16 | ഡി.എം. സിസ്റ്റേഴ്സ് | ജനറലേറ്റ്, കുടപ്പനക്കുന്ന് |
| 2016 നവംബർ 19-22 | റീജനൽസംഘം | ബാഗ്ളൂർ, പൂനാ |
| 2016 നവംബർ 26,27 | സഭാതലം മൂന്നാ ബാച്ച് | കാതോലിക്കേറ്റ് സെന്റർ |
| 2016 ഡിസംബർ 3,4 | രൂപതാസംഘം രണ്ടാം ബാച്ച് | തിരുവനന്തപുരം |
| 2016 ഡിസംബർ 9,10 | ബഥനി സിസ്റ്റേഴ്സ് | ജനറലേറ്റ്, കോട്ടയം |
| 2016 ഡിസംബർ 12 | ഡി.എം. സിസ്റ്റേഴ്സ് | പൊങ്ങുംമ്മൂട് |
| 2016 ഡിസംബർ 17,18 | രൂപതാസംഘം രണ്ടാം ബാച്ച് | മാവേലിക്കര |
| 2016 ഡിസംബർ 28,29 | രൂപതാസംഘം രണ്ടാം ബാച്ച് | പത്തനംതിട്ട |
| 2016 ഡിസംബർ 29 | കുട്ടികളുടെ സുവിശേഷസംഘം | കാതോലിക്കേറ്റ് സെന്റർ |
| 2016 ഡിസംബർ 30,31 | രൂപതാസംഘം രണ്ടാം ബാച്ച് | തിരുവല്ല |

www.malankaralibrary.com





# സുവിശേഷസംഘവും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആദ്ധ്യാത്മികതയും

**ഫാ. ആന്റണി കാക്കനാട്ട്**
സുവിശേഷസംഘ എക്സിക്യൂട്ടീവ് സെക്രട്ടറി

വിശുദ്ധ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവരുടെ കൂട്ടായ്മയാണ് സുവിശേഷസംഘമെന്നും സുവിശേഷമനുസരിച്ചുള്ള ഒരു ജീവിതമാണ് വിശുദ്ധജീവിതമെന്നും സ്വയം വിശുദ്ധീകരിച്ച് സഭയെ മുഴുവൻ നവീകരിക്കുവാനുള്ള ഒരു നവീകരണ ശുശ്രൂഷയാണ് സുവിശേഷ സംഘമെന്നും നാം നേരത്തെ മനസിലാക്കി. വിശുദ്ധ പൗലോസ് ശ്ലീഹാ ക്രിസ്തീയ ജീവിതത്തെ ഒരു ഓട്ടമായി ചിത്രീകരിച്ചിരിക്കുന്നു (ഹെബ്രാ. 12:1-13). നമുക്ക് ഒരു ഓട്ടമുണ്ട് കാരണം നമുക്ക് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യം യേശു തന്നെയാണ് എന്ന് വി. പൗലോസ് പറയുന്നു. "വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണതയിലെത്തിക്കുന്നവനുമായ യേശുവിന്റെ മുമ്പിൽ കണ്ണുകൊണ്ടു വേണം നാം ഓടാൻ" (ഹെബ്രാ. 12:2). ചുരുക്കത്തിൽ ക്രിസ്തീയജീവിതം ഒരു ഓട്ടമാണെന്നും അതിന്റെ ലക്ഷ്യം യേശുവാണെന്നും യേശുവല്ലാതെ മറ്റൊരു ലക്ഷ്യവും ഉണ്ടാകാൻ പാടില്ലായെന്നും വി. പൗലോസ് പഠിപ്പിക്കുന്നു. യേശുവിനെ ലക്ഷ്യം വച്ച് ഓടുക എന്നു പറയുമ്പോൾ യേശുവിന്റെ സ്വരൂപത്തെ, സ്വഭാവത്തെ, വിശുദ്ധിയെ ലക്ഷ്യം വച്ച് ഓടുക എന്നർത്ഥം. "തന്റെ ഏകജാതന്റെ സ്വരൂപത്തോട് അനുരൂപരാകാൻ അവൻ നമ്മേ മുൻകൂട്ടി നിശ്ചയിച്ചു അഥവാ സൃഷ്ടിച്ചു എന്ന് വി. പൗലോസ് പറയുന്നു. (റോമ 8:29). അതിനാൽ യേശുവിന്റെ വിശുദ്ധിയെ ലക്ഷ്യം വച്ച് അവന്റെ വിശുദ്ധി പ്രാപിക്കാനാണ് ഞാൻ ഓടുന്നത്. എനിക്ക് യേശുവിലേക്കുള്ള ദൂരം അവന്റെ വിശുദ്ധിയിലേക്കുള്ള ദൂരമാണ്. ആ ദൂരം ലക്ഷ്യം വച്ച് ഞാൻ എന്റെ ഓട്ടം ഓടി തീർക്കണം. മലങ്കരക്കാരൻ ഈ ഓട്ടം എങ്ങനെയാണ് ഓടേണ്ടത്. അവൻ ഏത് ട്രാക്കിലൂടെയാണ് ഓടേണ്ടത്. സ്റ്റേഡിയത്തിൽ ഓടാൻ വിവിധ ട്രാക്കുകൾ ഉണ്ട്. ഓരോരുത്തർക്കും ഓടാൻ ഓരോ ട്രാക്കുണ്ട്. ആർക്കും ട്രാക്ക് മാറി ഓടാൻ അവകാശമില്ല. കത്തോലിക്കാസഭയിൽ 24 വിവിധ സഭകളുണ്ട്. 24 റീത്തുകാർക്കും ഓടാൻ 24 ട്രാക്കുണ്ട്. ആ ട്രാക്കിലൂടെ വേണം അവർ ഓടാൻ. മലങ്കരക്കാരൻ അവന്റെ ട്രാക്കിലൂടെ ഓടി വേണം യേശുവിലേക്കെത്താൻ. അങ്ങനെയെങ്കിൽ മലങ്കരക്കാരൻ യേശുവിന്റെ വിശുദ്ധിയിലേക്ക് ഓടി എത്തേണ്ട വഴി ഏതാണ് അഥവാ ട്രാക്ക് ഏതാണ്?



ജൂലൈ 15 ന് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന വിശുദ്ധ കുർബാന മദ്ധ്യേ സുവിശേഷസംഘാംഗങ്ങൾക്ക് വിശുദ്ധ ബൈബിൾ നൽകുന്നു

**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികത**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികത കൃത്യതയോടും നിഷ്ഠയോടുംകൂടെ ജീവിച്ചുകൊണ്ടുവേണം മലങ്കര സഭയിലെ ഓരോ വ്യക്തിയും യേശുവിന്റെ വിശുദ്ധിയിലേക്ക് ഓടി എത്തേണ്ടത്. മലങ്കര സുറിയാനികത്തോലിക്കാ ആദ്ധ്യാത്മികത എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുക?

നമ്മുടെ സഭ ഒരു പൗരസ്ത്യസഭയായതിനാൽ അതിന്റെ ആദ്ധ്യാത്മികത അടിസ്ഥാനപരമായി നമ്മുടെ സഭയുടെ ആരാധനാക്രമവുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ സഭയുടെ ആദ്ധ്യാത്മികത മൂന്നു തലത്തിൽ മനസിലാക്കാം. (1) ആരാധനാക്രമത്തിലധിഷ്ഠിതമായ ആദ്ധ്യാത്മികത (2) വി. ലിഖിതത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികത (3) ശുശ്രൂഷയിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികത

**1. ആരാധനാക്രമത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികത**

ആരാധനാക്രമത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികതയെ മൂന്നു തലത്തിലാണ് മനസ്സിലാക്കുക. (1) യാമ പ്രാർത്ഥന (2) കൂദാശകൾ (3) നോമ്പ്, വർജന, ഉപവാസം

**(1) യാമപ്രാർത്ഥന**

യഹൂദ പാരമ്പര്യമനുസരിച്ച് ഒരു ദിവസത്തെ 8 യാമങ്ങളായി തിരിച്ചിരിക്കുന്നു. മൂന്നു മണിക്കൂർ വീതമാണ് ഒരു യാമം. ഏഴര നാഴികയാണ് മൂന്നു മണിക്കൂർ അഥവാ ഒരു യാമം എന്നു പറയുന്നത്. യഹൂദ പാരമ്പര്യമനുസരിച്ച് ദിവസം ആരംഭിക്കുന്നത് വൈകിട്ട് 6 മണിയോടുകൂടിയാണ്. അതുകൊണ്ടാണ് സന്ധ്യയായി പ്രഭാതമായി ഒന്നാം ദിവസം എന്നു ഉൽപത്തിയുടെ ആരംഭത്തിൽ പറഞ്ഞിരിക്കുന്നത്. ഈ കാരണത്താലാണ് ശനിയാഴ്ച വൈകിട്ട് ഞായറാഴ്ചയുടെ സന്ധ്യാപ്രാർത്ഥന ചൊല്ലി ഞായറാഴ്ച ആരംഭിക്കുന്നത്. എട്ട് യാമങ്ങളെ ഇപ്രകാരം തിരിക്കാം. (1) സന്ധ്യയ്ക്ക് 6 മണി- സന്ധ്യാപ്രാർത്ഥന, (2) രാത്രി 9 മണി- സൂത്താറ പ്രാർത്ഥന, (3) രാത്രി 12 മണി- ഉറങ്ങാനുള്ള സമയം, (4) രാത്രി 3 മണി - രാത്രി പ്രാർത്ഥന, (5) പ്രഭാതം 6 മണി - പ്രഭാത പ്രാർത്ഥന, (6) രാവിലെ 9 മണി - മൂന്നാം മണി പ്രാർത്ഥന, (7) 12 മണി - ആറാം മണി (ഉച്ച പ്രാർത്ഥന), (8) ഉച്ചകഴിഞ്ഞ് 3 മണി. 9-ാം മണിയുടെ പ്രാർത്ഥന. ഇപ്രകാരമുള്ള 8 യാമങ്ങളിൽ രാത്രി 12 മണി ഉറങ്ങാനുള്ള സമയമാണ്. ബാക്കിയുള്ള 7 യാമങ്ങളിൽ ഒരു യഹൂദൻ പ്രാർത്ഥിക്കാൻ കടപ്പെട്ടിരിക്കുന്നു. വി. പത്രോസും വി. പൗലോസും യാമ പ്രാർത്ഥനയ്ക്കായി ജറുസലേം ദേവവാലയത്തിൽ പോകുന്നതായി അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നു. യഹൂദ പാരമ്പര്യമനുസരിച്ച് അന്ത്യോക്യൻ പാരമ്പര്യത്തിലും ഏഴ് യാമങ്ങളായി പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു. ഈ ഏഴ് യാമങ്ങളെ സൗകര്യത്തിനായി മൂന്നു സമയങ്ങളിൽ ക്രമീകരിച്ചിരിക്കുന്നു. രാത്രി, പ്രഭാതം, മൂന്നാം മണി എന്നിവ ഉൾപ്പെടുത്തി പ്രഭാതപ്രാർത്ഥനയും 6 ാം മണി, 9 ാം മണി എന്നീ പ്രാർത്ഥനകൾ ചേർത്തു ഉച്ചപ്രാർത്ഥനയും സന്ധ്യാ സുത്താറാ എന്നീ പ്രാർത്ഥനകൾ ഉൾകൊള്ളിച്ച് സന്ധ്യാ പ്രാർത്ഥനയും ക്രമീകരിച്ചിരിക്കുന്നു. ഒരു മലങ്കരക്കാരൻ മൂന്നു യാമങ്ങളിൽ സന്ധ്യയ്ക്കും പ്രഭാതത്തിലും ഉച്ചയ്ക്കും പ്രാർത്ഥിക്കാൻ കടപ്പെട്ടിരിക്കുന്നു.

**യാമ പ്രാർത്ഥനയുടെ ക്രമീകരണം**

ഏഴ് യാമങ്ങളെ യേശുവിന്റെ പെസഹാ സംഭവങ്ങളുമായി പ്രത്യേകം ബന്ധപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ പെസഹാ സംഭവത്തിനോടൊത്ത് ഒരു ദിവസം മുഴുവൻ ജീവിക്കുന്നതിനാണ് ഇപ്രകാരം ക്രമപ്പെടുത്തിയിരിക്കുന്നത്. യേശു മർക്കോസിന്റെ മാളികയിൽ പ്രാർത്ഥിക്കുകയും കുർബാന സ്ഥാപിക്കുകയും ചെയ്ത പെസഹാ സംഭവം സന്ധ്യാപ്രാർത്ഥനയിൽ ഓർക്കുന്നു. യേശു ഗത്സമനിയിൽ പ്രാർത്ഥിച്ചത് സൂത്താറാ പ്രാർത്ഥനയിലും, പ്രധാന പുരോഹിതന്മാരുടെ മുമ്പിൽ യേശുവിനെ ചോദ്യചെയ്തത് രാത്രിപ്രാർത്ഥനയിലും, പൊന്തിയോസ് പീലാത്തോസ് യേശുവിനെ വിസ്തരിക്കുന്നത് പ്രഭാതപ്രാർത്ഥനയിലും, യേശു കുരിശുവഹിച്ചുകൊണ്ട് ഗോഗുൽത്താ മലയിലേക്ക് പോകുന്നത് മൂന്നാം മണിയുടെ പ്രാർത്ഥനയിലും, യേശുവിനെ കുരിശിൽ തറയ്ക്കുന്ന സംഭവം ആറാം മണിയുടെ ഉച്ച പ്രാർത്ഥനയിലും യേശു കുരിശിൽ ജീവൻ വെടിയുന്നത് ഒൻപതാം മണിയുടെ പ്രാർത്ഥനയിലും അനുസ്മരിക്കുന്നു. അതുപോലെ തന്നെ ആഴ്ചയിലെ ഏഴുദിവസങ്ങൾക്കും പ്രത്യേക പ്രാധാന്യം നല്കിയിരിക്കുന്നു. ഞായറാഴ്ച കർത്താവിന്റ ഉയിർപ്പിന്റെ അനുസ്മരണവും തിങ്കൾ ചൊവ്വാ ദിവസങ്ങൾ അനുതാപത്തിന്റെ ദിവസങ്ങളായും ബുധനാഴ്ച മാതാവിന്റ ദിവസമായും വ്യാഴാഴ്ച അപ്പസ്തോലന്മാരുടെയും, രക്തസാക്ഷികളുടെയും ദിവസമായും വെള്ളിയാഴ്ച കർത്താവിന്റെ പീഡാനുഭവത്തിന്റെ സ്മരണയും ശനിയാഴ്ച ദിവസം പരേതരേയും ഓർമ്മിക്കുന്ന ദിവസമായും പ്രത്യേകം ക്രമീകരിച്ചിരിക്കുന്നു.

**എന്താണ് യാമപ്രാർത്ഥന**

പ്രപഞ്ചസൃഷ്ടിയിലാരംഭിച്ച് മനുഷ്യസൃഷ്ടിയിൽ മുന്നേറി പഴയനിയമത്തിലൂടെ തുടർന്ന് യേശുവിലൂടെ പൂർണ്ണമായ വെളിപാടിന്റെ ചരിത്രം അഥവാ രക്ഷയുടെ ചരിത്രം പൂർണമായി അനുസ്മരിക്കുന്നതും ആഘോഷിക്കുന്നതുമാണ് വിശുദ്ധ കുർബാനയെങ്കിൽ ഈ വെളിപാടിന്റെ ചരിത്രം ഭാഗികമായി അനുസ്മരിച്ച് ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയുമാണ് യാമ പ്രാർത്ഥനയിൽ ചെയ്യുന്നത്. വി. കുർബാനയുടെ ഉള്ളടക്കം, വെളിപാടിന്റെ ചരിത്രമാണെങ്കിൽ, യാമപ്രാർത്ഥനയുടെയും ഉള്ളടക്കം വെളിപാടിന്റെ ചരിത്രം തന്നെ. ഓരോ യാമങ്ങൾക്കും പ്രാർത്ഥനാഭാവങ്ങൾക്കും അനുസൃതമായി വെളിപാടിന്റെ ചരിത്രത്തിൽ നിന്നും സംഭവങ്ങൾ എടുത്ത് അനുസ്മരിച്ച് സ്തുതിപ്പിന്റെ, ആരാധനയുടെ, അനുതാപത്തിന്റെ, അപേക്ഷയുടെ വിവിധ ഭാവങ്ങൾ ഉൾചേർത്താണ് യാമപ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നത്. നിങ്ങൾ ഇടതടവില്ലാതെ പ്രാർത്ഥിക്കുവിൻ, നിരന്തരം പ്രാർത്ഥിക്കുവിൻ (1 തെസ്സ. 5:16) എന്ന് വിശുദ്ധ പൗലോസ് വിശ്വാസികളെ ഉത്ബോധിപ്പിക്കുന്നുണ്ട്. യാമപ്രാർത്ഥനകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് സമയത്തിന്റെ വിശുദ്ധീകരണമാണ്.



ചെന്നൈ സുവിശേഷസംഘാംഗങ്ങൾ പരിശീലനത്തിൽ

**യാമപ്രാർത്ഥന അനുദിനജീവിതത്തിൽ**

യാമപ്രാർത്ഥനയിലൂടെ ദിവസത്തിന്റെ എല്ലാ യാമങ്ങളെയും ദൈവസാനിധ്യം അനുസ്മരിച്ചുകൊണ്ട് വിശുദ്ധീകരിക്കുന്നു. മുന്തിരിയുടെ ശാഖ തായ്ത്തണ്ടിനോട് ചേർന്നിരിക്കുമ്പോൾ മാത്രമേ ആ ശാഖയിലേക്ക് ജീവരസം ഒഴുകി എത്തുകയുള്ളു. ഇതുപോലെ യേശു എന്ന വ്യക്തിയോട് ചേർന്നിരുന്ന് നമ്മിലേക്ക് ജീവരസം ഒഴുകി എത്താനുള്ള മാർഗമാണിത്. അതായത് പോസിറ്റീവ് എനർജി എന്നിൽ നിറയ്ക്കാ

www.malankaralibrary.com



നുള്ള മാർഗമാണിത് അല്ലെങ്കിൽ നെഗറ്റീവ് എനർജി എന്നിൽ നിറയും. പോസിറ്റീവ് എനർജി എന്നു പറയുന്നത് യേശുവിന്റേ കൃപയാണ്. നെഗറ്റീവ് എനർജി തിന്മയും പൈശാചികതയുമാണ്. യേശുവിനോട് ചേർന്നിരുന്ന് ദൈവകൃപ എന്നിൽ നിറയാനുള്ള മാർഗമാണ് യാമ പ്രാർത്ഥന. മൊബൈൽ കൂടെകൂടെ ചാർജ്ജ് ചെയ്യുന്നതുപോലെ ദൈവകൃപ എന്നിൽ നിറയുവാൻ യേശുവുമായി എന്നെ ചേർത്തു വയ്ക്കുകയാണ്. മൊബൈൽ ചാർജ്ജ് ചെയ്യുന്നതുപോലെ എല്ലാ ദിവസവും നമ്മുടെ ശരീരത്തിൽ ദൈവസാന്നിധ്യമാകുന്ന പോസിറ്റീവ് എനർജി ലഭിക്കാൻ യേശുവിനോട് ചേർന്നിരിക്കണം. അതിനാലാണ് ആറ് മണിക്കൂർ ഇടവിട്ട് ദിവസം മൂന്നു പ്രാവശ്യം പ്രാർത്ഥന നടത്തുന്നത്. മുന്തിരിയുടെ ശാഖ തായ്തണ്ടിനോട് മുഴുവൻ സമയവും ചേർന്നാണിരിക്കുന്നത്. അതായത് യേശുവിനോടുള്ള ബന്ധം 24 x 7 ബന്ധമാണ്. ഞായറാഴ്ച പള്ളിയിൽ പോകുമ്പോൾ ഒട്ടിച്ചുവയ്ക്കുകയും പള്ളിയിൽ നിന്നു പോരുമ്പോൾ മുറിച്ചുകളയുകയും ചെയ്യുന്ന പരിപാടിയല്ല ആദ്ധ്യാത്മികത. നിരന്തരം യേശുവുമായി ബന്ധപ്പെട്ട് ദൈവകൃപ നമ്മിലേക്ക് ഒഴുകിവരാനുള്ള മാർഗമാണ് യാമ പ്രാർത്ഥന. ദിവസവും മൂന്നുനേരം ശരീരത്തിന് ഭക്ഷണത്തിലൂടെ എനർജി നൽകുന്നതുപോലെ മൂന്നുനേരവും ആത്മാവിനു യാമപ്രാർത്ഥനയിലൂടെ ശക്തിനൽകണം. അതിനാൽ സുവിശേഷസംഘാംഗങ്ങൾ മൂന്നു നേരം യാമപ്രാർത്ഥന ചൊല്ലി ദൈവകൃപയാകുന്ന ശക്തി ഉള്ളിലേക്ക് സ്വീകരിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

**(2) കൂദാശകൾ : വിശുദ്ധ കുർബാന**

ഏഴ് കൂദാശകളിൽ വി. കുർബാനയും വി. കുമ്പസാരവുമാണല്ലോ വിശ്വാസികൾ തുടർച്ചയായി സ്വീകരിക്കുന്നത്. ക്രിസ്തീയ ആദ്ധ്യാത്മികതയുടെ കേന്ദ്രമാണ്, സ്രോതസാണ് വി. കുർബാന. യേശുക്രിസ്തുവുമായുള്ള വ്യക്തിബന്ധം അതിന്റെ പൂർണതയിൽ ആകുന്നത് വി. കുർബാനയിലാണ്. വചനമായ യേശു അപ്പത്തിന്റെ സാദൃശ്യത്തിൽ നാവിലൂടെയും ലിഖിത രൂപത്തിൽ ചെവിയിലൂടെയും നമ്മുടെ ഉള്ളിലേക്ക് വി. കുർബാനയുടെ മധ്യേ കടന്നുവരുന്നു. യേശുവെന്ന വ്യക്തിയുമായി പൂർണ്ണ സംസർഗത്തിലാകുന്ന നിമിഷമാണ് വി. കുർബാനയുടെ ആഘോഷം. അതിനാൽ വി. കുർബാനയിൽ ഒരുക്കത്തോടെ ആദ്യാവസാനം പൂർണ്ണമായി പങ്കെടുക്കുവാൻ സുവിശേഷസംഘാംഗങ്ങൾക്ക് ഉത്തരവാദിത്വം ഉണ്ട്. ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും കഴിയുമെങ്കിൽ ഇടദിവസങ്ങളിലും വി. കുർബാനയിൽ പങ്കെടുക്കേണ്ടതാണ്. യാമപ്രാർത്ഥനയിൽ ദൈവവുമായി ബന്ധപ്പെട്ട് ദൈവകൃപ നമ്മിലേക്ക് ഒഴുകിവരുമെങ്കിൽ വി. കുർബാനയിൽ ദൈവകൃപ അതിന്റെ പൂർണ്ണതയിൽ നമ്മിൽ വന്ന് നിറയും. അതിനാൽ യേശുവുമായും പരിശുദ്ധ ത്രിത്വവുമായും പൂർണ്ണ സംസർഗത്തിലെത്താൻ വി. കുർബാനപോലെ മറ്റൊന്നും സഭയുടെ ജീവിതത്തിലില്ല. വി. കുർബാനയുടെ പ്രാധാന്യം എത്രമാത്രമാണെന്ന് ഇത് സൂചിപ്പിക്കുന്നു.


ഒരു വിശ്വാസി അനുദിനജീവിതത്തിൽ എല്ലാറ്റിനും സമയം പാലിക്കും. ട്രെയിനിലോ ബസിലോ യാത്രപോകുമ്പോൾ കൃത്യസമയം പാലിക്കും. ഒരു ഇന്റർവ്യൂവിനു പോകുമ്പോൾ സമയം പാലിക്കും. എല്ലാദിവസവും ജോലിക്കുപോകുമ്പോൾ സമയം പാലിക്കും. ആശുപത്രയിൽ ഡോക്ടറെ കാണാൻ പോകുമ്പോൾ സമയം പാലിക്കും. എന്നാൽ വി. കുർബാനയ്ക്ക് മാത്രം സമയം പാലിക്കില്ല. അത്രയ്ക്ക് വില കെട്ടതായിതീർന്നു വി. കുർബാന, അത്രയ്ക്ക് പ്രധാന്യമില്ലാത്തതായിതീർന്നു വി. കുർബാന. എപ്പോഴെങ്കിലും, എങ്ങനെയെങ്കിലും കുർബാനയിൽ സംബന്ധിച്ചു എന്ന് വരുത്തിതീർക്കുന്ന ഒരു അനുഷ്ഠാനമായി വി. കുർബാന പല വിശ്വാസികളുടെയും ജീവിതത്തിൽ അധഃപതിച്ചു എന്നത് വേദനാജനകമാണ്. അതിനാൽ വി. കുർബാനയോടുള്ള ആഴപ്പെട്ട ഒരു ബോധ്യം ശക്തിപ്പെടേണ്ടിയിരിക്കുന്നു.



ജൂലൈ 14 ന് വൈകിട്ട് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന സുവിശേഷസംഘ കൈവയ്പ് ശുശ്രൂഷ

**വിശുദ്ധ കുമ്പസാരം**

ലോകത്തിൽ ജീവിക്കുന്ന വിശ്വാസി ദൈവത്തിൽ നിന്നും അകന്നുപോയി പാപത്തിൽ ജീവിക്കുമ്പോൾ തിരിച്ച് ദൈവസന്നിധിയിൽ വന്ന് അനുരഞ്ജനപ്പെട്ട് ദൈവവും മനുഷ്യനുമായുള്ള ബന്ധം പുനസ്ഥാപിക്കുന്ന അഭിഷേകമുള്ള കൂദാശയാണ് വി. കുമ്പസാരം. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ അനുരഞ്ജനത്തിന്റെ ഈ കൂദാശ എത്രമാത്രം ലാഘവത്തോടെയാണ് കൈകാര്യം ചെയ്യുന്നു എന്നത് വളരെ വേദനാജനകമാണ്. ഞായറാഴ്ച വി. കുർബാനയ്ക്ക് മുമ്പുള്ള നമസ്കാരത്തിന്റെ മുപ്പത് മിനിറ്റ് സമയമാണ് കുമ്പസാരത്തിനായി പലരും മാറ്റി വയ്ക്കുക. മൈക്കിലൂടെ വലിയ ഉച്ചത്തിൽ പാട്ടും പ്രാർത്ഥനയും നടക്കുന്നതിനിടയിൽ കുമ്പസാരിക്കുന്ന വ്യക്തിയും കുമ്പസാരിപ്പിക്കുന്ന വൈദികനും എന്തെങ്കിലും വ്യക്തമായി കേൾക്കുന്നുണ്ടോ എന്നറിയില്ല. 20 മിനിറ്റിനുള്ളിൽ 30 പേർ കുമ്പസാരിക്കാൻ കാണും. പലപ്പോഴും തിരക്കിട്ട് ഈ ശുശ്രൂഷ നിർവഹിക്കേണ്ടി വരുന്നു എന്നത് ദുഃഖകരമാണ്. വി. കുമ്പാസാരത്തെക്കുറിച്ച് വിശ്വാസികൾക്ക് വ്യക്തമായ ബോധ്യമില്ലാത്തതുകൊണ്ട് ചടങ്ങു തീർക്കുകമാത്രമാണ് പലപ്പോഴും സംഭവിക്കുക.




ജൂലൈ 15 ന് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന വിശുദ്ധ കുർബാന മദ്ധ്യേ സുവിശേഷസംഘാംഗങ്ങൾക്ക് ബൈബിളും കത്തിച്ച മെഴുകുതിരിയും നൽകുന്നു

ദൈവവുമായും മനുഷ്യവ്യക്തിയുമായും അനുരഞ്ജനപ്പെടാനും വ്യക്തിബന്ധം പുനസ്ഥാപിക്കാനും വി. കുമ്പസാരം പോലെ അഭിഷേകമുള്ള മറ്റൊരു നിമിഷമില്ല. ജറമിയാ പ്രവാചകൻ പറയുന്നു. "ഹൃദയം മറ്റെന്തിനെക്കാളും കാപട്യമുള്ളതാണ്. ശോചനീയമാംവിധം ദുഷിച്ചതുമാണ്. അതിനെ ആർക്കാണ് മനസിലാക്കാൻ കഴിയുക" (ജറ. 17:9). യേശു പറഞ്ഞു: "എന്നാൽ വായിൽ നിന്നും വരുന്നത് ഹൃദയത്തിൽ നിന്നാണ് പുറപ്പെടുന്നത് അത് മനുഷ്യനെ അശുദ്ധനാക്കുന്നു. ദുശ്ചിന്തകൾ, കൊലപാതകം, പരസംഗം, വ്യഭിചാരം, മോഷണം, കള്ളസാക്ഷ്യം, പരദൂഷണം എന്നിവയെല്ലാം ഹൃദയത്തിൽ നിന്നു വരുന്നു ഇവയാണ് ഒരുവനെ അശുദ്ധനാക്കുന്നത്" (മത്താ. 15:8). ജറമിയ വീണ്ടും പറയുന്നു: "ജറുസലേമേ നിന്റെ ഹൃദയത്തിൽ നിന്നും ദുഷ്ഠത കഴുകി കളയുക എന്നാൽ നീ രക്ഷപ്പെടും. എത്രനാളാണ് നീ ദുഷിച്ച ചിന്തകളും പേറി നടക്കുക" (ജെറ. 4:14). ചുരുക്കത്തിൽ ഹൃദയമാണ് എല്ലാ തിന്മയുടെയും കേന്ദ്രമെന്ന് വി. ലിഖിതം വ്യക്തമാക്കുന്നു. നമ്മുടെ വസ്ത്രത്തിൽ ചെളി പറ്റിയാൽ കഴുകികളയാം നമ്മുടെ ശരീരത്ത് ചെളി പറ്റിയാൽ കഴുകികളയാം എന്നാൽ ഹൃദയത്തിലാണ് ചെളി പറ്റിയിരിക്കുന്നതെങ്കിലോ, അത് ഒരിക്കലും പുറമേയുള്ള ഒരു കഴുകൽ കൊണ്ട് പോകില്ല. ഹൃദയത്തിനുള്ളിലാണ് ചെളിപറ്റിയതെങ്കിൽ അതിന് ഒരു ശസ്ത്രക്രിയ ആവശ്യമാണ്. അതുകൊണ്ട് ജോയൽ പ്രവാചകൻ പറയുന്നു "നിങ്ങളുടെ വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടത്" (ജോയേൽ 2:13). ജറമിയ പറയുന്നു "യൂദാ നിവാസികളേ ജറുസലേം പൗരന്മാരെ കർത്താവിനായി നിങ്ങളെത്തന്നെ പരിഛേദനം ചെയ്യുവിൻ ഹൃദയ പരിഛേദനം സ്വീകരിക്കുവിൻ" (ജെറ. 4:4). ചുരുക്കത്തിൽ ഓരോ കുമ്പസാരത്തിലും നടക്കേണ്ടതു ഹൃദയശസ്ത്രക്രിയയാണ്, കാരണം ഹൃദയത്തിലാണ് ചെളിപറ്റിയിരിക്കുന്നത്. അതു പുറമേയുള്ള ഒരു കഴുകൽ കൊണ്ട് പോകില്ല. ഹൃദയത്തിലേക്കുള്ള ധമനികളിൽ അഞ്ച് ബ്ലോക്ക് ഉണ്ട് എന്നറിഞ്ഞ്, ഉടൻ ശസ്ത്രക്രിയ വേണ്ടിയ ഒരു വ്യക്തി ജോലികഴിഞ്ഞ് വരുന്ന വഴിക്ക് ഒരു ക്ലിനിക്കിൽ കയറി 5 മിനിറ്റ് കൊണ്ട് ഒരു ഹാർട്ട് ഓപ്പറേഷൻ നടത്തിതരാമോ എന്ന് ചോദിക്കില്ല. കാരണം അതിന് അനസ്തേഷ്യ ആവശ്യമാണ്. ഒരുക്കങ്ങൾ ആവശ്യമുണ്ട് ഓപ്പറേഷൻ കഴിഞ്ഞ് വിശ്രമം ആവശ്യമാണ്. എന്നാൽ എന്റെ ആത്മീയ ഹൃദയത്തിലേക്ക് ദൈവകൃപ ഒഴുകി വരുന്ന ധമനികൾ അടഞ്ഞിരുന്നിട്ടും ഉടനെ ഒരു ആത്മീയ മരണം ഉണ്ടാകാം എന്നറിഞ്ഞിട്ടും എന്റെ ആത്മീയ ഹൃദയം ചെളികൊണ്ട് നിറഞ്ഞിരിക്കുന്നു എന്നറിഞ്ഞിട്ടും കുർബാനയ്ക്കു മുമ്പുള്ള നമസ്കാരത്തിനിടയിൽ 2 മിനിറ്റ്കൊണ്ട് ആത്മീയമായ ഒരു ഹാർട്ട് സർജറി നടത്തികിട്ടാനുള്ള പരിശ്രമമാണ് പലരും നടത്തുക. എന്നാൽ സമയമെടുത്ത് ഒരുങ്ങി പശ്ചാത്തപിച്ച് എന്റെ ജീവിതത്തിന് ഒരു സമൂല മാറ്റം ആവശ്യമാണ്, ഒരു മാനസാന്തരം എനിക്ക് ആവശ്യമാണ് എന്ന ബോധ്യത്തിൽ നടത്തുന്ന ഒരു കുമ്പസാരം മാത്രമേ അഭിഷേകമുള്ളതായി തീരുകയുള്ളൂ. കമഴ്ന്നിരിക്കുന്ന കുടം പിടിച്ച് നേരെ വയ്ക്കുന്ന പ്രക്രിയയാണിത്. Turn back, Convert എന്നീ പദങ്ങളും പശ്ചാത്താപം, അനുതാപം, മാനസാന്തരം എന്നീ പദങ്ങളുമെല്ലാം ഒന്നുതന്നെയാണ് അർത്ഥമാക്കുന്നത്. അതിനാൽ സുവിശേഷസംഘാംഗങ്ങൾ ചുരുങ്ങിയത് മാസത്തിൽ ഒരിക്കലെങ്കിലും നല്ല ഒരുക്കത്തോടെ കുമ്പസാരമെന്ന കൂദാശയിൽ സംബന്ധിക്കണം. അതിനാലാണ് സുവിശേഷസംഘത്തിന്റെ എല്ലാ പരിശീലന പരിപാടിയിലും കുമ്പസാരം നിർബന്ധമായും ക്രമീകരിച്ചിരിക്കുന്നത്.

**(3) നോമ്പ്, വർജ്ജന, ഉപവാസം**

പൗരസ്ത്യ ആദ്ധ്യാത്മികതയുടെ പ്രത്യേകിച്ച് അന്ത്യോക്യൻ ആദ്ധ്യാത്മികതയുടെ കാതലാണ് നോമ്പ്, വർജന, ഉപവാസം എന്നത്. മലങ്കര പാരമ്പര്യമനുസരിച്ച് 50 നോമ്പ്, 25 നോമ്പ്, 15 നോമ്പ്, 13 നോമ്പ്, 8 നോമ്പ്, 3 നോമ്പ് എന്നിവയാണ് സഭയിൽ പൊതുവെ ആചരിക്കുന്ന നോമ്പ്. നോമ്പുകാലത്തിൽ ഇറച്ചി, മുട്ട, മീൻ എന്നിവ പൂർണമായും വർജ്ജിക്കണം. കഴിയുമെങ്കിൽ പാലും പാലുൽപ്പന്നങ്ങളും വർജ്ജിക്കണം. ബുധൻ, വെള്ളി ദിവസങ്ങളിൽ ഉപവസിക്കണം. യേശു പറഞ്ഞു: "പ്രാർത്ഥന കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ട് ഈ വർഗം പുറത്തുപോകുകയില്ല" (മർക്കോ. 9:29). യേശു പരസ്യജീവിതത്തിനു മുമ്പുള്ള ഒരുക്കമായി 40 ദിവസം മരുഭൂമിയിൽ ഉപവാസത്തിലും, പ്രാർത്ഥനയിലും കഴിഞ്ഞുകൂടി. പഴിയനിയമത്തിൽ യഹൂദരുടെ ആത്മീയതയിലും ഉപവാസത്തിനും നോമ്പിനും വർജ്ജനയ്ക്കും വലിയ പ്രാധാന്യം ഉണ്ട്. മുസ്ലീം സഹോദരങ്ങൾ റംസാൻ മാസം രാവിലെ മുതൽ സന്ധ്യവരെ വെള്ളം പോലും കുടിക്കാതെ കർശന നോമ്പ് നോക്കുന്നത് പ്രസിദ്ധമാണ്. ഹിന്ദുസഹോദരങ്ങളും അവരുടെ ആദ്ധ്യാത്മികതയിൽ ഇതിനു വളരെ പ്രാധാന്യം നൽകുന്നുണ്ട്. ശബരിമലയ്ക്ക് പോകുന്ന ലക്ഷക്കണക്കിന് ഭക്തർ നോമ്പ് എടുത്താണ് ആ പുണ്യകർമ്മം ചെയ്യുക. ശരീരത്തെയും മനസിനെയും വികാരങ്ങളെയും ചിന്തകളെയും നിയന്ത്രണത്തിൻ കീഴിലാക്കുന്നതിനും സ്വയം നിയന്ത്രിക്കുന്നതിനുമുള്ള പരിശീലനമാണ് നോമ്പിലൂടെയും വർജനയിലൂടെയും ഉപവാസത്തിലൂടെയും ലഭിക്കുന്നത്. അതുപോലെ പിശാചിനെതിരെ, തിന്മയ്ക്കെതിരെ പോരാടാനുള്ള ശക്തിയും ലഭിക്കും. ലോകത്തിൽ ആരെയും എനിക്ക് യുദ്ധം ചെയ്തു തോൽപ്പിക്കാൻ സാധിക്കും. എന്നാൽ എനിക്കെതിരെ യുദ്ധം ചെയ്തു വിജയിക്കുക

www.malankaralibrary.com




അത്ര എളുപ്പമല്ല. അതു വളരെ ശ്രമകരമാണ്. എന്നിലെ തിന്മയ്ക്കെതിരെ, പാപത്തിനെതിരെ പോരാടാൻ ശക്തിതരുന്ന മാർഗ്ഗങ്ങളാണ് നോമ്പും വർജ്ജനയും ഉപവാസവും.

നോമ്പ് കാലത്ത് ഉപവാസവും വർജനയും ആവശ്യമാണ്. ഉപവസിക്കുക എന്നു പറഞ്ഞാൽ കൂടെ വസിക്കുക എന്നാണ്. യേശുവിന്റെ കൂടെ വസിക്കാൻ നോമ്പുകാലം പ്രത്യേകം നാം മാറ്റിവയ്ക്കണം. മറ്റ് തിരക്കുകളിൽ നിന്നും ബഹളങ്ങളിൽ നിന്നും മാറി നിന്ന് യേശുവിനോടൊത്ത് വസിക്കാനുള്ള സമയമാണ് നോമ്പുകാലം. യേശുവിനോടൊത്ത് വസിക്കാൻ തടസമായി നിൽക്കുന്നതിനെ എല്ലാം വർജിക്കണം. അതാണ് വർജന എന്നു പറയുന്നത്. എന്റെ ജീവിതത്തിൽ യേശുവിനോട് കൂടെ വസിക്കാൻ തടസമായ എല്ലാ പാപങ്ങളെയും തഴക്ക ദോഷങ്ങളെയും സ്വഭാവരീതിയെയും ചിന്തയെയും വേണ്ടെന്നുവയ്ക്കണം, അഥവാ വർജിക്കണം. ഇറച്ചിയും മീനും മുട്ടയും വർജ്ജിച്ചിട്ട് യേശുവുമായി കൂടെ വസിക്കുന്നില്ലെങ്കിൽ വർജനകൊണ്ട് ഒരു പ്രയോജനവുമില്ല. ചുരുക്കത്തിൽ യേശുവിനോട് കൂടെ വസിക്കാൻ, ചേർന്ന് ജീവിക്കാൻ എന്തൊക്കെ തടസമാണോ അതിനെ എല്ലാമാണ് വർജിക്കേണ്ടത്. യഥാർത്ഥത്തിൽ അതിനെയാണ് ഉപേക്ഷിക്കേണ്ടത്. അതിന്റെ ബാഹ്യമായ ഒരു അടയാളം മാത്രമാണ് ഭക്ഷണത്തിന്റെ വർജന. മുന്തിരിയുടെ ശാഖ തായ്തണ്ടിനോട് ചേർന്ന് നിന്ന് ജീവരസം സ്വീകരിക്കുന്നതുപോലെ യേശുവിനോട് ചേർന്നിരിക്കാൻ തടസമായതിനെ എല്ലാം വർജിക്കുന്നതാണ് വർജനയും ഉപവാസവും നോമ്പും.

## 2. വി. ഗ്രന്ഥത്തിലധിഷ്ഠിതമായ ആധ്യാത്മികത

അനാദിയിലെ പിതാവിൽ നിന്നും ജനിച്ച പിതാവിന്റെ ചിന്തയായ, വാക്കായ, സ്വരമായ, തിരുമനസായ പിതാവിന്റെ വചനം (യോഹ. 1:1). ആ വചനമാണ് സൃഷ്ടി ശക്തിയുള്ള വചനമായത്. ആ വചനമാണ്



ജൂലൈ 14 ന് വൈകിട്ട് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന സുവിശേഷസംഘ കൈവയ്പ് ശുശ്രൂഷ

പൂർവ്വ പിതാക്കന്മാർ വഴി സംസാരിക്കപ്പെട്ടത് (ഹെബ്രാ. 1:1). ആ വചനമാണ് മനുഷ്യനായി നസറത്തിൽ യേശുവിൽ കാണപ്പെട്ടത് (യോഹ. 1:14). യേശുവായ, മനുഷ്യനായ വചനമാണ് സഭയാകുന്ന ഭവനത്തിൽ അപ്പമായും ലിഖിതമായും കാണപ്പെട്ടത്. ചുരുക്കത്തിൽ യേശുവാകുന്ന വചനമാണ് അപ്പമായതും ലിഖിതമായതും. ആരാധനാക്രമ അധിഷ്ഠിത ആധ്യാത്മികത അപ്പമായ യേശുവിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള ബോധ്യവും അനുഭവവുമാണെങ്കിൽ വി. ഗ്രന്ഥത്തിലധിഷ്ഠിതമായ ആധ്യാത്മികത ലിഖിതമായ യേശുവിന്റെ സാന്നിധ്യത്തിലുള്ള ബോധ്യവും അനുഭവവുമാണ്. വി. ലിഖിതത്തിലുള്ള കർത്താവിന്റെ സാനിധ്യത്തെക്കുറിച്ചും അതിലധിഷ്ഠിതമായ ആധ്യാത്മികതയെക്കുറിച്ചുമാണ് നാം ചർച്ച ചെയ്യുക.

**വിശുദ്ധ ലിഖിതവും വിശുദ്ധ കുർബാനയും**

എഴുതപ്പെട്ട വചനമാണ് വി. ബൈബിൾ. അപ്പമായ വചനമാണ് വി. കുർബാന. ഒരേ യേശു തന്നെയാണ് വി. കുർബാനയിലും വി. ബൈബിളിലും ഉള്ളത്. ഒന്ന് അപ്പത്തിന്റെ രൂപത്തിൽ നമ്മുടെ നാവിലൂടെ ഉള്ളിലേക്ക് പ്രവേശിക്കുന്നു. മറ്റത് ലിഖിത രൂപത്തിൽ അതു വായിക്കുമ്പോൾ ചെവിയിലൂടെ ഉള്ളിലേക്ക് പ്രവേശിക്കും. വി. കുർബാന ഭക്ഷിക്കുന്നതുപോലെ ലിഖിതവും ഭക്ഷിക്കാനുള്ളതാണ് അഥവാ നമ്മുടെ ഉള്ളിലേക്ക് സ്വീകരിക്കാനുള്ളതാണ്. "മനുഷ്യപുത്രാ ഞാൻ തരുന്ന ഈ ചുരുളെടുത്തു ഭക്ഷിക്കുക. അതു ഞാൻ ഭക്ഷിച്ചു. അത് എനിക്ക് തേൻപോലെ മധുരിച്ചു" (എസ. 3:3) (സങ്കീ. 119:103). വി. കുർബാനയിലെ അതേ കർത്താവ് തന്നെയാണ് വി. ലിഖിതത്തിലുള്ളത്. വി. കുർബാന മധ്യേ ഒരേ പുരോഹിതൻ തന്നെയാണ് അപ്പം മുറിച്ച് നാവിൽ തരുന്നതും. ലിഖിതം മുറിച്ച് ചെവിയിൽ തരുന്നതും. ഒരേ കർത്താവിന്റെ സാന്നിധ്യം രണ്ടു രൂപത്തിൽ കാണപ്പെടുന്നു, രണ്ടു രീതിയിൽ നമ്മുടെ ഉള്ളിലേക്ക് വരുന്നു. വി. കുർബാനയിൽ ഗോതമ്പ് അപ്പവും അച്ചടിച്ച ലിഖിതവും കൂദാശയായിതീരും. രണ്ടും നമ്മെ വിശുദ്ധീകരിക്കുന്ന യഥാർത്ഥ്യമായിതീരും. ഒരേ യേശുതന്നെയാണ് വി. കുർബാനയിലും വി. ലിഖിതത്തിലും ഉള്ളതെന്ന് സൂചിപ്പിക്കാനാണ് മലങ്കര കുർബാനയിൽ വി. കുർബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുമ്പോഴുള്ള ആഘോഷങ്ങൾ എല്ലാം തന്നെ വി. ലിഖിതം പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുമ്പോഴുമുള്ളത്. അപ്പവും വീഞ്ഞും വയ്ക്കുന്ന ത്രോണോസിനോട് ചേർത്താണ് വി. ലിഖിതം വയ്ക്കുന്ന ഏവൻഗേലിയോൻ പീഠം വയ്ക്കുന്നത്. ത്രോണോസ് പൊതിയുന്ന അതേ ചിത്തോലതുണികൊണ്ടാണ് ഏവൻഗേലിയോൻ പീഠം പൊതിയുന്നത്. വി. കുർബാന കൊടുക്കുമ്പോൾ കർത്താവിന്റെ തിരുശരീര രക്തങ്ങളാകുന്ന തീക്കട്ട എന്താണ് പറയുക. വി. കുർബാന മാത്രമല്ല തീക്കട്ട. യേശുവിന്റെ വാക്കും തീയാണ്. "കർത്താവിന്റെ വചനം അഗ്നിപോലെയും പാറയെ തകർക്കുന്ന കൂടം പോലെയുമാണ്" (ജെറ. 23:29). സങ്കീർത്തകൻ പറയുന്നു "കർത്താവിന്റെ സ്വരം അഗ്നിജ്വാലകൾ പുറപ്പെടുവിക്കുന്നു" (സങ്കീ. 29:7). ചുരുക്കത്തിൽ വി. കുർബാന മാത്രമല്ല വി. ലിഖിതവും തീയാണ് എന്ന് സൂചിപ്പിക്കുന്നു.

മലങ്കര കുർബാനയിൽ രണ്ട് കാര്യത്തിനേ പുരോഹിതൻ പടിഞ്ഞാറോട്ട് ജനത്തിന് നേരെ തിരിയുകയുള്ളൂ: ദൈവത്തിനു എന്തെങ്കിലും ജനത്തോടു പറയാനുണ്ടെങ്കിലും, ദൈവത്തിനു എന്തെങ്കിലും ജനത്തിനു കൊടുക്കാനുണ്ടെങ്കിലും. ബാക്കി സമയം പുരോഹിതൻ കിഴക്കോട്ട് തിരിഞ്ഞാണ് നിൽക്കുക. പുരോഹിതൻ ജനത്തോടൊപ്പം കിഴക്കോട്ട് തിരിഞ്ഞു നിൽക്കുമ്പോൾ ജനത്തിന്റെ പ്രതിനിധിയായി, പകരക്കാരനായി ജനത്തിനു വേണ്ടി മാധ്യസ്ഥം വഹിക്കുകയാണ്. ജനത്തെ താഴ്‌വാരത്തിൽ നിർത്തിയിട്ട് മോശ സീനായ് മലയിൽ പ്രവേശിച്ചതുപോലെ. എന്നാൽ



ജൂലൈ 15 ന് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന വിശുദ്ധ കുർബാന മദ്ധ്യേ സുവിശേഷസംഘാംഗങ്ങൾക്ക് ബൈബിളും കത്തിച്ച മെഴുകുതിരിയും നൽകുന്നു

പുരോഹിതൻ ജനത്തിനു നേരെ തിരിയുന്നത് ദൈവത്തിന്റെ പകരക്കാരനായിട്ടാണ്. പുരോഹിതൻ പലപ്രാവശ്യം പടിഞ്ഞാറോട്ട് ജനത്തിന് നേരെ തിരിയും. എന്നാൽ രണ്ടു കാര്യത്തിനെ തിരിയുകയുള്ളൂ. ദൈവത്തിനു എന്തെങ്കിലും പറയാനുണ്ടെങ്കിലും ദൈവത്തിന് എന്തെങ്കിലും തരാനുണ്ടെങ്കിലും. അതായത് വി. ഗ്രന്ഥം വായിക്കുക വ്യാഖ്യാനിക്കുക പുരോഹിതനിലൂടെ ദൈവമാണ് സംസാരിക്കുക. അതുപോലെ സമാധാനം നൽകുക, ആശീർവാദം നൽകുക, വിശുദ്ധ കുർബാന നൽകുക, ധൂപം വീശി വിശുദ്ധീകരിക്കുക ഇവയെല്ലാം പുരോഹിതനിലൂടെ ദൈവമാണ് ജനത്തിന് നൽകുന്നത്. ചുരുക്കത്തിൽ വചനം മുറിച്ച് ചെവിയിൽ നൽകുന്നതും അപ്പം മുറിച്ച് നാവിൽ നൽകുന്നതും പുരോഹിതനിലൂടെ ദൈവം തന്നെയാണ്. അങ്ങനെ എങ്കിൽ വി. കുർബാന സ്വീകരിക്കുന്ന അതെ ഒരുക്കത്തിൽ വേണം വി. ലിഖിതം ശ്രവിക്കുവാനും വചനപ്രഘോഷണം ശ്രവിക്കുവാനും. എന്നാൽ വി. കുർബാന സ്വീകരണത്തിന് വളരെ ഒരുക്കത്തോടെ നിൽക്കുന്ന വിശ്വാസി വചന പ്രഘോഷണ സമയത്ത് എത്ര അലക്ഷ്യമായിട്ടാണ് ഇരിക്കുക. വി. കുർബാന മധ്യേ ഗോതമ്പ് അപ്പം കൂദാശയായി കർത്താവിന്റെ സാന്നിധ്യമാകുന്നതുപോലെ വി. ലിഖിതവും കർത്താവിന്റെ സാനിധ്യമായ കൂദാശയായി തീരുന്നത് അഥവാ കർത്താവിന്റെ സാനിധ്യമായി തീരുന്നത് അതു ഉറക്കെ വായിക്കുമ്പോഴാണ്, ശ്രവിക്കുമ്പോഴാണ്. വി. ലിഖിതം അടഞ്ഞിരിക്കുന്നിടത്തോളം കാലം അത് വായിക്കാതെയും കേൾക്കപ്പെടാതെയും ഇരിക്കുന്നിടത്തോളം കാലം അതിന് ജീവനില്ല. വി. ലിഖിതം ഉറച്ചു വായിക്കുമ്പോൾ, കേൾക്കപ്പെടുമ്പോൾ ആ ശബ്ദത്തിൽ കർത്താവിന്റെ സാന്നിധ്യമുണ്ടാകും. ഇസ്രായേലെ കേൾക്കുക, എന്നു പ്രവാചകന്മാർ നിരന്തരം പറയും, കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ എന്നു യേശു പറയുന്നു. പഴയനിയമത്തിൽ ദൈവത്തെ കേട്ടതേയുള്ളൂ ആരും കണ്ടില്ല. അതുതന്നെയാണ് ദൈവവചനത്തിന് ഒരു സ്വരം ഉണ്ട് എന്നും പറയുക.

ഞാൻ ഉറക്കെ ഒരു പ്രസംഗം നടത്തുമ്പോൾ പ്രസംഗ വേദിക്കു പുറത്തു വഴിയിൽ നിൽക്കുന്ന, എന്നെ പരിചയമുള്ള വ്യക്തി സ്വരം കേട്ടിട്ടു പറയും അത് കാക്കനാട്ട് അച്ചനാണെന്ന്. ഒരു കാര്യം തീർച്ചയാണ് എന്റെ ശബ്ദമുള്ളിടത്ത് ഞാൻ എന്ന വ്യക്തി സന്നിഹിതനാണ്. അങ്ങനെ എങ്കിൽ വേദപുസ്തകം വായിക്കുമ്പോൾ യേശുവിന്റെ ശബ്ദം കേൾക്കുന്നിടത്ത് യേശു വ്യക്തിപരമായി സന്നിഹിതനാണ്. വേദപുസ്തക വായനയുടെ ആ ശബ്ദത്തിൽ യേശു സന്നിഹിതനാകും. ചുരുക്കത്തിൽ കുർബാന മധ്യേ വി. ലിഖിതം ഉറക്കെ പുരോഹിതൻ വായിക്കുമ്പോൾ അവിടെ യേശുവിന്റെ സാന്നിധ്യമുണ്ടാകും, അത് കൂദാശയാകും. ചുരുക്കത്തിൽ വി. കുർബാനപോലെ ഒരുക്കത്തോടെ വേണം വചനപ്രഘോഷണത്തിൽ പങ്കുചേരാൻ. ബനഡിക്ട് പതിനാറാമൻ പാപ്പാ പറഞ്ഞു: വി. കുർബാന സ്വീകരിക്കുമ്പോൾ ഒരു തുള്ളി തിരുരക്തം താഴെവീണാൽ നിങ്ങൾ വേദനിക്കും. പഴയിപോകുന്ന ഒരു തുള്ളി തിരുരക്തത്തെക്കുറിച്ച് നിങ്ങൾ വേദനിക്കുമെങ്കിൽ പാഴായിപോകുന്ന വചനം, കേൾക്കപ്പെടാതെ പോകുന്ന വചനം, അതെക്കുറിച്ച് ആർക്കും വേദനയില്ല. താഴെ വീഴുന്ന ഓരോ തുള്ളി തിരുരക്തം പോലെയാണ് കേൾക്കപ്പെടാതെ പോകുന്ന വചനവും എന്ന് മാർപാപ്പാ പറയുകയാണ്. കുർബാന സ്വീകരിക്കാൻ വരുന്ന വ്യക്തി കുർബാന നാവിലേക്ക് തരുമ്പോൾ വായ്തുറക്കാതിരുന്നാൽ അതിന്റെ അർത്ഥം എനിക്ക് കുർബാന വേണ്ടാ എന്ന് ബോധപൂർവം വായ് അടച്ച് പിടിക്കുകയാണ്. ഇതുപോലെ ലിഖിതം മുറിച്ച് ചെവിയിൽ തരുമ്പോൾ എനിക്കു വേണ്ടാ, കേൾക്കണ്ടാ എന്ന് ബോധപൂർവ്വം ചെവിയടയ്ക്കുന്നതിന്റെ ഹൃദയമടയ്ക്കുന്നതിന്റെ അടയാളമാണ് പ്രസംഗമധ്യേ കുനിഞ്ഞിരിക്കുന്നതും, ഉറങ്ങുന്നതും, അശ്രദ്ധമായിരിക്കുന്നതുമെല്ലാം.

പുരോഹിതൻ വി. കുർബാന മധ്യേ ലിഖിതം വായിക്കുമ്പോൾ അത് കൂദാശയാകും, കർത്താവിന്റെ സാന്നിധ്യമാകും. വേദപുസ്തകം കൈയിലെടുക്കുമ്പോൾ കൈ വിശുദ്ധീകരിക്കപ്പെടും. അക്ഷരത്തിലൂടെ കണ്ണ് ഓടുമ്പോൾ കണ്ണ് വിശുദ്ധീകരിക്കപ്പെടും, വായിക്കുമ്പോൾ വായും കേൾക്കുമ്പോൾ ചെവിയും വിശുദ്ധീകരിക്കപ്പെടും. പള്ളിയിൽ വച്ച് പുരോഹിതൻ വി. ലിഖിതം വായിക്കുമ്പോൾ മാത്രമല്ല നമ്മുടെ ഭവനത്തിൽ വച്ച് നമ്മൾ ഉറക്കെ വി. ബൈബിൾ വായിക്കുമ്പോൾ ആ സ്വരത്തിൽ യേശു സാന്നിധ്യമുണ്ട്. നമ്മുടെ ഭവനത്തിലും ഭവനത്തിന് പുറത്തും കേൾക്കപ്പെടുന്ന ദൈവത്തിന്റെ ശബ്ദം അവിടുത്തെ സാന്നിധ്യമാണ്. നമ്മുടെ ഭവനത്തിൽ വച്ച് വി. ലിഖിതം നാം ഉറക്കെ വായിക്കുമ്പോൾ അത് കൂദാശയാകും, കർത്താവിന്റെ സാന്നി

www.malankaralibrary.com



ധ്യമാകും. അപ്പോൾ എന്റെ കൈയും, കണ്ണും, നാവും, ചെവിയും ഞാൻ എന്ന വ്യക്തിയും വിശുദ്ധീകരിക്കപ്പെടും. അതുകൊണ്ടാണ് നമ്മുടെ ഭവനങ്ങളിൽ ഉറക്കെ വി. ഗ്രന്ഥം വായിക്കുന്നത്. ഹിന്ദു സഹോദരങ്ങൾ തൃസന്ധ്യയ്ക്ക് ദീപം തെളിയിച്ച് വീടിന്റെ മുൻവാതിലിന്റെ തറയിൽ വയ്ക്കും.



തിരുവല്ല അതിരൂപത സുവിശേഷസംഘം മാർത്താണ്ഡം രൂപതയിലെ അൻപുനഗർ മിഷൻ കേന്ദ്രം സന്ദർശിച്ചപ്പോൾ

വെളിച്ചം, സൂര്യൻ, ഇവയെല്ലാം ഈശ്വര സാന്നിധ്യത്തിന്റെ അടയാളമാണ്. ഇരുട്ട്, അന്ധകാരം, ഇവയെല്ലാം സാത്താന്റെ പ്രതീകമാണ്. സന്ധ്യയാകുമ്പോൾ ഇരുട്ട് ഭവനത്തിലേക്ക് വരുന്നത് സാത്താൻ വരുന്നതിന്റെ അടയാളമാണ്. അതുകൊണ്ട് വിളക്കു കത്തിച്ച് ഈശ്വരസാന്നിധ്യമാകുന്ന പ്രകാശം കൊണ്ട് വാതിൽ അടയ്ക്കുകയാണ്. സന്ധ്യാസമയത്ത് നമ്മൾ തിരി കത്തിച്ച് വിശുദ്ധ ലിഖിതം ഉറക്കെ വായിക്കുമ്പോൾ യേശു സാന്നിധ്യം കൊണ്ട് വീടിനകവും വീടിനു പുറവും നിറയും. ദൈവ വചനത്താൽ ഭവനം കോട്ടചുറ്റപ്പെടും, അതിന്റെ അർത്ഥം യേശു സാന്നിധ്യം വീട്ടിനുള്ളിലും പുറത്തും ഉണ്ട് എന്നു മാത്രമല്ല. വീട്ടിൽ വസിക്കുന്നവരുടെ ഹൃദയത്തിലും യേശു സാന്നിധ്യം നിറയും. അവിടെ അച്ഛന്റെ ഭാഷ അമ്മയ്ക്കു മനസ്സിലാകും. അമ്മയുടെ ഭാഷ അച്ഛനു മനസ്സിലാകും. മാതാപിതാക്കളുടെ ഭാഷ മക്കൾക്കും മക്കളുടെ ഭാഷ മാതാപിതാക്കൾക്കും മനസ്സിലാകും. അതാണ് പെന്തക്കോസ്തി- ദൈവം ഭാഷ ഒന്നിപ്പിക്കും, മനസ്സിനെയും ഹൃദയങ്ങളെയും ഒന്നിപ്പിക്കും. ദൈവസാന്നിധ്യമില്ലാത്ത ഭവനങ്ങളിൽ അച്ഛന്റെ ഭാഷ അമ്മയ്ക്കും അമ്മയുടെ ഭാഷ അച്ചനും മാതാപിതാക്കളുടെ ഭാഷ മക്കൾക്കും മക്കളുടെ ഭാഷ മാതാപിതാക്കൾക്കും മനസ്സിലാകില്ല. അതാണ് ബാബേൽ, ദൈവം ഭാഷ ചിതറിക്കും, മനസ്സ് ചിതറിക്കും. തിന്മയുടെ, പിശാചിന്റെ പ്രവർത്തനമാണത്. അതിനാൽ രാവിലെയും വൈകിട്ടും തിരി കത്തിച്ച് വച്ച് വി. ലിഖിതം വായിക്കുന്ന ഭവനം ദൈവ സാന്നിധ്യത്താൽ കോട്ട ചുറ്റപ്പെടും. അവിടെ സമാധാനവും ഹൃദയത്തിന്റെ ഐക്യവും ഉണ്ടാകും. വി. കുർബാനയിലെ കർത്താവ് തന്നെയാണ് വി. ലിഖിതത്തിലുമുള്ളതെങ്കിൽ നമ്മുടെ ഭവനത്തിൽ എവിടെയാണ് നാം വി. ലിഖിതം വച്ചിരിക്കുന്നത്. വി. കുർബാന ഭവനത്തിൽ വയ്ക്കുന്ന അതേ ബഹുമാനം വി. ഗ്രന്ഥത്തിനു നൽകുന്നുണ്ടോ. വി. ബൈബിൾ വയ്ക്കാൻ ഒരു പ്രത്യേക സ്ഥലം, രണ്ട് മെഴുകുതിരി, ഒരു ചെറിയ കുരിശ് എന്നിവ ഒരോ ഭവനത്തിലും അത്യാവശ്യമാണ്. സന്ധ്യയ്ക്കും പ്രഭാതത്തിലും തിരി കത്തിച്ച് വി. ബൈബിൾ വായിച്ച് തുറന്നു വച്ച് പ്രതിഷ്ഠിക്കുന്നത് അനുഗ്രഹ പ്രദമാണ്.

മക്കൾക്ക് ചൊല്ലും ചോറും കൊടുത്ത് വളർത്തണം എന്നു പറയും. വി. കുർബാനയിൽ വചനത്തിന്റെ മേശയിൽ നിന്ന് ചൊല്ലും അപ്പത്തിന്റെ മേശയിൽ നിന്ന് ചോറും കൊടുക്കും. വി. കുർബാനയും വി. ലിഖിതവും സഭാ മാതാവിന്റെ ഇരു മാറിടങ്ങളാണ് എന്നാണ് സഭ പറയുന്നത്. അമ്മയുടെ പാൽ കുടിക്കാത്തവന് ആരോഗ്യമില്ല, സൗന്ദര്യമില്ല, രോഗപ്രതിരോധ ശക്തിയില്ല. അതിനാൽ വിശ്വാസികൾ വി. കുർബാനയും വി. ലിഖിതവും നിരന്തര ഭക്ഷണമാക്കണം. Verbum Domini എന്നു പറയുന്ന വചനത്തെക്കുറിച്ചുള്ള സഭയുടെ പഠിപ്പിക്കലിൽ ഇപ്രകാരം പറയുന്നു. വി. കുർബാനക്കും വി. ലിഖിതത്തിനും സഭ ഒരേ ആദരവും ഒരേ ബഹുമാനവും നൽകുമ്പോൾ വി. കുർബാനയ്ക്കു മാത്രമേ ആരാധന അർപ്പിക്കുന്നുള്ളൂ. (Verbum Domini 55)

### 3. ശുശ്രൂഷയിൽ അധിഷ്ഠിതമായ ആധ്യാത്മികത

വി. കുർബാന മധ്യേ ഗോതമ്പു അപ്പവും അച്ചടിച്ച വി. ലിഖിതവും കർത്താവിന്റെ സാന്നിധ്യം അഥവാ കൂദാശയായി തീരുന്നതു പോലെ കുർബാന കഴിഞ്ഞ് പുറത്തേക്കിറങ്ങുമ്പോൾ വഴിയിൽ വേദനിച്ചും, മുറിവേറ്റും, അവഗണിക്കപ്പെട്ടും കിടക്കുന്നവൻ കൂദാശയാകും അഥവാ കർത്താവിന്റെ സാന്നിധ്യമാകും. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് നിങ്ങൾ ചെയ്തു തന്നത്" (മത്തായി 25:40). വിശക്കുന്നവനും, മുറിവേറ്റവനും, ബന്ധനത്തിൽ കഴിയുന്നവനും, പരിത്യക്തനും എല്ലാം കർത്താവിന്റെ സാന്നിധ്യമാകും, കൂദാശയാകും, നമ്മൾ അവനെ ശുശ്രൂഷിക്കുമ്പോൾ. വി. കുർബാന മധ്യേ യേശു എന്റെ നാവിലൂടെയും ചെവിയിലൂടെയും ഉള്ളിലേക്ക് കടന്നുവരുമെങ്കിൽ കുർബാന കഴിഞ്ഞ് പുറത്തേക്കിറങ്ങി ഞാൻ വേദനിക്കുന്നവരെ ശുശ്രൂഷിക്കുമെങ്കിൽ യേശു എന്റെ കണ്ണിലൂടെ ഉള്ളിലേക്ക് കടന്നു വരും. നാം വിശക്കുന്നവനെയും വേലിക്കെട്ടിനു പുറത്തുള്ളവരെയും സഹായിക്കുമ്പോൾ, അഥവാ ശുശ്രൂഷിക്കുമ്പോൾ, യേശുവിനെ തന്നെയാണ് ശുശ്രൂഷിക്കുന്നത്.

ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ വിശുദ്ധയാണ് മദർ തെരേസ. വി. കുർബാനയിലും വി. ലിഖിതത്തിലും യേശുവിനെ വി. മദർ തെരേസാ കണ്ട് അനുഭവിച്ചതു കൊണ്ടാണ് വഴിയിലും മറ്റും കിടക്കുന്ന രോഗികളിലും, ദരിദ്രരിലും യേശുവിനെ കാണാനും അവരെ ശുശ്രൂഷിക്കുവാനും മദറിനു സാധിച്ചത്. അതുകൊണ്ടാണ് പറയുക മാനവസേവാ മാധവസേവാ എന്ന്. മനുഷ്യനെ സേവിക്കുന്നതാണ് ദൈവസേവനം. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നില്ല. ചുരുക്കത്തിൽ ആരാധനാക്രമത്തിലൂടെയും വി. ലിഖിതത്തിലൂടെയും രൂപപ്പെടുന്ന ദൈവാനുഭവം ശുശ്രൂഷയിലേക്ക് നയിക്കപ്പെടണം. വി. കുർബാന മധ്യേ നാവിലൂടെയും ചെവിയിലൂടെയും



ജൂലൈ 29 ന് മാവേലിക്കര രൂപത സുവിശേഷസംഘം മാർത്താണ്ഡം രൂപതയിലെ ഗണപതികൽ മിഷൻ കേന്ദ്രം സന്ദർശിച്ചപ്പോൾ

ഉള്ളിലേക്ക് കടന്നുവന്ന യേശു പുറത്തേക്കിറങ്ങുമ്പോൾ കണ്ണിലൂടെ ഉള്ളിലേക്ക് കടന്നു വരണം. പലപ്പോഴും വി. കുർബാന മധ്യേ യഥാർത്ഥത്തിൽ യേശു അപ്പത്തിലൂടെയും ലിഖിതത്തിലൂടെയും എന്റെ ഉള്ളിലേക്ക് കടന്നു വരുന്നില്ല. അതുകൊണ്ടാണ് പലപ്പോഴും വിശ്വാസികളുടെ ജീവിതത്തിൽ അവർ ശുശ്രൂഷാ ജീവിതത്തിൽ നിന്നും അകന്നു നിൽക്കുന്നത്, ദരിദ്രരെയും വേദനിക്കുന്നവരെയും കാണുമ്പോൾ മുഖം തിരിക്കുന്നത്.

യേശു പാലസ്തീനായിൽ സുവിശേഷമായതുപോലെ സുവിശേഷസംഘാംഗങ്ങൾ സുവിശേഷ ശുശ്രൂഷ നിർവഹിക്കാൻ കടപ്പെട്ടിരിക്കുന്നു. വിശക്കുന്നവന് അപ്പമാണ് സുവിശേഷം അഥവാ Good News രോഗിക്ക് സൗഖ്യം, മരിച്ചവന് ജീവൻ, പാപിക്ക് പാപമോചനം, ഇതിൽ കുറഞ്ഞതൊന്നും സുവിശേഷമല്ല, സദ്‌വാർത്തയല്ല. യേശു പാലസ്തീനായിൽ വിശക്കുന്നവന് അപ്പമായും രോഗിക്ക് സൗഖ്യമായും, മരിച്ചവന് ജീവനായും, പാപിക്ക് പാപമോചനമായും, സദ്വാർത്തയായി, സുവിശേഷമായി. ഇതേ ഉത്തരവാദിത്തമാണ് ഓരോ സുവിശേഷസംഘാംഗത്തിനും നിർവഹിക്കാനുള്ളത്. ഞായറാഴ്ച പള്ളിയിൽ പോയി വി. ലിഖിതവും കേട്ട് വി. കുർബാനയും സ്വീകരിച്ച് കടമ നിർവ്വഹിച്ചതുകൊണ്ടു മാത്രം ക്രിസ്തീയ ആത്മീയത പൂർത്തിയാവില്ല. എന്റെ ഇടവകയുടെ ചുറ്റുപാടിൽ, എന്റെ ഭവനത്തിന്റെ ചുറ്റുപാടിൽ വിശക്കുന്നവരോ, രോഗിയോ, ബന്ധനത്തിൽ കഴിയുന്നവരോ, കുടുംബപ്രശ്നത്തിൽ കഴിയുന്നവരോ, പാപത്തിൽ കഴിയുന്നവരോ ഉണ്ടെങ്കിൽ അവർക്കൊക്കെ സുവിശേഷത്തിന്റെ വിടുതൽ നൽകാൻ, സുവിശേഷത്തിന്റെ ആനന്ദം നൽകാൻ സുവിശേഷസംഘാംഗം കടപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ വി. ലിഖിതത്തിൽ നിന്നും വി. കുർബാനയിൽ നിന്നും രൂപപ്പെടുന്ന ക്രിസ്തു അനുഭവം ശുശ്രൂഷയിലേക്ക് നയിക്കപ്പെടണം.

എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരിൽ ഈ യാഥാർത്ഥ്യം കാണാൻ സാധിക്കും (ലൂക്കാ 24:13-35). വഴിയിൽ വച്ച് അവർ വി. ലിഖിതം കേട്ടു ഭവനത്തിൽ വന്ന് അപ്പം ഭക്ഷിച്ചു. അങ്ങനെ യേശു എന്ന വ്യക്തി അവർക്ക് അനുഭവമായി. ഉടനെ തന്നെ അവർ സാക്ഷ്യത്തിനായി, ശുശ്രൂഷയ്ക്കായി ജറുസലേമിലേക്ക് തിരിച്ചു പോയി. അതിനാൽ ആരാധനാക്രമത്തിലും വി. ബൈബിളിലും ശുശ്രൂഷയിലും അധിഷ്ഠിതമായ ഒരു ആദ്ധ്യാത്മികതയാണ് മലങ്കര സഭാ വിശ്വാസിക്ക് ജീവിക്കാനുള്ളത്. അവൻ യേശുവിന്റെ വിശുദ്ധിയിലേക്ക് ഓടി അടുക്കേണ്ടത് ഈ വഴിയിലൂടെയാകണം. ചുരുക്കത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികതയുടെ ഈ മൂന്നു തലങ്ങൾ അതിന്റെ ആഴത്തിൽ കൃത്യതയോടും നിഷ്ഠയോടും കൂടി ജീവിച്ചുകൊണ്ടുവേണം ഒരു സുവിശേഷസംഘാംഗം ജീവിക്കുവാൻ.

## സഭാതല സുവിശേഷസംഘത്തിന്റെ 5-ാം ബാച്ച്


**2017 ജനുവരി 5, 6, 7 തീയതികളിൽ തിരുവനന്തപുരത്ത് പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു. സഭാതല സുവിശേഷസംഘത്തിൽ അംഗമായി പരിശീലനം നേടുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക**

**ഫാ. ആന്റണി കാക്കനാട്ട് 9447562877**

www.malankaralibrary.com



മുഖമൊഴി



# നിരന്തരം പ്രാർത്ഥിക്കുവിൻ

**ഡോ. ഏബ്രഹാം ജോർജ് (എഡിറ്റർ)**
രൂപതാതല സുവിശേഷസംഘാംഗം
തിരുവനന്തപുരം മേജർ അതിഭദ്രാസനം

കൃതജ്ഞതാഭരിതരായി ഉണർന്നിരുന്ന് നിരന്തരം പ്രാർത്ഥിക്കുവിൻ (കൊളോ 4:2). യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതുപോലെ, സഭ തന്റെ മക്കൾക്ക് നിരന്തരം പ്രാർത്ഥിക്കുന്നതിനും, ധ്യാനിക്കുന്നതിനു മുള്ള വിഷയവും തന്നിട്ടുണ്ട്. കാലത്തിനതീതനായവൻ കാലചക്രത്തിൽ ജനിച്ച്, ജീവിച്ച് പീഢകൾ ഏറ്റു മരിച്ച് ഉത്ഥാനം ചെയ്ത് നമുക്ക് രക്ഷ സംല ഭ്യമാക്കിയിരിക്കുന്നു. രക്ഷാകരചരിത്രത്തിന്റെ പൂർണമായ അനാവരണത്തിന് നമുക്ക് വാർഷികചക്രവും, വാരചക്രവും, ദിനചക്രവും നൽകപ്പെട്ടിരിക്കുന്നു.

വാർഷികചക്രത്തിലെ ഏഴുകാലങ്ങൾ പോലെ, ഓരോ ആഴ്ചയിലെ ഓരോ ദിവസങ്ങൾക്കും പ്രത്യേകതകൾ നൽകിയിട്ടുണ്ട്. ഞായറാഴ്ച ദിവ സത്തിന്റെ പ്രാധാന്യം നമ്മുടെ പ്രാർത്ഥനകളിൽ തന്നെ വ്യക്തമാണല്ലോ. ഉദാ., ദിവസങ്ങളിലേറ്റം വലുത് ഞായർ ദിനം തന്നെ...... എന്ന ഗീതം. കട മുള്ള ഈ ദിവസം, ഒരാഴ്ച മുഴുവൻ ഉയിർപ്പിന്റെ സന്തോഷത്തിൽ ജീവി ക്കുവാൻ സഹായിക്കുന്നു. തിങ്കൾ, ചൊവ്വ ദിവസങ്ങൾ അനുതാപത്തിനും, പശ്ചാത്താപത്തിനുമായി മാറ്റിവച്ചിരിക്കുന്നു. ബുധനാഴ്ച മാതാവിനെ പ്രത്യേ കമായി ഓർക്കുന്ന ദിവസമാണ്. വ്യാഴാഴ്ച ദിവസം അപ്പസ്തോലന്മാർ, രക്തസാക്ഷികൾ, സഹദേന്മാർ മുതലായവരെ അനുസ്മരിക്കുന്നു. വെള്ളി യാഴ്ച ദിവസം കർത്താവിന്റെ പീഢാസഹനത്തെ സ്മരിക്കുന്നു. ശനിയാഴ്ച ദിവസം സകല പരേതരെയും ഓർമ്മിക്കുന്നു.

ഇതുപോലെ തന്നെ ഓരോ ദിവസവും ഏഴുയാമങ്ങളിൽ പ്രാർത്ഥി ക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. സങ്കീ 55:17, സങ്കീ 119:164, അപ്പ 3:1, 10:9, 16:25, മുതലായ ഭാഗങ്ങളിൽ യാമപ്രാർത്ഥനകളുടെ സാക്ഷ്യം നാം കാണു ന്നു. ഈ ഓരോ യാമങ്ങളിലും നമ്മുടെ പ്രാർത്ഥനകൾക്ക് പ്രത്യേക ഉദ്ദേ ശ്യവുമുണ്ട്. ഈ പ്രർത്ഥനകളെല്ലാം നാം യേശുവിന്റെ പരസ്യ ജീവിതവു മായി ബന്ധപ്പെടുത്തുന്നു. സന്ധ്യാപ്രാർത്ഥനയെ യേശു മർക്കോസിന്റെ മാളികയിൽ പ്രാർത്ഥിക്കുകയും, കുർബാന സ്ഥാപിക്കുകയും ചെയ്തതുമായി ബന്ധപ്പെടുത്തുന്നു. സൂത്താറപ്രാർത്ഥന യേശുവിന്റെ ഗത്സമെൻ തോട്ട ത്തിലെ പ്രാർത്ഥനയുമായും, രാത്രിപ്രാർത്ഥന പ്രധാനപുരോഹിതന്മാരുടെ മുമ്പിലെ ചോദ്യം ചെയ്യലുമായും, പ്രഭാത പ്രാർത്ഥന പൊന്തിയോസ് പീലാ ത്തോസ് യേശുവിനെ വിസ്തരിക്കുന്നതുമായും ബന്ധപ്പെടുത്തിയിരിക്കുന്നു. മൂന്നാംമണി യേശു കുരിശുവഹിച്ചു കൊണ്ട് ഗോഗുൽത്താമലയിലേക്ക് പോകുന്നതിനെയും, ആറാംമണി യേശുവിനെ കുരിശിൽ തറയ്ക്കുന്നതി നെയും, ഒമ്പതാംമണി യേശു ജീവൻ വെടിയുന്നതിനെയും സൂചിപ്പിക്കുന്നു.

ആദിമസഭയിലെ ഏറ്റവും വലിയ ആഘോഷം ഈസ്റ്റർ ആയിരുന്നു. ഈസ്റ്ററിന്റെ ഓരോ ആഴ്ചയിലെ ആഘോഷം ഞായറാഴ്ചയും, ഓരോദിവ സത്തെ ആഘോഷം പ്രഭാതപ്രാർത്ഥനയിലും നടത്തുന്നു. വി. കുർബാന യോടൊപ്പം തന്നെ ഈ പ്രാർത്ഥനകളും വളരെ പ്രാധാന്യം അർഹിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇപ്രകാരമുള്ള പ്രാർത്ഥനകളുടെ വൈവിധ്യം കൊണ്ടും, അർത്ഥസമ്പുഷ്ടതകൊണ്ടും സമ്പന്നമാണ്. വിശുദ്ധ ബൈബിളിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഉപമകളും, സാഹചര്യ ങ്ങളും സുപരിചിതമാണല്ലോ. അതുപോലെ സഭയുടെ ആരാധനാക്രമവ ത്സരത്തെയും കാർഷികവൃത്തുയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. വിത്തു മുളപ്പിച്ച്, നനച്ച്, വളമിട്ട്, കതിർവന്ന്, കൊയ്ത്, ശേഖരിച്ച്, പാചകം ചെയ്തു ഭക്ഷിക്കുന്നതും വിതരണം ചെയ്യുന്നതുമായി ആരാധനാക്രമവത്സരത്തെയും താരതമ്യപ്പെടുത്തിയിരിക്കുന്നു.


ആഗോളകത്തോലിക്കാസഭയിലും, ആരാധനാക്രമവത്സരത്തിനും, യാമ പ്രാർത്ഥനകൾക്കും വലിയ പ്രാമുഖ്യം നൽകിയിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനാക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ (സാക്രോ സാങ്തം കൊൺചീലിയം) നാലാം അദ്ധ്യായത്തിൽ ആരാധനാക്രമവത്സര ചക്രത്തെപ്പറ്റി വളരെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ കത്തോ ലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിൽ ഇതിന്റെ പ്രാധാന്യം എടുത്തു കാണിച്ചിരിക്കുന്നു. മതബോധന ഗ്രന്ഥത്തിന്റെ 1163 മുതൽ 1178 വരെയുള്ള ഖണ്ഡികയിൽ ഇതു വ്യക്തമാക്കിയിരിക്കുന്നു. ആധനാക്രമവത്സരം ഏകപെസഹാരഹസ്യത്തിന്റെ വിവിധ വശങ്ങൾ വെളിവാക്കുന്നു. മനുഷ്യാ വതാരരഹസ്യത്തെ ചൂഴ്ന്നു നിൽക്കുന്ന തിരുനാളുകളുകളുടെ സമയക്രമത്തെ സംബന്ധിച്ചും ഇങ്ങനെ തന്നെയാണ്. അവ നമ്മുടെ രക്ഷയുടെ ആരംഭത്തെ അനുസ്മരിക്കുകയും, പെസഹാരഹസ്യത്തിന്റെ ആദ്യഫലങ്ങൾ നമുക്ക് പകർന്നുതരികയും ചെയ്യുന്നു. (CCC 1171).

ഞങ്ങൾ പ്രാർത്ഥനയിലും, വചനശുശ്രൂഷയിലും നിരന്തരം വ്യാപരി ച്ചുകൊള്ളാം (അപ്പ 6:4). ആദിമ സഭയുടെ ഈ ചൈതന്യം ഇപ്പോഴും കാത്തു സൂക്ഷിക്കുവാനും, രക്ഷയുടെ അനുഭവത്തിലേക്കു കടന്നുവരുന്നതിനും പ്രാർത്ഥനകളുടെ ഈ വാർഷിക, വാര, ദിനചക്രങ്ങൾ നമ്മെ സഹായിക്കും. ഇത് എല്ലാ വിശ്വാസികളും, പ്രത്യേകിച്ച് സുവിശേഷസംഘത്തിന്റെ ആദ്ധ്യാ ത്മീകതയിൽ ജീവിക്കാൻ കടപ്പെട്ട ഏവരും പാലിച്ചാൽ, ദൈവത്തെ മഹത്വ പ്പെടുത്തുന്നതിനും, വിശുദ്ധീകരിക്കപ്പെടുന്നതിനും, ദൈവകൃപ ലഭിക്കുന്ന തിനും സഹായകരമാകും. നാം ഓരോരുത്തരും ഈ ആദ്ധ്യാത്മീകത യിലേക്ക് വിളിക്കപ്പെട്ടവരാണ് എന്നു കൂടി ഓർമിക്കുക.

ധ്യാനചിന്ത

# കരയിൽ നിന്നും അകന്നു നിൽക്കുക

ലൂക്കാ 5:1-11 പത്രോസിനെ യേശു വിളിക്കുന്നു



**മോസ്റ്റ് റവ ജേക്കബ് മാർ ബർണബാസ്**

ദൈവവചനം ശ്രവിക്കാൻ ധാരാളം ആളുകൾ ഗനസറേത്തു തടാകത്തിന് തീരത്ത് നിൽക്കുന്നത് യേശു കണ്ടു. അവരോടു വചനം പ്രഘോഷിക്കാൻ യേശുവിന് ഒരു വഞ്ചി ആവശ്യമായിരു ന്നു. പത്രോസിന്റെ വഞ്ചി കർത്താവ് പ്രത്യേകം ശ്രദ്ധിച്ചു. യേശു അതിൽ കയറി വഞ്ചി കരയിൽ നിന്നും അൽപം നീക്കാൻ യേശു പത്രോസിനോട് ആവശ്യപ്പെട്ടു. പത്രോസ് അപ്രകാരം ചെയ്തു. അതിലിരുന്ന് യേശു ജനത്തെ പഠിപ്പിച്ചു. വചനം പ്രഘോഷിക്കുവാൻ പത്രോസാകുന്ന വഞ്ചി യേശുവിന് ആവശ്യമുണ്ട് എന്നാൽ അതിന് തടസമായി നിൽക്കുന്ന ഒരു കാര്യമു ണ്ട്. വഞ്ചി കരയോട് അടുത്താണ് കിടക്കുന്നത്. കരയിൽ നിന്നും വഞ്ചി അകറ്റി നിർത്താതെ പത്രോസാകുന്ന വഞ്ചിയിൽ യേശുവിന് കയറാൻ സാധിക്കില്ല. കരയിൽ നിന്നും അൽപം മാറാൻ മനസുണ്ടോ? ലൗകികതയുടെയും ഭൗതികതയുടെയും ജഡിക തയുടെയും സുരക്ഷിതത്വത്തിന്റെയും പ്രതീകമാണ് കര. അവിടെ നിന്നും അകലാൻ മനസ്സില്ലാത്തവരെ കർത്താവിന് സുവിശേഷ ശുശ്രൂഷയ്ക്കായി ഉപയോഗിക്കാൻ സാധി ക്കില്ല. പത്രോസ് അത് സമ്മതിച്ചു. ഞാൻ കരയിൽ നിന്നും അൽപം മാറി നിൽക്കാം. വഞ്ചിയിലിരുന്ന് പഠിപ്പിച്ചു തീർന്നപ്പോൾ യേശു ശിമയോനോട് പറഞ്ഞു. ആഴത്തിലേക്ക് നീക്കി മീൻ പിടിക്കാൻ വലയിറക്കുക. അധ്വാനിച്ചിട്ട് ഒന്നും ലഭിക്കാതെ നിരാശനായി രുന്ന ശിമയോനോടാണ് ആഴത്തിൽ വലയിറക്കാൻ യേശു കൽപ്പിച്ചത്. പത്രോസ് മന സിൽ ചിന്തിച്ചു ഒരു തച്ചന്റെ മകനായ നിനക്ക് വഞ്ചിയുടെ സാങ്കേതികത്വവും കേടുപാ ടുകളും മനസിലാകും എന്നാൽ മീൻ പിടിത്തം ഞങ്ങളെ പഠിപ്പിക്കണ്ടാ. “എങ്കിലും” നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം. നിന്റെ വാക്കിൽ നിന്റെ സ്വരത്തിൽ ഏതോ ഒരു പ്രത്യേകത ഞാൻ കാണുന്നു. നിന്റെ വാക്ക് അനുസരിച്ച് ഞാൻ വലയിറക്കാം. പത്രോസ് യേശുവിന്റെ വചനം അനുസരിച്ച് ആഴത്തിൽ വല എറിഞ്ഞു. ധാരാളം മീൻ ലഭിച്ചു. കർത്താവ് പത്രോസിനോട് പറയുകയാണ്. നിനക്ക് ദൈവത്തിന്റെ അത്ഭുതം കാണണമെങ്കിൽ ദൈവത്തിന്റെ ഇടപെടൽ കാണണമെങ്കിൽ ആഴത്തിൽ വല എറിയ ണം. അതിന് മനസുണ്ടോ? കരയുടെ സുരക്ഷിതത്വത്തിൽ നിന്നും ആഴിയുടെ ആഴങ്ങ ളിലെ വെല്ലുവിളി സ്വീകരിക്കാൻ മനസുണ്ടോ? ആഴങ്ങളിൽ ചുഴിയും അപകടങ്ങളുമു ണ്ടാകും. കാറ്റും പ്രതിസന്ധികളും ഉണ്ടാകാം. കരയ്ക്കിരുന്ന് സുരക്ഷിതത്ത്വത്തിൽ മീൻ പിടിക്കാൻ എളുപ്പമാണ് എന്നാൽ മനുഷ്യനെ പിടിക്കണമെങ്കിൽ യേശുവിന് ഉപകരണ മായി സുവിശേഷ ശുശ്രൂഷ ചെയ്യണമെങ്കിൽ കരയുടെ എല്ലാ യാഥാർത്ഥ്യത്തെയും ഉപേ ക്ഷിക്കണം. കൂടാതെ ആഴങ്ങളിലേക്ക് ഇറങ്ങി പോകാനുള്ള, പ്രതിസന്ധികളെ നേരിടാ നുള്ള, ധൈര്യം ഉണ്ടാകണം. അപ്രകാരം കരയിൽ നിന്ന് അകലാനും ആഴങ്ങളിലേക്ക് പോകാനും മനസുള്ളവന് മാത്രമേ ദൈവത്തിന്റെ അത്ഭുതങ്ങൾ കാണാനും ദൈവത്തിന്റെ ഇടപെടൽ കാണാനും സാധിക്കുകയുള്ളൂ.

അധ്വാനിച്ചിട്ടും മീൻ ലഭിക്കാതെ നിരാശനായി നിന്നിരുന്ന പത്രോസ് യേശുവിന്റെ വാക്ക് കേട്ട് വലയിറക്കിയപ്പോൾ മീനിന്റെ വലിയ പെരുപ്പം കണ്ടു. അത് സ്വന്തമാക്കാ നല്ല പത്രോസ് ആഗ്രഹിച്ചത്, മറ്റുള്ളവരുമായി പങ്കുവയ്ക്കാനാഗ്രഹിക്കുകയാണ്. മറ്റ് വഞ്ചിയിലുണ്ടായിരുന്നവരെ കൂടി വിളിച്ച് കിട്ടിയ അനുഗ്രഹം പങ്കുവച്ചു.

വലിയ മീനിന്റെ പെരുപ്പം കണ്ട പത്രോസിന്റെ കണ്ണുകൾ മീനിന്റെ പെരുപ്പത്തി ലേക്കല്ല അത് നൽകിയ യേശുവിലേക്ക് തിരിഞ്ഞു. മീനിൽ അവന്റെ കണ്ണു ഉടക്കാതെ അതിന്റെ ദാതാവിലേക്ക് അവന്റെ കണ്ണ് ഉയർന്നു. തന്റെ മുമ്പിൽ നിൽക്കുന്ന യേശു വിധിയാളനാണെന്നും ദൈവമാണെന്നും അവൻ തിരിച്ചറിഞ്ഞു. അവൻ പറഞ്ഞു “കർത്താവേ ഞാൻ പാപിയാണ് നീ എന്നിൽ നിന്നും അകന്നു പോകണം” ദൈവത്തെ കണ്ട് മുട്ടുന്ന ഏതൊരു വ്യക്തിക്കും ഉണ്ടാകുന്ന അടിസ്ഥാന ചിന്തയാണ് ഞാൻ പാപി യാണെന്ന ബോധ്യം. നമ്മൾ ഇപ്രകാരമുള്ള ഒരു അവസരത്തിൽ പറയും കർത്താവേ നീ ഒരിക്കലും എന്നെ വിട്ടു പോകരുത്. കാരണം നീ കൂടെയുണ്ടെങ്കിൽ എനിക്ക് എപ്പോഴും കൂടുതൽ മീൻ ലഭിക്കും. എന്നാൽ പത്രോസിന്റെ കണ്ണ് ..... യേശുവിലാണ് പതിച്ചത്. അപ്പോൾ അവൻ എല്ലാം ഉപേക്ഷിക്കാൻ തയ്യാറായി. വലയും, വള്ളവും, മീനും, കരയും, കടലും എല്ലാം.

യേശു പത്രോസിനോട് രണ്ട് കാര്യങ്ങളാണ് ആവശ്യപ്പെട്ടത്. 1). നിന്റെ വഞ്ചി കരയിൽ നിന്നും അൽപം അകറ്റിനിർത്തണം. 2) മീൻ ലഭിക്കുന്നതിനായി നീ ആഴത്തിൽ വല ഇറക്കണം. ഇതു രണ്ടും പത്രോസ് അനുസരിച്ചു. അങ്ങനെയാണ് അവൻ യേശു വിൽ ദൈവത്തെ കണ്ടുമുട്ടുന്നതും യേശുവിന്റെ യഥാർത്ഥ സുവിശേഷകനായി തീർന്ന തും.

സുവിശേഷശുശ്രൂഷയ്ക്കായി സമർപ്പിക്കാൻ ആരെങ്കിലും തയ്യാറാണെങ്കിൽ അവൻ ചെയ്യേണ്ട രണ്ടു കാര്യങ്ങളാണ്.

1. കരയിൽ നിന്നും അകന്നു നിൽക്കുക 2. ആഴങ്ങളിലേക്ക് ചെന്ന് വല വീശുക

കരയുടേതായ, ഈ ലോകത്തിന്റേതായ, ഭൗതികതയുടേതായ, ബന്ധനത്തിൽ നിൽക്കുന്നിടത്തോളം കാലം, ദൈവത്തിന് നമ്മെ അവന്റെ ഉപകരണമാക്കാൻ സാധി ക്കില്ല. അതിനാൽ കരയിൽ നിന്ന് അകലാൻ മനസുണ്ടോ എങ്കിൽ നിനക്ക് ഒരു സുവി ശേഷകനാകാം.

കടലിന്റെ ആഴങ്ങളിലെ പ്രതിസന്ധിയിലേക്ക് പോയി വല വീശാൻ കഴിയുന്നവ നാണ്, അത്ഭുതം കാണാൻ കഴിയുക. സുവിശേഷ ശുശ്രൂഷകൻ പ്രതിസന്ധിയിലേക്കും, വെല്ലുവിളികളിലേക്കും എടുത്തുചാടാൻ മനസുള്ളവനായിരിക്കണം. കരയ്ക്കിരുന്ന് സുര ക്ഷിതത്വത്തിലിരുന്ന് സൗഭാഗ്യങ്ങളിലിരുന്ന്, സുവിശേഷം പറയാൻ എളുപ്പമാണ്. അവർക്കൊന്നും ദൈവത്തിന്റെ അത്ഭുതം കാണാൻ കഴിയില്ല. സുവിശേഷത്തിനുവേണ്ടി സുരക്ഷിതത്ത്വവും സൗകര്യങ്ങളും, വേണ്ടെന്നു വച്ച് വെല്ലുവിളി ഏറ്റെടുക്കാൻ മനസു ള്ളവന് മാത്രമേ ദൈവത്തിന്റെ ഇടപെടൽ കാണാൻ സാധിക്കൂ. അവനുമാത്രമേ പലതി നെയും ഉപേക്ഷിച്ച് യേശുവിനെ അനുഗമിക്കാൻ സാധിക്കൂ.

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



തിരുവല്ല അതിരുപത സുവിശേഷസംഘം 2-ാം ബാച്ച് പരിശീലനത്തിൽ

## സഭാതല വാർത്തകൾ

### സഭാതല സുവിശേഷസംഘാംഗങ്ങളുടെ കൈവയ്പ്പ് ശുശ്രൂഷ

സഭാതലസുവിശേഷസംഘം മൂന്നാം ബാച്ചിന്റെ കൈവയ്പ്പ് ശുശ്രൂഷ 2016 ജൂലൈ 14,15 തീയതികളിൽ പട്ടം കത്തീഡ്രലിൽ വച്ച് നടന്നു. ഇതിന് ഒരുക്കമായുള്ള ധ്യാനം, ജൂലൈ 14ാം തീയതി രാവിലെ 9.30മുതൽ 4 മണി വരെ കാതോലിക്കേറ്റ് സെന്ററിൽ വച്ച് അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെയും ബ. ആന്റണി കാക്കനാട്ട് അച്ചന്റേയും നേതൃത്വത്തിൽ നടന്നു. അന്നേ ദിവസം വൈകുന്നേരം കത്തീഡ്രലിൽ വച്ച് നടന്ന സന്ധ്യാപ്രാർത്ഥനക്കു ശേഷം മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെയും, മറ്റ് എല്ലാ മെത്രപ്പോലീത്താമാരുടെയും നേതൃത്വത്തിൽ കൈവയ്പ്പ് ശുശ്രൂഷ നടന്നു. നമ്മുടെ എല്ലാ രൂപതകളിൽ നിന്നുമായി **65** പേർ (5 ബ. വൈദികർ, 1 ബ. ബ്രദർ, 17 ബ. സിസ്റ്റേഴ്സ്, 42 അൽമായസഹോദരങ്ങൾ) ഈ ശുശ്രൂഷയിൽ പങ്കെടുത്ത് തങ്ങളെത്തന്നെ സുവിശേഷാധിഷ്ഠിത ജീവിതത്തിനും, സുവിശേഷശുശ്രൂക്കുമായി സമർപ്പിച്ചു.

ജൂലൈ 15-ാം തീയതി രാവിലെ നടന്ന സമൂഹബലി മദ്ധ്യേ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ കൈവയ്പ്പ് സ്വീകരിച്ചവർക്ക് വിശുദ്ധ ഗ്രന്ഥവും കത്തിച്ച തിരികളും നൽകി. സുവിശേഷം ജീവിച്ചും പ്രഘോഷിച്ചും യേശുവിന്റെ പ്രകാശം ലോകത്തിന് നൽകുവാൻ നിയോഗിച്ചയക്കുന്ന പാവനമായ ശുശ്രൂഷയും നടന്നു. ഇൻഡ്യ മുഴുവൻ സുവിശേഷം പ്രസംഗിക്കണം എന്ന് ആഗ്രഹിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുനാൾ ദിവസം ഈ പ്രത്യേക ശുശ്രൂഷകളിലൂടെ ഇൻഡ്യയിലെ നമ്മുടെ എല്ലാ രൂപതകളിൽ നിന്നുമുള്ള **65** സഹോദരങ്ങൾ സുവിശേഷ ശുശ്രൂഷക്കായി തങ്ങളെത്തന്നെ സമർപ്പിച്ച് സുവിശേഷ ദീപവുമേന്തി ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലേക്ക് പോകുവാൻ ഇടയായി എന്നത് ദൈവനിയോഗമായും വലിയ ഭാഗ്യമായും കാണുന്നു. എല്ലാവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും പ്രർത്ഥനാ ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു

### .റീഹോ ദ് ഏവൻഗേലിയോൻ

സുവിശേഷസംഘത്തിന്റെ പ്രസിദ്ധീകരണമായ റീഹോ ദ് ഏവൻഗേലിയോൻ (സുവിശേഷത്തിന്റെ പരിമളം)എന്ന ത്രൈമാസിക നാലാം ലക്കം 10,000 കോപ്പി 2016 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ച് മലങ്കരസഭയിലെ എല്ലാ വൈദീകർക്കും, എല്ലാ സന്യാസഭവനങ്ങൾക്കും, സുവിശേഷസംഘാംഗങ്ങൾക്കുമായി 3500 കോപ്പി അയച്ചു കൊടുത്തു. ബാക്കിയുള്ളവ സുവിശേഷസംഘാംഗങ്ങൾ വഴി ഇടവകകളിലും വിതരണം ചെയ്തുവരുന്നു.

### മാർ ഇവാനിയോസ് പ്രയർ മിനിസ്ട്രി - ഫോൺ നമ്പർ 8281512877

പട്ടം കബർ ചാപ്പലിൽ 2016 ജൂലൈ 1-ാം തീയതി മുതൽ എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 5 മണി വരെ സുവിശേഷ സംഘാംഗങ്ങളുടെ നേതൃത്വത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനയും 4 മണിക്ക് വിശുദ്ധ കുർബ്ബാനയും നടന്നുവരുന്നു. ധാരാളം പ്രാർത്ഥനാ നിയോഗങ്ങൾ നേരിട്ടും ഫോണിലൂടെയും ലഭിക്കുന്നുണ്ട്. കബർ ചാപ്പൽ ഒരു പ്രാർത്ഥനാ സങ്കേതമായി മാറിയിരിക്കുകയാണ്. എല്ലാവർക്കും മാർ ഇവാനിയോസ് പ്രയർ മിനിസ്ട്രിയിൽ പങ്കുചേർന്ന് പ്രാർത്ഥിക്കാം.



പുത്തൂർ രൂപതയിൽ സെപ്റ്റംബർ 17 ന് വൈകീട്ട് പുനരൈക്യവാർഷികത്തോടനുബന്ധിച്ച് നടന്ന സുവിശേഷസന്ധ്യയിൽ കർദ്ദിനാൾ ക്ലീമീസ് ബാവ തിരുമേനി സന്ധ്യാപ്രാർത്ഥനയ്ക്ക് നേതൃത്വം നല്കുന്നു

### രൂപതാതല സുവിശേഷസംഘ പരിശീലന പരിപാടി

തിരുവല്ലാ അതിരൂപതാസംഘം രണ്ടാം ബാച്ചിന്റെ പരിശീലന പരിപാടി 2016 ജൂലൈ 23,24 തീയതികളിൽ ശാന്തിനിലയത്തിൽ വച്ച് നടന്നു. 102 പേർ ഇതിൽ പങ്കെടുത്തു. തുടർ പരിശീലനം ഒക്ടോ. 1, 2 തീയതികളിൽ നടന്നു.

തിരുവനന്തപുരം മേജർ അതിരൂപതാ സംഘം മൂന്നാം ബാച്ചിന്റെ ഒന്നാം പരിശീലനപരിപാടി ജൂലൈ 29,30 തീയതികളിൽ കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്നു. 78 പേർ ഇതിൽ സംബന്ധിച്ചു. അടുത്ത പ്രോഗ്രാം ഒക്ടോ. 28,29 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു.

ഡൽഹി രൂപതാ സുവിശേഷസംഘ പരിശീലന പരിപാടി ഓഗസ്റ്റ് 6,13 തീയതികളിൽ നടന്നു. 50 പേർ പങ്കെടുത്തു. കത്തീഡ്രൽ, വെസ്റ്റ് ഡൽഹി എന്നീ ഇടവകകളുടെ ഭവനസന്ദർശനവും നടത്തി.

പൂനാ എക്സാർക്കേറ്റിൽ, ബാഗ്ളൂർ, പൂന, ബോംബെ എന്നീ റീജനുകളിൽ ഓഗസ്റ്റ് 6,7 ഓഗസ്റ്റ് 12, ഓഗസ്റ്റ് 15 എന്നീ തീയതികളിൽ പരിശീലനപരിപാടി നടന്നു.

തിരുവനന്തപുരം മേജർ അതിരൂപതാ സംഘം രണ്ടാം ബാച്ചിന്റെ നാലാം പരിശീലനപരിപാടി ഓഗസ്റ്റ് 20,21 തീയതികളിൽ നാലാഞ്ചിറ റിന്യൂവൽ സെന്ററിൽ വച്ച് നടന്നു.

സെപ്റ്റംബർ 3 ന് മാവേലിക്കര രൂപതയുടെ രണ്ടാം ബാച്ചിന്റെ നാലാം പരിശീലനപരിപാടി നടന്നു.


സെപ്റ്റംബർ 10 ന് തിരുവനന്തപുരം മേജർ അതിരൂപതയിലെ കുട്ടികളുടെ സുവിശേഷ സംഘത്തിന്റെ തുടർ പരിശീലനം നടന്നു.

സെപ്റ്റംബർ 23,24 തീയതികളിൽ പത്തനംതിട്ട രൂപതയുടെ രണ്ടാം ബാച്ചിന്റെ നാലാം പരിശീലനപരിപാടി നടന്നു.

### സിസ്റ്റേഴ്സിന്റെ സുവിശേഷസംഘ പരിശീലന പരിപാടി

ആഗസ്റ്റ് 26,27 തീയതികളിൽ ബഥനി സിസ്റ്റേഴ്സിന്റെയും, ആഗസ്റ്റ് 30,31 തീയതികളിൽ ഡി.എം സിസ്റ്റേഴ്സിന്റെയും തുടർ പരിശീലന പരിപാടികൾ അതതു ജനറലേറ്റ് ഭവനങ്ങളിൽ വച്ച് നടന്നു.

കൂടാതെ സെപ്റ്റംബർ 12,13 തീയതികളിൽ പോങ്ങുംമൂട് ഭവനത്തിൽ വച്ച് ഡി.എം സിസ്റ്റേഴ്സിന്റെയും സെപ്റ്റംബർ 21 ന് നാലാംഞ്ചിറ ബഥനിമഠത്തിൽ വച്ച് ബഥനിസിസ്റ്റേഴിസിന്റെയും പരിശീലനപരിപാടി പ്രൊവിൻസ് തലത്തിൽ നടന്നു.



ജൂലൈ 14 ന് വൈകിട്ട് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന സുവിശേഷസംഘ കൈവയ്പ് ശുശ്രൂഷ

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ

### സുവിശേഷസന്ധ്യ

പുത്തൂർ രൂപതയിൽ വച്ച് സെപ്റ്റംബർ 17, 18 തീയതികളിൽ നടന്ന പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് സെപ്റ്റംബർ 17ന് വൈകുന്നേരം സുവിശേഷസന്ധ്യാ നടത്തുകയുണ്ടായി. സങ്കീർത്തനവായന, സന്ധ്യാപ്രാർത്ഥന, വചനവായന, വചനസന്ദേശം, ദിവ്യകാരുണ്യ ആരാധന, ഭക്തഗാനങ്ങൾ ഇവ ഉൾപ്പെടുത്തി നടത്തിയ ഈ പ്രാർത്ഥനാ ശുശ്രൂഷ വളരെ അനുഗ്രഹപ്രദവും പ്രചോദനാത്മകവുമായിരുന്നു എന്ന് പലരും പങ്കുവച്ചു.



ജൂലൈ 14 ന് വൈകിട്ട് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന സുവിശേഷസംഘ കൈവയ്പ് ശുശ്രൂഷയിൽ വന്ദ്യപിതാക്കന്മാർ ആശിർവാദം നൽകുന്നു

## രൂപതാ വാർത്തകൾ

### 1. തിരുവനന്തപുരം മേജർ അതിരൂപത

സുവിശേഷസംഘ ശുശ്രൂഷകൾ തിരുവനന്തപുരം മേജർ അതിരൂപതയിൽ നന്നായി നടക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. 173 പള്ളികളിൽ സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ ഞായറാഴ്ച ധ്യാനം നടത്തുകയും 173 ഇടവകകളിൽ 13971 ഭവനങ്ങൾ സുവിശേഷസംഘാംഗങ്ങൾ സന്ദർശിക്കുകയും ചെയ്തു. 2016 ജൂലൈ മാസം 29, 30 തീയതികളിൽ രൂപതാതലത്തിൽ മൂന്നാം ബാച്ചിന്റെ പരിശീലനം ആരംഭിച്ചു. 70 അംഗങ്ങളോളം അതിൽ പങ്കെടുത്തു. സെപ്റ്റംബർ 10-ാം തീയതി കുട്ടികളുടെ സുവിശേഷസംഘത്തിന്റെ മൂന്നാം തുടർ പരിശീലനം നടത്തി. ജൂലൈ മാസം 1-ാം തീയതി മുതൽ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ തുടർച്ചയായി എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ സുവിശേഷ സംഘാംഗങ്ങളുടെ നേതൃത്വത്തിൽ മധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു. മേജർ അതിരൂപതാ സുവിശേഷ സംഘാംഗങ്ങളാണ് അതിന് നേതൃത്വം നൽകുന്നത്. വൈകിട്ട് 4 മുതൽ 5 വരെ സമയത്ത് വി. കുർബാനയും നടത്തുന്നു. രൂപതാ സുവിശേഷസംഘാംഗങ്ങൾ 33 പേര് മാർത്താണ്ഡം രൂപതയിലെ ആനപ്പൊറ്റ മിഷൻ കേന്ദ്രം സന്ദർശിക്കുകയും ആ മിഷൻ കേന്ദ്രം ഏറ്റെടുക്കുകയും ചെയ്തു. അവർക്ക് ഓണകിറ്റ് വിതരണം ചെയ്തു.



ജൂലൈ 15 ന് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന വിശുദ്ധ കുർബാന മദ്ധ്യേ സുവിശേഷസംഘാംഗങ്ങൾക്ക് ബൈബിളും കത്തിച്ച മെഴുകുതിരിയും നൽകുന്നു

### 2. തിരുവല്ലാ അതിരൂപതാ

അതിരൂപതാ സുവിശേഷസംഘ പ്രവർത്തനങ്ങൾ ക്രമമായി നടക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ഇതുവരെ 46 ഇടവകകളിൽ ഞായറാഴ്ചയിലുള്ള ധ്യാനശുശ്രൂഷ നടത്തുകയും ആ ഇടവകകളിലെ 2235 ഭവനങ്ങളിൽ സുവിശേഷസംഘം സന്ദർശനം നടത്തുകയും ചെയ്തു. ജൂലൈ മാസം 22, 23 തീയതികളിൽ തിരുവല്ലാ അതിരൂപതാ സുവിശേഷസംഘത്തിന്റെ രണ്ടാം ബാച്ചിന്റെ ആദ്യ പരിശീലനം നടന്നു. 102 അംഗങ്ങൾ പങ്കെടുത്തു. അടുത്ത പരിശീലനം, ഒക്ടോബർ 1, 2 തീയതികളിൽ ശാന്തിനിലയത്തിൽ വച്ച് നടക്കും. അതിരൂപതയിലെ സുവിശേഷസംഘാംഗങ്ങൾ ഓഗസ്റ്റ് മാസം 14-ാം തീയതി മാർത്താണ്ഡം രൂപതയിലെ അൻപുനഗർ എന്ന മിഷൻ കേന്ദ്രം സന്ദർശിക്കുകയും ആ കൂട്ടായ്മയിൽ പങ്കുചേരുകയും അവിടുത്തെ മിഷൻ ഏറ്റെടുക്കുകയും ചെയ്തു.

### 3. ബത്തേരി രൂപത

രൂപതയിലെ സുവിശേഷസംഘ പ്രവർത്തനങ്ങൾ പൂർവാധികം ഭംഗിയായി നടക്കുന്നു. 44 ദൈവാലയങ്ങളിൽ സുവിശേഷസംഘത്തിന്റെ ഞായറാഴ്ചയിലെ ധ്യാന ശുശ്രൂഷ നടത്തി. 2722 ഭവനങ്ങളിൽ സന്ദർശനം നിർവഹിച്ചു. ഇടക്കര, നീലഗിരി, ബത്തേരി, മാനന്തവാടി, പുൽപ്പള്ളി, കോഴിക്കോട് എന്നീ മേഖലകളിൽ സുവിശേഷസംഘത്തിന്റെ തുടർ പരിശീലനം നടക്കുന്നു.

### 4. മാർത്താണ്ഡം രൂപത

മാർത്താണ്ഡം രൂപതാ സുവിശേഷസംഘ പ്രവർത്തനങ്ങൾ ഏറ്റവും അനുഗ്രഹപ്രദമായി നടക്കുന്നു. 21 ദേവാലയങ്ങളിൽ ശുശ്രൂഷ നിർവഹിച്ചു. അവിടെയുള്ള 2565 ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷസംഘത്തിന്റെ സന്ദേശം നൽകി. രൂപതാ സുവിശേഷസംഘത്തിന്റെ രണ്ടാം ബാച്ചിന്റെ ആദ്യ കൂടിവരവ് നടന്നു. 40 അംഗങ്ങൾ പങ്കെടുത്തു. പുത്തൂർ വച്ച് നടന്ന പുനരൈക്യ വാർഷികത്തിനും സുവിശേഷ സന്ധ്യയ്ക്കും മാർത്താണ്ഡം രൂപതയിലെ 25 സുവിശേഷ സംഘാംഗങ്ങൾ പങ്കെടുത്തു.

### 5. പത്തനംതിട്ട രൂപത

സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ രൂപതയിൽ നന്നായി പോകുന്നു. ഇതിനോടകം 37 ദൈവാലയങ്ങളിൽ സുവിശേഷസംഘത്തിന്റെ ഞായറാഴ്ച ധ്യാന ശുശ്രൂഷ നിർവഹിച്ചു. 2505 ഭവനങ്ങളിൽ സന്ദർശനം നടത്തി. മാസത്തിൽ ഒരിക്കൽ കൈവയ്പ്പ് ലഭിച്ച വ്യക്തികളുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥനാശുശ്രൂഷ നിർവഹിക്കുന്നു. സെപ്റ്റംബർ മാസം 23, 24 തീയതികളിൽ രൂപതാതല സുവിശേഷസംഘത്തിന്റെ രണ്ടാം ബാച്ചിന്റെ നാലാമത്തെ പരിശീലനം മൗണ്ട് താബോർ ആശ്രമത്തിൽ വച്ച് നടന്നു. രൂപതാ സുവിശേഷസംഘത്തിലെ 6 അംഗങ്ങൾ മാർത്താണ്ഡം രൂപതയിലെ ജ്ഞാനദാസപുരം മിഷൻ കേന്ദ്രം സന്ദർശിക്കുകയും സ്നേഹവും കൂട്ടായ്മ പങ്കുവയ്ക്കുകയും ആ മിഷൻ കേന്ദ്രം ഏറ്റെടുക്കുകയും ചെയ്തു.

### 6. മാവേലിക്കര രൂപത

രൂപതാ സുവിശേഷസംഘ ശുശ്രൂഷകൾ ദൈവകൃപയാൽ നന്നായി നടക്കുന്നു. ഇതിനോടകം 1085 ഭവനങ്ങൾ സുവിശേഷസംഘാംഗങ്ങൾ സന്ദർശിക്കുകയും 16 ദൈവാലയങ്ങളിൽ സുവിശേഷസംഘത്തിന്റെ

*(തുടർച്ച 14-ാം പേജിൽ)*



തിരുവനന്തപുരം മേജർ അതിരൂപത സുവിശേഷസംഘം 3-ാം ബാച്ച് പരിശീലനത്തിൽ

www.malankaralibrary.com





അനുഭവസാക്ഷ്യം

# വിശുദ്ധിയിലേയ്ക്കുള്ള പ്രയാണം

**സി. ദർശന ഫ്രാൻസീസ് ഡി.എം**
സഭാതല സുവിശേഷസംഘാംഗം

യേശുക്രിസ്തുവിന്റെ പരിശുദ്ധിയെ ലക്ഷ്യം വെച്ച് വിശുദ്ധമായ ഒരു ജീവിതം നയിക്കാൻ പരിശുദ്ധാത്മാവിനാൽ വിളിക്കപ്പെട്ടവരുടെ കൂട്ടായ്മയാണ് സുവിശേഷ സംഘം. മലങ്കര സുറിയാനി കത്തോലിക്ക സഭയിലെ സഭാതല സുവിശേഷ സംഘത്തിലെ അംഗമാകുവാൻ വിളി ലഭിച്ചത് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. ഒരു സന്യാസിനി എന്ന എന്റെ ദൈവവിളിയുടെ വിവിധ മാനങ്ങൾ കൂടുതൽ തീക്ഷണതയോടെ, തീവ്രതയോടെ ജീവിക്കുവാൻ സുവിശേഷ സംഘത്തിലെ പങ്കാളിത്തം, പരിശീലനം, ശുശ്രൂഷകൾ, കൂട്ടായ്മകൾ എനിക്ക് വളരെയേറെ പ്രചോദനമായി. സുവിശേഷ സംഘത്തിന്റെ പരിശീലനത്തിന്റെ നാളുകൾ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പുതിയ പെന്തക്കൂസ്താനുഭവത്തിന്റെയും ദിനങ്ങൾ ആയിരുന്നു. പരിശീലനത്തിന്റെ നാളുകളിൽ ലഭിച്ച ക്ലാസുകളിലൂടെ ക്രിസ്തുവിന്റെ കണ്ണുകളിലൂടെ എന്നെത്തന്നെ കാണുവാനും മറ്റുള്ളവരെ കാണുവാനും, യേശുവുമായി ഒരു വൈകാരിക ബന്ധത്തിലേയ്ക്ക് വളരുവാനും സഹായിച്ചു. സ്വയം വിശുദ്ധീകരിച്ച് ക്രിസ്തു ശിഷ്യന്റെ യഥാർത്ഥ സന്തോഷത്തിലേയ്ക്കുള്ള വളർച്ചയുടെ ദിനങ്ങളായിരുന്നു എന്ന് ആത്മാർത്ഥതയോടെ പറയാൻ കഴിയും. ഓരോ പ്രാവശ്യവും പരിശീലനത്തിനായി ഒന്നിച്ചു കൂടുമ്പോൾ ഓരോരുത്തരും തങ്ങളുടെ അനുഭവങ്ങൾ പങ്കു വെയ്ക്കുമ്പോൾ വ്യക്തികൾക്ക് കാഴ്ചപ്പാടിലും മനോഭാവത്തിലും പ്രവർത്തനത്തിലും വന്ന മാറ്റങ്ങൾ അത്ഭുതപ്പെടുത്തുന്നവയായിരുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും ക്ലേശമോ, ദുരിതമോ, പീഢനമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ (റോമ. 8:35) ഇവയ്ക്കൊന്നും ദൈവ സ്നേഹത്തിൽ നിന്ന് തങ്ങളെ അകറ്റാൻ കഴിയില്ല എന്ന് സുവിശേഷ സംഘാംഗങ്ങൾ ജീവിതം കൊണ്ട് സാക്ഷ്യം നൽകുന്നു. നേതൃത്വം നൽകുന്നവരുടെയും പരിശീലിപ്പിക്കുന്നവരുടെയും വിശുദ്ധവും ത്യാഗനിർഭരവുമായ ജീവിത മാതൃക അന്നും ഇന്നും ഏറെ പ്രചോദനം നൽകുന്നതായിരുന്നു.

അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമെ അവിടുത്തെ വചനമാണ് സത്യം. അങ്ങ് എന്നെ ലോകത്തിലേയ്ക്ക് അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേയ്ക്ക് അയച്ചിരിക്കുന്നു. അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കു വേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു. (യോഹ. 17:17-19) സുവിശേഷ സംഘാഗങ്ങളുടെ ദൗത്യം സത്യമായ അവിടുത്തെ വചനത്താൽ സ്വയം വിശുദ്ധീകരിച്ച് ഈ ലോകത്തെ അവിടുത്തെ സത്യവചനത്താൽ വിശുദ്ധീകരിക്കുക എന്നതാണ്. നാളിതുവരെ ജീവിച്ചു പോന്ന ജീവിത ക്രമത്തിൽ നിന്ന് മാറി ഒരു പുതിയ സൃഷ്ടിയാകുന്ന അനുഭവം. ഹൃദയമാകുന്ന നെരിപ്പോടിൽ ആളിക്കത്തുന്ന ദൈവവചനം സ്വയം വിശുദ്ധീകരിക്കുകയും അനേകരെ വിശുദ്ധിയിലേയ്ക്കും പ്രകാശത്തിലേയ്ക്കും നയിക്കുകയും ചെയ്യുന്ന അനുഭവം. യേശുക്രിസ്തുവിന്റെ മനോഭാവം സ്വന്തമാക്കി മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കാണുവാൻ കഴിയുന്ന ക്രിസ്തീയതയിലേയ്ക്കുള്ള വളർച്ച, സ്വയം പരിത്യജിക്കാതെ ക്രിസ്തു ശിഷ്യനാകാൻ കഴിയില്ല എന്ന അവിടുത്തെ ഓർമ്മപ്പെടുത്തൽ ഹൃദയത്തിൽ തറയ്ക്കുമ്പോൾ അഹഃത്തിന്റെ ഓരോ അടരും ഉരിഞ്ഞു കളയുന്ന അവസ്ഥ, ഇതുവരെ നേടിയതൊക്കെ ഉച്ഛിഷ്ഠം പോലെ വലിച്ചെറിഞ്ഞ് നീമാത്രം മതി എന്ന് ഉള്ളുകൊണ്ട് ഏറ്റ് പറയുന്ന ആത്മീയവളർച്ച. ഇങ്ങനെ സുവിശേഷ സംഘത്തിലെ ഓരോ വ്യക്തിയും വിശുദ്ധിയിലേയ്ക്കുള്ള പ്രയാണത്തിലാണ്. വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കുവാൻ സാധിക്കയില്ല. അവനവനോട് തന്നെയുള്ള പോരാട്ടമാണ് ഈ ജീവിതം. നാളിതുവരെ അനുഭവിച്ചു കൊണ്ടിരുന്ന സുഖവും സന്തോഷവും പരിത്യജിക്കുമ്പോൾ ദൈവീകമായ സന്തോഷവും സംതൃപ്തിയും ആനന്ദവും അനുഭവിക്കുവാൻ സുവിശേഷ സംഘാംഗങ്ങൾക്ക് കഴിയുന്നു. അടഞ്ഞിരിക്കുന്ന കണ്ണുകൾ തുറന്ന് മറ്റുള്ളവരുടെ ദയനീയമായ ജീവിതാവസ്ഥ കാണുവാനും ക്രിസ്തുവിന്റെ മറ്റൊരു പകരക്കാരാനാകുവാനും ഒരോരുത്തരും തീവ്രമായി അഭിലഷിക്കുന്നു. ജീർണ്ണാവസ്ഥയിൽ ആയിരുന്ന ദേവാലയം പുതുക്കിപ്പണിയുവാൻ ഫ്രാൻസിസ് അസ്സീസിയോട് ആവശ്യപ്പെട്ടതുപോലെ ഈ ആധുനിക യുഗത്തിൽ ദൈവ വിശ്വാസത്തിന് ജീർണ്ണത സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരമാകുന്ന ഈ ദേവാലയം പുനരുദ്ധരിക്കേണ്ട ദൗത്യം സുവിശേഷ സംഘാഗങ്ങളുടേതാണെന്ന് കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. സ്നേഹം സ്നേഹിക്കപ്പെടുന്നില്ല എന്ന് വിലപിച്ചു കൊണ്ട് അസ്സീസിയുടെ തെരുവുകൾ തോറും ഒരു ഭ്രാന്തനെപ്പൊലെ ചുറ്റി നടന്ന ഫ്രാൻസീസിനെപ്പോലെ ദൈവസ്നേഹത്താൽ ജ്വലിക്കുന്നവരെയാണ് ഇന്ന് ആവശ്യം.

സുവിശേഷ സംഘാംഗമായി ഈ ദൈവീക ശുശ്രൂഷയിൽ ഏർപ്പെടുമ്പോൾ ഒരു സന്യാസിനി എന്ന നിലയിൽ വിശുദ്ധിയിലേയ്ക്കുള്ള എന്റെ യാത്ര കുറെക്കൂടി വേഗത്തിലാക്കുവാൻ കഴിയുന്നു. ഏത് പ്രവർത്തിയിൽ ഏർപ്പെട്ടാലും അതെല്ലാം സുവിശേഷാത്മകമായ ഒരു കാഴ്ചപ്പാടോടെ കാണുവാൻ ഇന്ന് കഴിയുന്നു. ക്രിസ്തുവുമായി വ്യക്തിപരമായ അടുപ്പമില്ലാതെ, അവിടുത്തെ കണ്ടും കേട്ടും അനുഭവിച്ചറിഞ്ഞും തഴക്കം വന്ന ജീവിതമില്ലാതെ എന്തു ചെയ്താലും, പറയുന്ന വാക്കും ചെയ്യുന്ന സുവിശേഷ ശുശ്രൂഷകളും പാഴിലായി പോകുന്നു എന്ന തിരിച്ചറിവിലേയ്ക്ക് വളരുവാൻ എനിക്ക് കഴിയുന്നു. ഒരു സന്യാസിനിക്ക് സുവിശേഷം പങ്കുവയ്ക്കുന്നതുപോലെ സംതൃപ്തി നൽകുന്ന മറ്റ് ഒരു ജോലിയും ഇല്ല എന്ന് അനുഭവം കൊണ്ട് എനിക്ക് പറയാൻ കഴിയും. തിരുവനന്തപുരം അതിരൂപതയിൽ സുവിശേഷ സംഘം, ഭവന സന്ദർശന ശുശ്രൂഷ ആരംഭിച്ചപ്പോൾ മുതൽ ഇന്നു വരെ ഈ ശുശ്രൂഷയോട് ചേർന്ന് നിന്ന് പ്രവർത്തിക്കുവാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിട്ടുണ്ട്. തികച്ചും വ്യത്യസ്ഥമായ ഏറെ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സഹനം കൊണ്ട് നെയ്തെടുത്ത ജീവിതങ്ങളുടെ മുമ്പിൽ കണ്ണു നിറഞ്ഞ് നിന്നു പോയിട്ടുണ്ട്. ദൈവ വചനത്തിനല്ലാതെ മറ്റൊന്നിനും മനുഷ്യമനസ്സുകളെ യഥാർത്ഥ സമാശ്വാസത്തിലേയ്ക്ക് നയിക്കാൻ കഴിയില്ലെന്നും. മറ്റുള്ളവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത എത്ര വളരെയാണ് എന്നൊക്കെ ബോധ്യപ്പെടുന്നത് ഭവനസന്ദർശന ശുശ്രൂഷയിൽ ഏർപ്പെടുമ്പോഴാണ്. മനുഷ്യരൊക്കെ ദൈവത്തിനുവേണ്ടി ദാഹിക്കുന്നു. അവിടുത്തെ വചനം കേൾക്കാൻ കാതോർക്കുന്നു. ജീവിതം തെറ്റിന്റെ വഴികളിലൂടെ മുന്നോട്ട് പോകുമ്പോൾ നേർവഴിക്ക് നയിക്കാൻ ആരെങ്കിലുമൊക്കെ ഉണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നു. ഭവനങ്ങളിലേയ്ക്ക് കടന്നു ചെന്ന് അവരെ ശ്രവിക്കുമ്പോൾ ഞങ്ങൾക്കും ആരൊക്കെയോ ഉണ്ടെന്ന് തോന്നുന്നു എന്ന് അവർ പങ്കുവയ്ക്കുന്നു. ഇത് എത്ര ശ്രേഷ്ഠമായ ശുശ്രൂഷയാണ് എന്ന് അവർ ഉറക്കെപ്പറയുന്നു. ഇതൊക്കെ ഭവന സന്ദർശനത്തിന്റെ ചില അനുഭവങ്ങൾ മാത്രം.

ഒരു സമർപ്പിത എന്ന നിലയിൽ സുവിശേഷ സംഘത്തിന്റെ നിയമങ്ങൾ എനിക്ക് പ്രയാസമായി തോന്നിയില്ല, ഒരു മിഷനറി സന്യാസിനി സമൂഹത്തിലെ (മേരി മക്കൾ) അംഗമായതുകൊണ്ടും സമൂഹത്തിന്റെ നേരിട്ടുള്ള സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ട് നൂറ് കണക്കിന് ഭവനങ്ങൾ സന്ദർശിച്ചിട്ടുള്ളതു കൊണ്ടും ഭവന സന്ദർശനശുശ്രൂഷ പുതുമയുള്ളതായി തോന്നിയില്ല. എന്നാൽ എനിക്ക് ഏറെ അത്ഭുതകരമായി തോന്നിയത് സുവിശേഷ സംഘത്തിലേയ്ക്ക് കടന്നു വന്ന അത്മായ പ്രേക്ഷിതരുടെ തീക്ഷണത നിറഞ്ഞ ജീവിതമാണ്. സ്വയം ഇല്ലായ്മ ചെയ്യുവാനും കുടുംബത്തിലെ സ്വന്തം കാര്യങ്ങൾ പോലും സുവിശേഷത്തിനു വേണ്ടി മാറ്റിവച്ചു കൊണ്ട് വിശുദ്ധിയിലേയ്ക്കുള്ള അവരുടെ യാത്രയും, സുവിശേഷ സംഘത്തിന്റെ പ്രയാസമേറിയ നിയമങ്ങൾ കൃത്യതയോടെ പാലിയ്ക്കുന്ന അടുക്കുംചിട്ടയുമുള്ള ആത്മീയതയും അറിവിന്റെ അഹന്തയില്ലാതെ ഏത് നിസാരന്റെ മുമ്പിലും വിനീതനായ ക്രിസ്തു ശിഷ്യനായി വചനം പങ്കുവയ്ക്കുന്നതും, മനുഷ്യരുടെ ദുരിതങ്ങളുടെ മുമ്പിൽ കണ്ണീർ പൊഴിക്കുന്നതും കരുണയുടെ കരം നീട്ടി അവരെ സഹായിക്കുന്നതും ഏത് ത്യാഗവും, ക്ലേശവും സുവിശേഷത്തിനു വേണ്ടി സന്തോഷത്തോടെ പരാതികളില്ലാതെ സ്വീകരിക്കുന്നതുമൊക്കെ കാണുമ്പോൾ ക്രിസ്തുവിന്റെ പകരക്കാരായി ഇവർ മാറുന്നു എന്നതിൽ ദൈവത്തിന് നന്ദിയർപ്പിക്കാം. മലങ്കര സഭയുടെ ആത്മീയ നവോത്ഥാനത്തിന്റെ ഈ നാളുകളിൽ സുവിശേഷത്തിന്റെ ഈ വശ്യമായ ആകർഷണീയത അനേകരുടെ ഹൃദയങ്ങളിൽ ഒരു കുളിർമയുടെ അനുഭവമായി മാറുന്നതിൽ സന്തോഷിക്കാം. ദൈവത്തിന് നന്ദിയർപ്പിക്കാം.



അനുഭവസാക്ഷ്യം

# വിശുദ്ധിയിലേക്കുള്ള വിളി

സി. ഏലിയാമ്മ O.S.S.
സഭാതല സുവിശേഷസംഘാംഗം

സഭയോടു ചേർന്നു നിന്നു കൊണ്ട് വിശുദ്ധിയുടെ ജീവിതം ജീവിക്കാൻ എന്നെ വിളിച്ച് വേർതിരിച്ച കാരുണ്യവാനായ ദൈവത്തിന് സ്തുതി. 60 ദിവസം പ്രായമുള്ളപ്പോൾ വിശുദ്ധ മാമോദീസായും വി. മൂറോനും വി. കുർബാനയും നൽകി എന്നെ വിശുദ്ധിയിലേക്ക് വിളിച്ച് തന്റെ സഭയിൽ എനിക്ക് അംഗത്വം നൽകി. 16-ാമത്തെ വയസ്സിൽ ആഗോളസഭയുടെ കരടുരൂപമായി (Church in Miniature) വർത്തിക്കുന്ന Opus Spiritus Sancti എന്ന മിഷനറി സമൂഹത്തിലേക്ക് വിളിച്ചും സമൂഹസ്ഥാപകനായ പെരി. ബഹു. ബെൻഡലച്ചന്റെ കയ്യിൽ നിന്നും പുതിയ നിയമവും കത്തുന്ന മെഴുകുതിരിയും സ്വീകരിച്ച് പരിശുദ്ധാത്മാവിന് സ്വയം സമർപ്പിച്ചു. സുവിശേഷപ്രഘോഷണമായിരുന്നു ലക്ഷ്യം. എന്നാൽ സമൂഹത്തിൽ മിഷനറി സിസ്റ്റേഴ്സിനെ വാർത്തെടുക്കുന്ന ചുമതലയാണ് സ്ഥാപകൻ എന്നെ ഏൽപ്പിച്ചത്. എന്നാണ് എനിക്ക് ഒരു സുവിശേഷപ്രഘോഷകയാകാൻ സാധിക്കുന്നത് എന്ന ചിന്ത എപ്പോഴും എന്റെ മനസ്സിന്റെ അടിത്തട്ടിൽ ഉണ്ടായിരുന്നു.

2013 ഏപ്രിൽ 1 ന് നമ്മുടെ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത്, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ പ്രക്രിയയിൽ പ്രവർത്തിക്കാനുള്ള ഭാഗ്യം ലഭിച്ചു. ഇത് എന്റെ തുടർന്നുള്ള ജീവിതത്തിൽ പല കാര്യങ്ങൾക്കും നാന്ദിയായിരുന്നു. ഓരോ ദിവസവും പ്രാർത്ഥനയിലൂടെ ആരംഭിച്ച ജോലി കൃത്യനിഷ്ടയോടെ നിർവ്വഹിക്കുന്നതിനും ദൈവദാസന്റെ ജീവിത വിശുദ്ധയിലേക്കും ഉൾക്കാഴ്ചകളിലേക്കും ആകർഷിക്കപ്പെടുവാൻ ഇടയായി. ഇങ്ങനെ പിതൃഭവനത്തിലായിരിക്കുമ്പോഴാണ് സുവിശേഷസംഘത്തിലേക്കുള്ള വിളി എനിക്കു ലഭിക്കുന്നത്. ആദ്യക്ലാസ്സുകൾ ഒരു പകരക്കാരിയായി സംബന്ധിക്കേണ്ടി വന്നെങ്കിലും മേലധികാരിയിലൂടെ ദൈവം എന്നെത്തന്നെയാണ് വിളിച്ചിരിക്കുന്നത് എന്ന തിരിച്ചറിവിലേക്ക് ക്രമേണ കടന്നുവരുവാൻ സാധിച്ചു.

2014 ജൂലൈ 16 ന് നമ്മുടെ സഭയിൽ വി. കുർബാന മധ്യേ നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങൾ നൽകുവാനുള്ള അനുമതിയും നിയോഗവും അത്യുന്നത കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയിൽ നിന്നും തിരുവല്ലാ അതിരൂപതക്കു വേണ്ടി എനിക്കു ലഭിച്ചു. കാരുണ്യവാനായ ദൈവം എനിക്കു നൽകിയ വിളിക്കുള്ളിലെ ഒരു വിളിയായി ഞാൻ ഇതിനെ കാണുന്നു.

2015 ജൂലൈ 15 ന് സഭാതല രണ്ടാം ബാച്ചിലെ സുവിശേഷസംഘാംഗമായി കൈവയ്പ്പുലഭിക്കുകയും സുവിശേഷപ്രഘോഷണത്തിനായി വീണ്ടും അയയ്ക്കപ്പെടുന്നതിന്റെ അടയാളമായി വിശുദ്ധ ബൈബിളും കത്തിച്ച മെഴുകുതിരിയും ലഭിച്ചു.

എന്റെ ജീവിതത്തിലെ അനർഘനിമിഷങ്ങളായിരുന്നു ഇവയെല്ലാം. പിതൃഭവനത്തിൽ നിന്നിട്ട് പോരുമ്പോൾ ഇവയെല്ലാം കൈമുതലായി തന്നിട്ടാണ് തിരികെ വിട്ടത്. എന്റെ അപ്പച്ചന്റെ വീട്ടിൽ ചെന്ന് അപ്പച്ചനോടും മറ്റു മക്കളോടുമൊപ്പം ജീവിച്ചപ്പോൾ ഞാൻ അർഹിക്കുന്നതിലും കൂടുതൽ പുണ്യങ്ങൾ എനിക്കു തന്നു.

സുവിശേഷസംഘാംഗങ്ങൾക്കുവേണ്ടിയുള്ള പരിശീലനം ജീവിതവിശുദ്ധിയിൽ വളരാൻ എന്നെ സഹായിച്ചു.

മലങ്കര സഭയുടെ ആദ്ധ്യാത്മികത അതിന്റെ പൂർണ്ണതയിൽ ജീവിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ത്യാഗപൂർണ്ണമായ ജീവിതത്തിന്റെയും ജീവിത വിശുദ്ധിയുടെയും മുമ്പിൽ എന്റെ ശിരസ്സിനെ നമിക്കുന്നു. ഓരോ പ്രാവശ്യത്തെ പരിശീലനത്തിന്റെ അവസാനത്തിൽ ലഭ്യമായിരുന്ന കുമ്പസാരം എന്ന കൂദാശ എന്നെ വിശുദ്ധിയുടെ ആഴത്തിലേക്ക് നയിച്ചുകൊണ്ടിരുന്നു. കുമ്പസാരം കൂടുതൽ അനുഗ്രഹമാക്കിത്തീർക്കുവാൻ ദൈവം എനിക്ക് ഇടയാക്കി.

സുവിശേഷസംഘാംഗമാകാനുള്ള വിളി വിശുദ്ധിയിലേക്കുള്ള വിളിയാണെന്ന് ഞാൻ തിരിച്ചറിയുന്നു. എല്ലാ മലങ്കര കത്തോലിക്കാവിശ്വാസികൾക്കും ഈ വിളി ആസ്വദിക്കുവാൻ ഇടയാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധപദവിക്ക് ഇത് മൂല്യത കൂട്ടും എന്നത് തീർച്ച.

www.malankaralibrary.com





അനുഭവസാക്ഷ്യം

# ദൈവനാമം മഹത്ത്വപ്പെടട്ടെ

ഡോ. തോമസ് ഡാനിയേൽ
സഭാതലസുവിശേഷസംഘാംഗം, ഖഡ്കി - പൂനാ, എക്സാർക്കേറ്റ്

ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നൻമയ്ക്ക് പരിണമിപ്പിക്കുന്നുവെന്ന് നമുക്ക് അറിയാമല്ലോ (റോമാ 8:28-29). അവിടുന്ന് മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ഇത് തന്റെ പുത്രൻ അനേകം സഹോദരിൽ ആദ്യജാതനാകുന്നതിനു വേണ്ടിയാണ്. സുവിശേഷസംഘത്തിൽ അംഗമായതിനുശേഷം ഈ ബോധ്യം ഉറപ്പിക്കപ്പെടുകയും വചനാധിഷ്ഠിത ജീവിതത്തിനുള്ള ഒരു കാൽവെപ്പിന് തയ്യാറാകുകയും ചെയ്തു. സെന്റ് മേരീസ് കത്തീഡ്രൽ, ഖഡ്കി-പൂനാ ഇടവകാംഗമായ ഞാൻ സഭാതല സുവിശേഷസംഘത്തിൽ രണ്ടാം ബാച്ച് അംഗമാകാൻ അഭിവന്ദ്യ ബർണബാസ് പിതാവ് എന്നോട് ആവശ്യപ്പെടുകയുണ്ടായി. പല ധ്യാനങ്ങളിലും മുൻപ് പങ്കെടുത്തിട്ടുണ്ടെങ്കിലും അതിൽ നിന്നും വ്യത്യസ്ഥമായ ഒരനുഭവവും ബോധ്യങ്ങളും ഏകദേശം ഒന്നര കൊല്ലം നീണ്ടു നിന്ന എല്ലാക്ലാസുകളിലൂടെയും എനിക്കു ലഭിച്ചു. ഈ അവസരങ്ങളിൽ പ്രത്യേകിച്ച് മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും സാധിച്ചത് വലിയ അനുഭവമായി ഞാൻ കാണുന്നു. വി. കുർബാനയിൽ ദിവസവും ഒരുക്കത്തോട് പങ്കു കൊള്ളാനുള്ള കൃപ എനിക്ക് ലഭിച്ചു. മാതാവിനോടുള്ള ഭക്തി, പുണ്യവാന്മാരോടുള്ള പ്രാർത്ഥന, മാലാഖമാരോടുള്ള പ്രാർത്ഥന, മറ്റുള്ളവർക്ക് വേണ്ടി മാദ്ധ്യസ്ഥം വഹിച്ചുള്ള പ്രാർത്ഥന മുതലായവയ്ക്ക് കൂടുതൽ അർത്ഥവും ആഴവും മനസ്സിലാക്കാൻ സാധിച്ചു. മലങ്കര ആരാധനയിൽ അധിഷ്ഠിതമായ 114 ദിവസങ്ങളിലെ നോമ്പ് അനുഷ്ഠാനങ്ങളിൽ വ്രതനിഷ്ടയോടെ പങ്കുചേർന്ന് ആത്മീയമായി ഉണർവ്വ് സമ്പാദിക്കാനും കഴിയുന്നു.

ജപമാല, വചനക്കൊന്ത, കരുണയുടെ ജപമാല ഇവ പലപ്രാവശ്യം ചൊല്ലുവാനുള്ള പ്രേരണ ലഭിച്ചു. സുവിശേഷസംഘാംഗം ആയതിനു ശേഷം എന്റെ ബാച്ചിലെ സുവിശേഷസംഘാംഗം ആയ ബ്രദർ സ്കറിയ ഒ.ഐ.സി. യുടെ സഹായത്താൽ അണക്കര മരിയൻ റിട്രീറ്റ് സെന്ററിലും കൂടാതെ മക്കിയാണ് ബനഡിക്ട് റിട്രീറ്റ് സെന്ററിലും താമസിച്ചുള്ള ധ്യാനങ്ങളിൽ പങ്കെടുക്കാനുള്ള കൃപ ലഭിച്ചത് വലിയ ദൈവാനുഗ്രഹമായി ഞാൻ കാണുന്നു. Internet (ഇന്റർനെറ്റ്) ഉപയോഗം മൂലം സുവിശേഷവൽക്കരണത്തിനും കൂടാതെ വ്യക്തിജീവിതത്തിനും മാറ്റം വരുത്താൻ സാധിച്ചു. You tube(യൂ ട്യൂബ്) മുതലായവയുടെ ഉപയോഗങ്ങൾ പ്രശസ്ത ധ്യാന ഗുരുക്കളായ Fr. Dominic Valamanal, Fr. George Panakkal, Fr. Xavior Khan Vattayil, Fr. Mathew Naickamparambil മുതലായവരുടെ ഉപദേശങ്ങളും പ്രസംഗങ്ങളും ധ്യാനിക്കുവാനും മനസ്സിലാക്കുവാനും ജീവിതത്തിൽ മാറ്റം വരുത്തുവാനും സാധിച്ചു എന്നത് അഭിമാനത്തോട് ഓർക്കുകയും ഒരു വലിയ ദൈവാനുഗ്രഹമായി കണക്കാക്കുകയും ചെയ്യുന്നു. എല്ലാ ബുധനാഴ്ചയും ഞങ്ങളുടെ ഇടവകാംഗമായ ദേവസ്യ അങ്കിളിന്റെ വീട്ടിൽ സഭാസമൂഹത്തിനു വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയിൽ പരമാവധി പങ്കുകൊള്ളുവാൻ സാധിക്കുന്നു. കൂടാതെ ആധ്യാത്മിക ഉണർവ് നൽകുന്ന പ്രസിദ്ധീകരണങ്ങൾ വായിക്കുവാനും മറ്റുള്ളവരുമായി പങ്കുവെക്കുവാനും ശ്രമിക്കുന്നു. പാപമില്ലത്ത ജീവിത ശൈലിയെ ഉന്നംവച്ചുള്ള ഒരു ജീവിതയാത്രക്കായി പരിശ്രമിക്കുന്നു. പാപത്തെ വെറുത്ത്, ദൈവത്തിൽ ആശ്രയിച്ച് വചനാധിഷ്ഠിതമായ ഒരു ജീവിതം നയിക്കുവാൻ സാധിക്കുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ ഭാഗ്യം എന്ന തിരിച്ചറിവ് ലഭിക്കുവാൻ സുവിശേഷസംഘാംഗമായതിൽ കൂടി ഇടയായി. ബഹു. കാക്കനാട്ടച്ചന്റെ സുവിശേഷസംഘത്തിനു വേണ്ടിയുള്ള സി.ഡി. പലപ്രാവശ്യം കേൾക്കാനും അതിലൂടെ വളരെയേറെ ആത്മീയ ഉൾക്കാഴ്ച ലഭിക്കാനും ഇടയായി. ഈ സി.ഡി. സഭയ്ക്കു ഒരു മുതൽകൂട്ടായി കാണുന്നു. ബഹു. കാക്കനാട്ടച്ചന് എന്റെ അഭിനന്ദനങ്ങൾ. പൂനായിൽ പല ഇടവകകളിലും ഭവനസന്ദർശനം സുവിശേഷസംഘാംഗങ്ങളോടൊപ്പം നടത്താൻ സാധിച്ചു. സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം (റോമാ 10:15). ഈ കാരുണ്യവർഷത്തിൽ ദൈവത്തിന്റെ കാരുണാസ്വാഭാവം എന്നിലേക്ക് പ്രവേശിച്ച് കാരുണ്യത്തിന്റെ സന്ദേശ വാഹകനായി മാറട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിന്റെ പരിശുദ്ധിയെ ലക്ഷ്യമാക്കി സ്വയം വിശുദ്ധീകരിച്ച് നിത്യജീവൻ പ്രാപിക്കാൻ നാം വിളിക്കപ്പെട്ടവരാണ് എന്ന ബോധം എപ്പോഴും നമ്മളിൽ ഉണ്ടാകട്ടെ.



അനുഭവസാക്ഷ്യം

# സുവിശേഷസംഘം - വിളിക്കുള്ളിലെ വിളി

റവ. ഫാ. സജിത് ഫ്രാൻസിസ്
സഭാതലസുവിശേഷസംഘാംഗം, മാർത്താണ്ഡം രൂപത
സുവിശേഷസംഘ ഡയറക്ടർ

ഞാൻ സഭാതല സുവിശേഷസംഘത്തിൽ 3-ാം ബാച്ചിലെ ഒരു അംഗം ആണ്. ദൈവവിളി സ്വീകരിച്ച് മാർത്താണ്ഡം രൂപതയ്ക്കുവേണ്ടി അഭിവന്ദ്യ വിൻസന്റ് പിതാവിൽ നിന്നും 2012 ഏപ്രിൽ 14-ന് വൈദിക പട്ടം സ്വീകരിച്ചു. ദൈവവിളി തിരിച്ചറിഞ്ഞ നിമിഷം മുതൽ വൈദിക പരിശീലത്തിലുട നീളം നാളിതുവരെയുള്ള എന്റെ ജീവിതത്തെ വിലയിലുത്തുമ്പോൾ വിളിക്കുള്ളിലെ വിളി ജിവിക്കുവാനുള്ള പൂർണ്ണ അവസരം ലഭിച്ചത് സുവിശേഷസംഘത്തിലെ ഒരു അംഗം ആയതിലൂടെ ആണ്.

"ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ ദൈവം എന്നെ പ്രത്യേകം തിരഞ്ഞെടുത്തു. തന്റെ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു" (ഗല.1:15) എന്നെ ദൈവവചനത്തിലൂടെ എന്റെ വിളി വൈദികൻ ആകാനുള്ള വിളി ആണ് എന്ന് ഉറപ്പുവരുത്തി അതിന്റെ പരിശീലനത്തിൽ ഏർപ്പെട്ട് വൈദിക പട്ടം സ്വീകരിക്കുകയും അഭിവന്ദ്യ പിതാവിന്റെ ഇഷ്ടം അനുസരിച്ച് 3 വർഷകാലം 3 ഇടവകകളുടെ ചുമതലയും മൈനർ സെമിനാരി വൈസ് റെക്ടർ ആയും സേവനം അനുഷ്ഠിച്ചു. എന്നാൽ സുവിശേഷസംഘത്തിൽ അംഗം ആയതിലൂടെ ഒരു ഇടവകയുടെ മാത്രം വികാരിയായി മാറി എങ്കിലും ഉള്ളിന്റെ ഉള്ളിൽ ആനന്ദം കണ്ടെത്തുവാൻ ഇപ്പോൾ സാധിക്കുന്നു. മൈനർ സെമിനാരിയിൽ സഭയുടെ ആത്മീകതയിൽ നിലനിന്നുകൊണ്ടു തന്നെ പരിശീലനം നേടുന്നവരെ ക്ലാസ്സുകളിലൂടെ ആത്മീകതയുടെ തണലിൽ നയിക്കുവാൻ ഇപ്പോഴും സാധിക്കുന്നു.

ഇന്ന് എനിക്ക് ഒരു ഇടവക നയിക്കുവാനും സുവിശേഷസംഘത്തിന്റെ ചുമതല വഹിക്കുവാനും സാധിക്കുന്നെങ്കിൽ റീജൻസി കാലത്ത് തന്നെ ദൈവം സുവിശേഷസംഘത്തിന്റെ ശുശ്രൂഷയ്ക്കായി എന്നെ ഒരുക്കി എന്ന ബോധ്യം ഉള്ളതുകൊണ്ടാണ്. സുവിശേഷസംഘാംഗം എന്നത് വിളിക്കുള്ളിലെ വിളി ആണെന്ന് എനിക്ക് ഉറച്ച ബോധ്യം ഉണ്ട്. രൂപതയിലെ സുവിശേഷസംഘത്തിന്റെ ചുമതല വഹിക്കാൻ ആഗ്രഹം ഉള്ള ഒരു വൈദികൻ കടന്നുവരണം എന്ന് പല തവണ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവ് ആവശ്യപ്പെട്ടു. പിതാവിന്റെ ആഗ്രഹം അനുസരിച്ച് ആ ശുശ്രൂഷ ഞാൻ ഏറ്റെടുത്തുവെങ്കിൽ അത് തീർച്ച ആയിട്ടും പരിശുദ്ധാത്മാവിന്റെ പ്രചോദനം തന്നെ ആണ് എന്ന ബോധ്യത്തിൽ ഇത് വിളിക്കുള്ളിലെ വിളി ആണ് എന്ന് വീണ്ടും ഉറപ്പിക്കുന്നു.

സുവിശേഷസംഘത്തിലെ അംഗം ആയതിലൂടെ ഇന്ന് രൂപതയിലെ എല്ലാ ഇടവകകളിലും കടന്നു ചെല്ലുവാനും വിശ്വാസികൾ ഏവരേയും സ്വന്തം മക്കളായി കാണുവാനും ഉള്ള ഭാഗ്യം എനിക്ക് ലഭിച്ചു. പാവപ്പെട്ടവരുടെ പക്ഷം ചേരുവാനും, വേദനിക്കുന്നവരോട് ഒപ്പം വേദനിക്കുവാനും, സന്തോഷിക്കുന്നവരോട് ഒപ്പം സന്തോഷിക്കുവാനും, തകർന്ന കുടുംബങ്ങൾക്ക് പോലും ആത്മീകതയുടെ തണൽ പകരുവാനും അവരുടെ ജീവിതങ്ങൾ ക്രിസ്തുവിൽ ഉള്ള പ്രത്യാശ പകരുവാനും സാധിക്കുന്നു. ഒരു അർത്ഥത്തിൽ സ്വന്തം ഇടവകയെ ശരിയായ പാതയിൽ നയിക്കുവാനുള്ള കൃപ എനിക്ക് ദൈവം നല്കിയിരിക്കുന്നു എന്ന് തിരിച്ചറിയുവാൻ ഇന്ന് സാധിക്കുന്നു.

സഞ്ചരിക്കുന്ന സ്ഥലം എല്ലാം ദൈവിക സാന്നിധ്യം നിറയ്ക്കാൻ കുരിശു നാട്ടുക എന്ന അഭിവന്ദ്യ ലോറൻസ് മാർ അപ്രേം പിതാവിന്റെ പാത പിൻതുടർന്നും, നമ്മുടെ ജനം എവിടെ ഉണ്ടെങ്കിലും ഒരു കുടുംബം ആണ് എങ്കിൽപോലും ദൈവത്തെ ആരാധിക്കാൻ ദൈവാലയം ഇല്ലെങ്കിൽ ദൈവാലയം സ്ഥാപിക്കുക എന്ന അഭിവന്ദ്യ വിൻസെന്റ് പിതാവിന്റെ ആഗ്രഹം അനുസരിച്ചും സാധ്യത ഉള്ള ഇടങ്ങളിൽ മിഷൻ പള്ളികൾ ആരംഭിക്കുവാനുള്ള അവസരം ഈ നാളുകളിൽ ദൈവം എനിക്ക് നൽകുന്നു. മലങ്കര സഭയിലെ മറ്റ് രൂപതകളിലെ സുവിശേഷ അംഗങ്ങളോട് ചേർന്ന് മിഷൻ പ്രവർത്തനം ചെയ്യുവാനും ദൈവം എനിക്ക് അവസരം നല്കുന്നു.

സുവിശേഷസംഘത്തിൽ കാലടികൾ എടുത്തുവച്ച നാളുമുതൽ ജീവിതത്തിലെ ഓരോ നിമിഷവും ദൈവം എന്നെ പരിപാലിച്ച് നടത്തുന്നു എന്ന ബോധ്യത്തിൽ വളരാൻ സാധിക്കുന്നു. വചനം പഠിക്കുവാനും ജീവിക്കുവാനുമുള്ള ഒരു ദാഹം ഈ നാളുകളിൽ എന്നിൽ ഉരുവായി. എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യുവാൻ സാധിക്കും എന്ന് ഉറച്ച് വിശ്വസിക്കുന്നു. ദിവ്യകാരുണ്യ നാഥന്റെ മുമ്പിൽ പൂർണ്ണമായി എന്നെസമർപ്പിച്ച് ആനന്ദിക്കുവാൻ സാധിക്കുന്നു. ബലഹീനതകളിലൂടെ ദൈവസ്നേഹത്തിൽ നിന്ന് അകലുമ്പോൾ അനുരഞ്ജന കൂദാശ സ്വീകരിക്കുന്നതു വരെ ഈ നാളുകളിൽ ചങ്കിന്റെ ഉള്ളിൽ ഒരു വേദന അനുഭവിക്കുന്നു. ദൈവം എന്നെ വിളിച്ചിരിക്കുന്നത് "തന്നോടുകൂടെ ആയിരിക്കുവാനും, പ്രസംഗിക്കുവാൻ അയയ്ക്കുന്നതിനും പിശാചുകളെ ബഹിഷ്കരിക്കുവാനും ആണ്" (വി. മർക്കോസ് 3:14-15) എന്ന് പൂർണ്ണമായും ഞാൻ വിശ്വസിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു.

*(സുവിശേഷസംഘം 2-ാം പേജിൽ നിന്നും തുടർച്ച)*

അങ്ങനെ അധഃപതിച്ചുപോയിരുന്നു (യോഹ. 2:13-25). സുവിശേഷകൻ പറയുന്നു: "യേശുവാകട്ടെ അവരെ വിശ്വസിച്ചില്ല" (യോഹ. 2:24). ദൈവാലയ പരിസരത്തുള്ള നമ്മുടെ പെരുമാറ്റവും സംസാരവും ഇടപെടലുകളും തന്നെയാണതിനു സാക്ഷ്യം. അവിടെ യേശുക്രിസ്തുവും ക്രിസ്തീയ മൂല്യങ്ങളും അവഹേളിതമാകുന്നുണ്ടോ?.

സമാധാനം നഷ്ടപ്പെട്ടുഴലുന്ന ലോകത്തിന് ദിശാബോധം വീണ്ടെടുക്കുവാനുള്ള പകരം വയ്ക്കാൻ ഇല്ലാത്ത ഇടങ്ങളല്ലേ ദൈവഭവനങ്ങൾ? അവയെ അങ്ങനെ തന്നെ കാണുവാൻ നമുക്കു കഴിയണം. നമ്മുടെ ശ്രദ്ധമാറിയിട്ടുണ്ടെങ്കിൽ തിരികെ വരണം. ചരിത്രത്തിൽ അങ്ങനെയൊക്കെ സംഭവിച്ചിട്ടുണ്ട്. അംബരചുംബികളായ സൗധങ്ങളും സാസ്കാരികാനുരൂപണങ്ങളുടെ പേരിലുള്ള കൂത്തുകളുടെ കളരികളായി അവമാറുന്നു എങ്കിൽ, നാം ലക്ഷ്യത്തിൽനിന്നു കാതങ്ങൾ അകന്നുപോയി, സംശയംവേണ്ട. ദൈവാനുഭവമുണ്ടാകണമെങ്കിൽ ദൈവാലയത്തിനു പുറത്തുകടക്കേണ്ടി വരുന്നു എങ്കിൽ അതീവ ദുഃഖകരം തന്നെ.

നാം അടിമുടി ക്രൈസ്തവരായി ജീവിക്കണം. നമ്മുടെ അകപ്പാടും പുറപ്പാടും ഒന്നു തന്നെയായിരിക്കണം; സ്വർണ്ണവും മഞ്ഞളും മുറിച്ചാലെന്നപോലെ. വാക്കും പ്രവർത്തിയും ഒന്നുതന്നെയാകണം. ശ്ലീഹാ പറയുന്നതു പോലെ യേശുക്രിസ്തു അങ്ങനെയായിരുന്നു. അതേ അതേ എന്നും, അല്ല അല്ല എന്നുമായിരിക്കട്ടെ. ഇതിനപ്പുറമുള്ളത് ദുഷ്ടനിൽ നിന്നുവരുന്നു എന്ന് വചനം പറയുന്നു.

ആമുഖഭാഗത്ത് നാം കണ്ട അനുഭവസാക്ഷ്യത്തിലെ വ്യക്തികളെപ്പോലെ ദൈവായത്തവും ദൈവദത്തവുമായ സന്തോഷം നാം അനുഭവിക്കണം; അവ പങ്കുവെയ്ക്കുകയും വേണം. യേശുക്രിസ്തു നമുക്ക് എല്ലാമാകണം. അവന്റെ വിചാരങ്ങളും മനോഭാവങ്ങളും തന്നെയായിരിക്കണം നമുക്കും ഉണ്ടാകേണ്ടത് എന്ന് വി. പൗലോസ് നമ്മെ പഠിപ്പിക്കുന്നു.

ഈ മൂല്യങ്ങൾ മലങ്കര കത്തോലിക്കാ സുവിശേഷസംഘത്തിൽ അംഗമാകുന്നതിലൂടെ നമ്മുടെ സഭാമക്കളിലേക്ക് പകരുവാനാണ് സഭ ആഗ്രഹിക്കുന്നത്. മുൻപന്തിയിൽ വരേണ്ടത് സഭാപിതാക്കന്മാരും വൈദികരും സന്യസ്തരും സഭാശുശ്രൂഷകരും സഭാപ്രവർത്തനങ്ങളിൽ ഏറ്റവും അടുത്തു നില്ക്കുന്നവരുമായിരിക്കണം. നാം വിശുദ്ധീകരിക്കപ്പെട്ടാൽ മാത്രമേ നമ്മുടെ സഭ വിജയിക്കൂ; അനുഗ്രഹിക്കപ്പെടൂ. പരിശുദ്ധ പിതാവിന്റെ ഓർമ്മപ്പെടുത്തൽ ശ്രദ്ധേയമാണ്. പ്രോസലൈറ്റിസത്തിന്റെ കാലം കഴിഞ്ഞു. നാം സജ്ജരായാൽ, നാം ക്രിസ്തനുരൂപരായാൽ, ലോകത്തെ വളരെയെളുപ്പത്തിൽ അവിടുത്തെ പക്കലേക്ക് ആനയിക്കാനാകും. പ്രിയ അനുവാചകരേ, യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവ് സ്വയം സമർപ്പിക്കുന്നതും വിട്ടുകൊടുക്കുന്നതും കാണുക. "അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ. 17:19). ഈ വിശുദ്ധീകരണം തന്നെയാണ് സുവിശേഷസംഘത്തിന്റെ കാതൽ. നമ്മുടെ ബാഹ്യആവരണങ്ങളും ആചരണങ്ങളും ആഘോഷങ്ങളും ഇതിനു പകരം നില്ക്കുന്നതല്ലെന്നും മക്കളോടെന്നവണ്ണം നിങ്ങൾ ഏവരെയും ഓർമ്മിപ്പിക്കട്ടെ. യേശുക്രിസ്തുവിന്റെ സമാധാനം നിങ്ങളിൽ വാഴട്ടെ; അവൻ നിങ്ങളെ വഴിനടത്തട്ടെ.

www.malankaralibrary.com





അനുഭവസാക്ഷ്യം

# സുവിശേഷത്തിന്റെ പരിമളം

## എന്നിലേക്കും എന്റെ കുടുംബത്തിലേക്കും

**സരളമ്മ ജോൺ**

സഭാതല സുവിശേഷസംഘാംഗം, തിരുവല്ല അതിരൂപത

മലങ്കര സുറിയാനി കത്തോലിക്ക സഭയിലെ സുവിശേഷസംഘാംഗം ആകാനുള്ള വിളി ലഭിച്ചപ്പോൾ, സന്തോഷത്തിന്റെയും കൃതജ്ഞതയുടെയും കണ്ണുനീർ എന്റെ കണ്ണുകളിൽ ഉണ്ടായി. അതോടൊപ്പം മനസ്സിൽ വിഷമവും, തിരുവനന്തപുരത്തു നടക്കുന്ന ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ തനിയെ ഉള്ള യാത്രയെപ്പറ്റിയായിരുന്നു ആ വിഷമം. നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്ത് എല്ലാം നിന്നോട് കൂടെ ഉണ്ടായിരിക്കും എന്ന് ജോഷ്വയോട് അരുളിചെയ്ത നാഥൻ (ജോഷ്വ 1:9), ജീവിത യാത്രയിൽ എന്നും കൂടെ ഉള്ള കർത്താവ് എന്നെ സഹായിക്കാൻ ദൈവമക്കളെ ഒരുക്കി. അവരെ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു.

സഭാകാര്യങ്ങളിൽ തീഷ്ണതയുള്ള ഒരു വ്യക്തിയായിരുന്നു ഞാൻ. എന്നാൽ സുവിശേഷസംഘത്തിൽ അംഗമായതിന് ശേഷം എന്റെ കാഴ്ചപ്പാടുകളിൽ വ്യതിയാനം ഉണ്ടായി. സുവിശേഷം പ്രഘോഷിക്കപ്പെടുക മാത്രമല്ല ജീവിതത്തിൽ പ്രാവർത്തികമാക്കാനും നാം കടപ്പെട്ടവരാണ് എന്ന പൂർണ്ണ ബോധ്യം എനിക്കുണ്ടായി.നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം എന്ന് യേശു നാഥനോട് ചോദിച്ച ധനികനായ യുവാവിനോട് യേശുനാഥൻ അരുളിച്ചെയ്യുന്നു. (വി. മത്തായി 19:21) യേശു പറഞ്ഞു: നിനക്ക് ഒരു കുറവുണ്ട്, നീ പൂർണ്ണൻ ആകാൻ ആഗ്രഹിക്കുന്നു എങ്കിൽ പോയി നിനക്ക് ഉള്ളത് എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക, അപ്പോൾ സ്വർഗ്ഗരാജ്യത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും, പിന്നെ വന്ന് എന്നെ അനുഗമിക്കുക ഈ വചന ഭാഗത്തിൽ നിന്നും എന്റെ ആത്മീക ജീവിതത്തിലെ യഥാർത്ഥ കുറവ് എന്തെന്ന് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞു. അനാവശ്യമായ ജീവിതചെലവുകളും ആർഭാടങ്ങളും വേണ്ടന്ന് വെയ്ക്കുവാനും ദാനമായി ലഭിക്കുന്ന കൃപകൾ അത് അർഹിക്കുന്നവരുമായി പങ്കുവെക്കാനും ഞാനും എന്റെ കുഞ്ഞുങ്ങളുടെ കുടുംബവും ശീലിച്ചു കഴിഞ്ഞു. പങ്കുവെക്കലിന്റെ വലിയ സന്തോഷം ഞങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ദൈവദാസൻ മാർ ഇവനിയോസ് പിതാവിന്റെ മദ്ധ്യസ്ഥതയാൽ എനിക്ക് ലഭിച്ച സൗഖ്യം ഇവിടെ സാക്ഷ്യപ്പെടുത്തുന്നു. തിരുവനന്തപുരത്ത് സുവിശേഷസംഘത്തിന്റെ ക്ലാസ്സിന് പങ്കെടുക്കേണ്ട ദിവസങ്ങളിൽ എനിക്ക് അതിയായ നടുവിന് വേദന, നടക്കാനും ഇരിക്കാനും പ്രയാസം ഈ വേദനയോടുകൂടി തിരുവനന്തപുരത്തിന് യാത്ര തിരിച്ചു. ഒരു ക്ലാസ്സു പോലും നഷ്ടപ്പെടുത്താൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല.നിത്യാരാധന ചാപ്പലിൽ പിതാവിന്റെ കബറിടത്തിൽ കണ്ണുനീരോടെ ഞാൻ പ്രാർത്ഥിച്ചു. എന്റെ വേദന വിട്ടുമാറി. ഇന്നേ ദിവസം വരെ എനിക്ക് ആ പ്രയാസം ഉണ്ടായിട്ടില്ല.

തിരുവല്ല അതിരൂപത സുവിശേഷ സംഘാംഗങ്ങളോടൊപ്പം ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കുന്നുംപുറത്ത് അച്ചന്റെ നേതൃത്വത്തിൽ മാർത്താണ്ഡം രൂപതയിലെ അൻപുനഗർ എന്ന മിഷൻ കേന്ദ്രം സന്ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചു. ദാരിദ്ര്യവും പ്രയാസവും അനുഭവിക്കുന്ന ഒരു ജനസമൂഹത്തെ കാണുവാനും അവരുടെ പ്രയാസങ്ങളിൽ പങ്കുചേരുവാനും സാധിച്ചു.

അതിരൂപതാ തലത്തിലും ഇടവകാ തലത്തിലും ഭവനസന്ദർശനം നടത്തുന്നു. കടന്നു ചെല്ലുന്ന ഓരോ ഭവനങ്ങളെയും സമർപ്പിച്ച് പ്രാർത്ഥിക്കാൻ സാധിക്കുന്നു. ഇടവകയിൽ ആത്മീക കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുന്നു. പ്രാർത്ഥനാ കൂട്ടായ്മകളിൽ സംബന്ധിക്കാനും കൂടുതൽ അംഗങ്ങളെ അതിൽ പങ്കെടുപ്പിക്കാനും സാധിപ്പിക്കുന്നു. വിശുദ്ധ കുർബ്ബാനയിലും കൂദാശകളിലും സജീവമായി പങ്കെടുക്കുന്നു. മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ സൺഡേസ്കൂൾ കുട്ടികൾക്കും സഹഅദ്ധ്യാപകർക്കും സുവിശേഷ സംഘത്തിൽ നിന്നും ലഭിച്ച ആത്മീയ ചൈതന്യം പകർന്നു കൊടുക്കുവാൻ കഴിയുന്നു. ജാതിമതഭേദമെന്യേ രോഗികളുടെയും നിരാലംബരായി വാർദ്ധ്യകൃത്തിൽ കഴിയുന്നവരുടെയും ഭവനങ്ങൾ സന്ദർശിക്കാനും വചനോന്മുഖമായി സംസാരിക്കാനും പ്രാർത്ഥിക്കാനും സഹായങ്ങൾ നല്കുവാനും സാധിക്കുന്നു.

തിരുവചനം ധ്യാനാത്മകമായി വായിക്കുന്നു. ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ അതിനെ അതിജീവിക്കാനുള്ള ശക്തി വചനത്തിലൂടെ ലഭിക്കുന്നു. തിരുവചനം വായിക്കാത്ത ഒരു ദിവസം ജീവിതത്തിൽ ഒരു നഷ്ടമായി അനുഭവപ്പെടുന്നു. 25 ജീവിതശൈലികൾ അനുഷ്ഠിക്കുന്നതിൽ നോമ്പ്, ഉപവാസം, വർജ്ജന, യാമ പ്രാർത്ഥന എന്നിവയിൽ പ്രത്യേകം ശ്രദ്ധിക്കുന്നു.

സ്വാർത്ഥത വെടിഞ്ഞ് ത്യാഗത്തിലൂടെയും സഹനത്തിലൂടെയും ഈ ശുശ്രൂഷ ചെയ്യുവാനും, ഞാൻ അനുഭവിച്ചറിഞ്ഞ സുവിശേഷത്തിന്റെ വലിയ സന്തോഷം മറ്റുള്ളവർക്ക് പകർന്നു നല്കുവാനും ഉള്ള ശക്തി ലഭിക്കാൻ എനിക്കു വേണ്ടി പ്രാർത്ഥിക്കണമേ.

ബഹുമാനപ്പെട്ട ആന്റണി കാക്കനാട്ട് അച്ചന്റെ ക്ലാസ്സുകൾ ആത്മീയ ജീവിതത്തിന് ബലം നല്കുന്നതായിരുന്നു. ഞങ്ങളെ സ്നേഹത്തോടെ കരുതുന്ന സിസ്റ്റർ ഫ്രാൻസിനാമ്മയും അവിടെ കണ്ടുമുട്ടിയ വൈദിക ശ്രേഷ്ഠരുടെയും സിസ്റ്റേഴ്സിന്റെയും മറ്റു സുവിശേഷസംഘ അംഗങ്ങൾ ഓരോരുത്തരുടെയും ജീവിത സാക്ഷ്യങ്ങളും ആത്മീയതയും അനുഭവിച്ചറിഞ്ഞ ദിനങ്ങളായിരുന്നു, തിരുവനന്തപുരത്ത് നടന്ന ക്ലാസ്സുകൾ. എല്ലാവരെയും പ്രാർത്ഥനയിൽ ഓർക്കുന്നു. നമുക്കു ചുറ്റും സാക്ഷികളുടെ വലിയ സമൂഹം ഉള്ളതിനാൽ നമ്മെ വിഷമിപ്പിക്കുന്ന ഭാരവും പാപവും നമുക്ക് നീക്കിക്കളയാം. നമുക്കായി നിശ്ചയിച്ചിരിക്കുന്ന ഈ ഓട്ടപ്പന്തയം സ്ഥിരോത്സാഹത്തോടെ നമുക്ക് ഓടി തീർക്കാം (ഹെബ്രാ.12:1).



സുവിശേഷസന്ധ്യയിൽ നടന്ന വിശുദ്ധ കുർബ്ബാനയുടെ വാഴ്വ്



അനുഭവസാക്ഷ്യം

# സുവിശേഷമാകാനുള്ള വിളി

**പി. ജോസഫ് കിരാത്തൂർ**

സഭാതല സുവിശേഷസംഘം (മാർത്താണ്ഡം രൂപത)

അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ അടുത്തേയ്ക്ക് ചെന്നു (മർക്കോസ് 3:13). ദൈവത്തിന് ഒരു വ്യക്തിയോട് ഇഷ്ടം തോന്നി തന്റെ ശുശ്രൂഷയ്ക്കായി പ്രത്യേകം ക്ഷണിക്കുക എന്നതാണ്. അതിനാൽ സുവിശേഷ സംഘത്തിൽ അംഗമാകുക എന്നത് പരിശുദ്ധാത്മാവിന്റെ വിളിയും പ്രത്യേക തിരഞ്ഞെടുപ്പുമാണ്. ഞാൻ കിരാത്തൂർ ഇടവകാംഗമാണ്. 1960- ൽ ഒരു അൾത്താരബാലനായി ജീവിതം ആരംഭിച്ച് ചെറുപ്പകാലങ്ങളിൽ ലീജിയൻ ഓഫ് മേരിയിൽ ചേർന്ന് വളരെ കാലം പ്രവർത്തിച്ച് ഭവന സന്ദർശനം, രോഗികളെ ആശുപത്രിയിൽ സന്ദർശിക്കുക, വൈദികരോട് ചേർന്നുള്ള ഭവനസന്ദർശനം എന്നീ പ്രവർത്തനങ്ങൾ വഴി ധാരാളം ആത്മീയ അനുഭവം എനിക്ക് ഉണ്ടായി.

ഞാൻ ഒരു അദ്ധ്യാപകനാണ്. ഭാര്യയും 4 മക്കളുമുണ്ട്. മക്കളിൽ ഒരാൾ വൈദികനാണ് (Fr.Jean Jose മാർത്താണ്ഡം രൂപത). രണ്ടു പേർ ഡോക്ടേഴ്സും, ഒരാൾ എഞ്ചിനീയറുമാണ്. അധ്യാപകജോലി കഴിഞ്ഞതിനു ശേഷം ബാക്കിയുള്ള സമയം മുഴുവനും ഇടവകയിലും, രൂപതാതലങ്ങളിലും അതിരൂപതാ തലങ്ങളിലും പ്രവർത്തിച്ചിരുന്നു. മാർത്താണ്ഡം രൂപതയിൽ MCA പ്രസ്ഥാനം ആരംഭിച്ച് വളരെക്കാലം അതിന്റെ വൈസ് പ്രസിഡന്റായും ട്രഷറർ ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അതിരൂപതാതലത്തിൽ MCA National ട്രഷറർ ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആൺമക്കൾ രണ്ടുപേരും അൾത്താര ബാലന്മാർ ആയിരുന്നു. ഇന്ന് മക്കൾ എവിടെ പോയാലും കത്തോലിക്കാപള്ളി എവിടെയുണ്ടെന്ന് കണ്ടുപിടിച്ച് വി. കുർബാന മുടങ്ങാതെ കാണും. പെൺമക്കൾ രണ്ടുപേരും ഭാര്യയും ക്വയർ അംഗങ്ങളാണ്. ഭാര്യ അതിന് നേതൃത്വം നൽകുന്നു.

എന്റെ കുടുംബത്തിൽ സന്ധ്യക്ക് മുടങ്ങാതെ കുടുംബപ്രാർത്ഥന നടക്കും. ജപമാല ചൊല്ലുക, സന്ധ്യാപ്രാർത്ഥന ചൊല്ലുക, ദൈവവചനം വായിക്കുക, പാട്ടു പാടുക എന്നതാണ് ഞങ്ങളുടെ പതിവ്.

പ്രത്യേകിച്ച് മലങ്കര സഭയോട് ഒരു സ്നേഹം ഉണ്ടായിരുന്നു. മാർ ഗ്രിഗോറിയോസ് പിതാവിനോടുള്ള അടുപ്പം വളരെയധികം സ്വാധീനിച്ചു. യേശു തന്റെ പരസ്യജീവിത കാലത്ത് മറ്റുള്ളവർക്ക് എങ്ങനെ സുവിശേഷമായോ അതുതന്നെയാണ് സുവിശേഷസംഘാംഗങ്ങളുടെയും പ്രവർത്തന ശൈലി. യേശു അന്ധന് കാഴ്ചയായും, ബധിരന് കേൾവിയായും, രോഗിക്ക് സൗഖ്യമായും, വിശക്കുന്നവന് അപ്പമായും, മരിച്ചവന് ജീവനായും, പാപിക്ക് മോചനമായും സ്വയം നൽകിക്കൊണ്ട് അവർക്കെല്ലാം സുവിശേഷമായി, സദ്വാർത്തയായി. സുവിശേഷസംഘാംഗങ്ങൾക്കും ഇതേ ശുശ്രൂഷ തന്നെയാണ് നിർവ്വഹിക്കാനുള്ളത്.

സുവിശേഷസംഘം എന്നത് ആഴമായ ഒരു ആധ്യാത്മികതയിൽ ജീവിക്കാനുള്ള വിളിയാണെന്ന് നാം മനസ്സിലാക്കി അതു സ്വീകരിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ ആത്യന്തിക ലക്ഷ്യം സുവിശേഷപ്രഘോഷണമായിരുന്നു. അതിനുള്ള മാർഗ്ഗമായിരുന്നു പുനഃരൈക്യം. നമ്മുടെ കിരാത്തൂർ പള്ളിയിലും പുണ്യപിതാവിന്റെ പാദസ്പർശം ഉണ്ട്. വടക്ക് നിന്നുള്ള അച്ചന്മാർ സുവിശേഷപ്രഘോഷണം നടത്തി. പ്രത്യേകിച്ച് മോൺ. ജോസഫ് കുഴിഞ്ഞാലിൽ മാർത്താണ്ഡത്തുവന്ന് മിഷൻ പ്രവർത്തനം ആരംഭിച്ചു.

എപ്പോഴും എന്റെ മനസ്സിൽ പൊങ്ങി വരാറുള്ള ഒരു ദൈവവചനമാണ് "നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക, അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും (മത്തായി 6:33). സുവിശേഷ ചൈതന്യത്താൽ ജീവിക്കുന്നവരിൽ നിന്നും സുവിശേഷപരിമളം ഒഴുകും. ഇതിന്റെ അടിസ്ഥാനത്തിൽ 25 നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ജീവിതശൈലി സുവിശേഷസംഘാംഗങ്ങൾക്കും എല്ലാവർക്കും വേണ്ടി രൂപപ്പെടുത്തിയിട്ടുണ്ട്. കഴിവതും അത് പാലിക്കാൻ പരിശ്രമിക്കുന്നു.

മാതാവിനോടുള്ള ഭക്തി ചെറുപ്പം മുതലേ എന്നിലുണ്ടായിരുന്നു. ഞാൻ ബസ്സിൽ യാത്ര ചെയ്യുമ്പോൾ 153 മണി കൊന്ത ചൊല്ലുക പതിവാണ്.

കൂടുതൽ നന്മ ചെയ്യുവാൻ ഈ വിളി അധികം സ്വാധീനിച്ചു. ഇപ്പോൾ മാർത്താണ്ഡം രൂപതാ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ രൂപതാ ഇടവക സന്ദർശനം നടന്നു കൊണ്ടിരിക്കുകയാണ്. വിൻസെന്റ് മാർ പൗലോസ് പിതാവ് പുതിയ മിഷനുകൾ ആരംഭിക്കുകയും അതിൽ പ്രവർത്തിക്കുവാൻ സുവിശേഷസംഘാംഗങ്ങളെ ഉൾപ്പെടുത്തി വളരെയധികം പ്രോത്സാഹനം നൽകി കൊണ്ടിരിക്കുന്നു. ഭവനസന്ദർശനം നടത്തുന്നതിന് മുമ്പ് സംഘാംഗങ്ങൾ എല്ലാവരും ചേർന്ന് ഒന്നര മണിക്കൂർ നേരം വി. കുർബാന എഴുന്നള്ളിച്ചു വച്ച് ആരാധന നടത്തിയ ശേഷം മാത്രമേ ഭവനസന്ദർശനം ആരംഭിക്കുകയുള്ളൂ.

ഞാൻ ഇപ്പോഴും സഭയുടെ പല മണ്ഡലങ്ങളിലും പ്രവർത്തിച്ചു വരുന്നു; ഇടവക കമ്മറ്റി അംഗം, സൺഡേസ്കൂൾ അധ്യാപകൻ, ഇടവക കൂട്ടായ്മ വാർഡ് നേതൃത്വം, MCA യൂണിറ്റ് പ്രസിഡന്റ് എന്നീ നിലകളിൽ ഇപ്പോഴും പ്രവർത്തിച്ചു വരുന്നു.

ഒരു വ്യത്യസ്ഥ അനുഭവമാണ് സുവിശേഷസംഘത്തിൽ ചേർന്നപ്പോൾ ഉണ്ടായത്. തുടർന്ന് നിരന്തരമായ പ്രാർത്ഥനാ ജീവിതം ധന്യമാക്കി.

മാർ ഈവാനിയോസ് പിതാവിന്റെ 63-ാം ഓർമപ്പെരുന്നാളിനോട് ചേർന്ന് ജൂലൈ 15-ാം തിയതി എനിക്ക് കൈവയ്പ്പ് ലഭിച്ചു. അത് ഭാഗ്യമായിക്കരുതി ദൈവത്തിന് കൃതജ്ഞത അർപ്പിക്കുന്നു.

സ്വന്തം കുടുംബത്തിലും ഇടവകയിലും പ്രവർത്തന മേഖലകളിലും ക്രിസ്തീയ ജീവിതത്തിന് മാതൃകയായി വ്യാപരിക്കുവാനുള്ള ഒരു വലിയ ബോധ്യം സുവിശേഷസംഘാംഗം എന്ന നിലയിൽ കൂടുതലായി എനിക്ക് ലഭിക്കുന്നുണ്ട്. സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം (റോമർ 10:15) എന്ന ആപ്തവാക്യം ശ്രവിച്ചുകൊണ്ട് ജീവിക്കുവാൻ ദൈവം എന്നെ കാത്തു രക്ഷിക്കുമാറാകട്ടെ.

**“ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം”**

**(1 കോറി. 9: 16)**

www.malankaralibrary.com





അനുഭവസാക്ഷ്യം

# അനുഭവമാകുന്ന സുവിശേഷം

**തോമസ് നാച്ചേരിയിൽ**
സഭാതല സുവിശേഷസംഘാംഗം, ബത്തേരി രൂപത

സുവിശേഷജീവിതത്തിൽ നിന്നും ലഭിക്കുന്നത്ര ആനന്ദം മറ്റൊന്നിൽ നിന്നും ലഭിക്കുന്നില്ല എന്ന തിരിച്ചറിവ് ഉണ്ടായി എന്നതാണ് ഒരു സുവിശേഷസംഘാംഗമായതിലൂടെ എനിക്ക് കൈവന്ന വലിയ ഭാഗ്യം. നഷ്ടപ്പെട്ടുപോയ കാലത്തെക്കുറിച്ച് കുറ്റബോധം ഉണ്ടെങ്കിലും എല്ലാം ദൈവിക പദ്ധതിയുടെ ഭാഗമാണെന്ന് ആശ്വസിക്കുകയാണ്. വചനം ആഴത്തിൽ വായിക്കുകയും പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ എന്നിൽ വന്ന മാറ്റം പറഞ്ഞറിയിക്കാൻ വയ്യ. വചനത്തിൽ ജീവിക്കാൻ തീരുമാനിച്ചപ്പോൾ മാറ്റത്തിന് മാറ്റ് കൂടി.

സർവ്വശക്തനായ ദൈവം വലിയ കഴിവുകൾ നൽകി അനുഗ്രഹിച്ചിട്ടുണ്ട്. എങ്കിലും പല അവസരങ്ങളിലും നിയന്ത്രണാതീതമായി വളർന്നുവന്നകോപം എന്നെ പലപ്പോഴും അപകടത്തിൽപ്പെടുത്തിയിട്ടുണ്ട്. ആ സാഹചര്യങ്ങളെല്ലാം ഞാൻ വിചിന്തനത്തിന് വിധേയമാക്കുകയാണ്. വചനം എന്നെ അതിന് സഹായിക്കുന്നു. ഇപ്പോൾ അത്തരം സാഹചര്യങ്ങളെ മുൻകൂട്ടി കണ്ട് നിയന്ത്രിക്കുവാൻ തക്കബോധം എന്നിൽ വളർന്നുവരുന്നുവെന്നത് നന്ദിയോടെ സ്മരിക്കുന്നു.

സുവിശേഷസംഘത്തിൽ നിന്നും ലഭിച്ച പരിശീലനം എനിക്ക് തന്ന സമ്മാനം സ്വയം സുവിശേഷമാകുക എന്നതാണ്. പരിശീലനത്തിന്റെ ആദ്യകാലങ്ങളിൽ സംശയിച്ച് നിന്ന സമൂഹം ഇന്ന് സംശയത്തിൽ നിന്നും മാറി ബോധ്യത്തിലേക്ക് വന്നിരിക്കുന്നു എന്ന് ഞാൻ മനസിലാക്കുന്നു. ഔദ്യോഗിക ജീവിതത്തിലും മറ്റുള്ളവർക്ക് മാതൃകയായിത്തീരാൻ സാധിക്കുന്നുവെന്നത് കൂടുതൽ സുവിശേഷമാകാൻ എന്നെ പ്രേരിപ്പിക്കുന്നു. ഇടവക കൂട്ടായ്മയിൽ പ്രർത്ഥനാ യോഗങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ലഭിച്ച അവസരം മറ്റ് പദവികളേക്കാൾ വലുതാണെന്ന് ഞാനറിയുന്നു. ഒരു സുവിശേഷസംഘാംഗമെന്ന ഉറച്ച ബോധ്യത്തിൽ തന്നെ സഭയിലെ ഭക്തപ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുക്കാനും അവസരം ലഭിക്കുന്നു. സർവ്വോപരി സ്വന്തം കുടുംബത്തിൽ നിന്നും ലഭിക്കുന്ന ആത്മീയ ആദരവ് ആവോളം നിർവൃതിയോടെ ആസ്വദിക്കുന്നു. കുടുംബാംഗങ്ങളിൽ നിന്നും ലഭിക്കുന്ന സന്തോഷം സമൂഹത്തിന് സന്തോഷം പങ്കുവെയ്ക്കുന്നതിനും കാരണമാകുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വലിയ ഉത്തരവാദിത്വമാണ് ദൈവം തമ്പുരാൻ വെളിപ്പെടുത്തിതന്നത്. അനുഭവത്തിൽനിന്ന് സാക്ഷ്യത്തിലേക്ക് സഭാമക്കൾ കടന്നുവരുന്നതിന് സുവിശേഷസംഘ രൂപീകരണം കാരണമായി. 'സഭ' ആരാധിക്കുന്ന സമൂഹമെന്നനിലയിൽ ആരാധനാധിഷ്ഠിതമായ ജീവിതം നയിക്കുന്നവരാകണം സഭാമക്കൾ. ആരാധനാ ജീവിതത്തിൽ നിന്നും അകന്നുപോകുന്ന തലമുറ, നാശത്തിന്റെ വഴിയിലാണെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. നേർവഴിയിൽ സഞ്ചരിക്കുവാൻ നേർവഴികാണിച്ചുകൊടുക്കുവാൻ പര്യാപ്തമായ ഒരു കൂട്ടായ്മക്ക് രൂപം കൊടുക്കുവാൻ സഭാപിതാക്കന്മാർക്ക് പരിശുദ്ധാത്മാവിൽ നിന്നും ലഭിച്ച വിളിയുടെ പ്രത്യുത്തരമാണ് സുവിശേഷസംഘം. സുവിശേഷസംഘപ്രവർത്തനങ്ങളിലൂടെ സഭയിൽ വന്നുകൊണ്ടിരിക്കുന്ന ആത്മീയ നിറവിന് ഒരംശമാകാൻ കഴിയുന്നതിലുള്ള സന്തോഷം പങ്കുവെയ്ക്കട്ടെ. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥം എന്നും നമ്മോടൊപ്പമുണ്ട്. ദൈവം ഇനിയും കൂടുതലായി ജീവിത വെളിച്ചം തന്ന് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



അനുഭവസാക്ഷ്യം

# ദൈവാനുഗ്രഹം

**ജിജോ ജോസഫ്**
സഭാതല സുവിശേഷസംഘാംഗം, മാവേലിക്കര രൂപത

മാവേലിക്കര രൂപതാംഗമായ എനിക്ക് 2015 ജൂലൈ 15ന് സഭാതല സുവിശേഷ സംഘാംഗമാകുവാൻ സാധിച്ചു. കണ്ടാലും എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോട് കാണിക്കുന്നത് (1 യോഹ 3:1) പുണ്യശ്ലോകനായ മാർ ഈവാനിയോസ് പിതാവിന്റെ ചിന്തകളോടു ചേർന്ന് ചിന്തിക്കാനും പ്രാർത്ഥിക്കാനും കൂടുതലായി സാധിക്കുന്നു. വർഷങ്ങളായി കരിസ്മാറ്റിക് ശുശ്രൂഷകളുമായി മുമ്പോട്ടു പോകുന്നു. ധ്യാനകേന്ദ്രങ്ങളോടു ചേർന്ന് പ്രസംഗിക്കാനായി പോകുന്ന സാഹചര്യങ്ങളിൽ എന്നിലുടലെടുത്ത ചിന്ത എന്റെ മലങ്കരസഭയിൽ ഇതേ സുവിശേഷപ്രവർത്തനങ്ങൾക്ക് സാധ്യതയില്ലേ? സാധിക്കുമെന്ന് വിശ്വസിച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങി. ഇന്നു മലങ്കര സഭയിൽ സാദ്ധ്യമായിരിക്കുന്നു. ഒരു സുവിശേഷസംഘാംഗമാകുവാൻ സാധിച്ചതിൽ പിന്നെ 3 യാമങ്ങളിലെ പ്രാർത്ഥന കൃത്യമായി ചെയ്യാൻ സാധിക്കുന്നു. ഒരു ദിവസം പോലും മുടങ്ങാതെ ജപമാല ചൊല്ലുവാൻ സാധിക്കുന്നു. കൂദാശജീവിതം നന്നായി തന്നെ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കുന്നു. 25 കാര്യങ്ങളിൽ കുറച്ചെങ്കിലും മുടങ്ങാതെ ചെയ്യുവാൻ പരിശ്രമിക്കുന്നു. കൂടാതെ ഞങ്ങൾക്ക് കുടുംബമായി ഒന്നിച്ച് ശുശ്രൂഷ ചെയ്യാൻ സാധിക്കുന്നു. കാരണം സ്വർഗ്ഗത്തിലിരുന്ന് പ്രാർത്ഥിക്കുന്ന മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥത കൊണ്ടാണ് എന്നു ഞാൻ വിശ്വസിക്കുന്നു. മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് പാട്ടുകളെഴുതുവാനും എനിക്ക് കൃപ ലഭിച്ചു. വടക്കെ ഇന്ത്യയിലെ ഗ്രാമങ്ങളിൽ സുവിശേഷം പ്രസംഗിക്കുവാൻ സാധിക്കുന്നു. "അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവുമാകുന്നു (സങ്കീ. 119:105) സുവിശേഷസംഘത്തിന്റെ ക്ലാസ്സുകളിൽ പ്രത്യേകിച്ച് കാക്കനാട്ടച്ചന്റെ ക്ലാസ്സുകളും, ഫ്രാൻസീന സിസ്റ്ററിന്റെ ക്ലാസ്സ്, ദാനിയേൽ പൂവ്വണ്ണത്തിലച്ചന്റെ ക്ലാസ്സുകളും ഒത്തിരി പ്രചോദനമായി. മലങ്കര സഭാതല സുവിശേഷസംഘത്തിലെ ഒരു അംഗമാണ് എന്നു പറയുമ്പോൾ ഏറെ സന്തോഷമുണ്ട്. "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു. (റോമ. 8:28). ഈ സുവിശേഷ അനുഗ്രഹം ഏവരിലും ലഭ്യമാകുവാൻ കൃപയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.



അനുഭവസാക്ഷ്യം

# എനിക്കു ലഭിച്ച അമൂല്യ നിധിയാണ്, സൗഭാഗ്യമാണ്, സന്തോഷമാണ്- സുവിശേഷസംഘാംഗത്വം

**ഐസക് കുറ്റിയിൽ**
സഭാതല സുവിശേഷസംഘാംഗം, മുംബൈ

"അങ്ങയുടെ വചനങ്ങൾ കണ്ടെത്തിയപ്പോൾ ഞാൻ അവ ഭക്ഷിച്ചു; അവ എനിക്ക് ആനന്ദാമൃതായി; എന്റെ ഹൃദയത്തിന് സന്തോഷവും എന്തെന്നാൽ സൈന്യങ്ങളുടെ ദൈവമായ കർത്താവേ ഞാൻ അങ്ങയുടെ നാമമാണല്ലോ മാനിക്കുന്നത്" (ജറ. 15:16.)

കട്കി, പൂനെ എക്സാർക്കേറ്റിൽ, മുംബൈ റീജനിൽ തന്നെ സെന്റ് തോമസ് മലങ്കര കത്തോലിക്കാ പള്ളി ഇടവകാംഗമാണ് ഞാൻ. 2012 ഒക്ടോബർ 19, 20, 21 തീയതികളിൽ മുംബൈയിൽ അന്ധേരി ചക്കാലയിൽ വച്ച് ഫാ. ആന്റണി കാക്കനാട്ടച്ചന്റെയും ബഹു. സിസ്റ്റർ മേരി പ്രസാദ് ഡി.എം. ന്റെയും നേതൃത്വത്തിൽ നടത്തിയ സുവിശേഷസംഘത്തിന്റെ ഫോർമേഷൻ ക്ലാസിൽ സംബന്ധിക്കുവാൻ സാധിച്ചത് വളരെ ഭാഗ്യമായി കരുതുന്നു. അച്ചന്റെ ആദ്യ ക്ലാസുകളിൽ തന്നെ ഒരു സുവിശേഷ സംഘാംഗമാകണമെന്ന ആഗ്രഹമുണ്ടായി. പിന്നീടുള്ള എല്ലാ ക്ലാസുകളിലും സജീവമായി പങ്കുകൊള്ളുന്നു. 2015 ജനുവരിയിൽ തുടങ്ങിയ സഭാതല സുവിശേഷ സംഘത്തിലേക്ക് എന്റെ പേര് നിർദ്ദേശിച്ചെങ്കിലും ആരോഗ്യകാരണങ്ങളാൽ ഞാൻ നിരസിക്കുകയുണ്ടായി. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. മുംബൈയിൽ നിന്നും സഭാതല സുവിശേഷസംഘത്തിന്റെ മൂന്നാം ബാച്ചിലേക്ക് പോകുവാൻ ആഗ്രഹിച്ചിരുന്നവർക്കും പേര് കൊടുത്തിരുന്നവർക്കും വ്യത്യസ്ഥകാരണങ്ങളാൽ പോകുവാൻ സാധിച്ചില്ല. ഈ സാഹചര്യത്തിൽ ഞാൻ തന്നെ പോകണമെന്ന് ഞങ്ങളുടെ വികാരി അച്ചൻ നിർബന്ധിച്ചു. എന്റെ ഭാര്യയും മൂത്ത മകനും പ്രോത്സാഹിപ്പിക്കുകയും ഇത് ദൈവത്തിന്റെ വിളിയാണ്, ആരോഗ്യം ദൈവം കാത്തുകൊള്ളുമെന്നും പറഞ്ഞ് എന്നെ ധൈര്യപ്പെടുത്തി. 2015 ൽ കാതോലിക്കേറ്റിൽ 3-ാം ബാച്ചിന്റെ ക്ലാസിൽ ചേരുകയും എല്ലാ ക്ലാസുകളിലും സംബന്ധിക്കുകയും ദൈവകൃപയാൽ കൈവയ്പു ലഭിക്കുകയും ചെയ്തു. മൂന്നാം ബാച്ചിൽ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും സർവ്വശക്തനായ ദൈവത്തിന്റെ കരുണയാൽ നാലാം ബാച്ചിലേക്ക് 15 പേർ ഉണ്ട് എന്നതിൽ അതിയായി സന്തോഷിക്കുന്നു. രണ്ട് അറ്റാക്ക് വന്ന് അത്ഭുതകരമായി രക്ഷപെട്ട എനിക്ക് ഒട്ടും ഭയമില്ലാതെ യാത്ര ചെയ്യുന്നതിന് അറിവിന്റെ ഭണ്ഡാരത്തിൽ നിന്നും ആവോളം ശേഖരിക്കുന്നതിനും, മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിൽ മുട്ടിപ്പായി പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിക്കുവാനും സാധിച്ചു. "രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപോയിട്ടില്ല, കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല" (ഏശയ്യ 59:1). എന്റെ ജീവിതത്തിൽ അന്വർത്ഥമായ വാക്കുകളാണിവ. തീർച്ചയായും യേശുവാണ് എന്നെ വിളിച്ചത്, പരിശുദ്ധാത്മാവ് ആണ് എന്നെ വഴി നടത്തിയത്, ശക്തി നൽകിയത്. "വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കും" (യോഹ. 11:40) എന്നരുളിചെയ്തവനായ കർത്താവേ! ഞാൻ വിശ്വസിക്കുന്നു, അങ്ങ് എന്നെ വിളിച്ചു, ഇതാ ഞാൻ, അങ്ങേ കരങ്ങളിൽ എന്നെ തന്നെ സമർപ്പിക്കുന്നു.

സഭാതല സുവിശേഷസംഘാംഗമായതിൽ പിന്നെ, എന്നിൽ പ്രകടമായ മാറ്റം ഞാനറിയാതെ തന്നെ ഉണ്ടായി. മുമ്പ് അന്യമായിരുന്ന ഒരു ജീവിത ശൈലി ഉണ്ടായി. രാവിലെയും വൈകിട്ടും തിരികത്തിച്ചുവച്ച് വിശുദ്ധ വേദപുസ്തകം വായിക്കുകയും, ധ്യാനിക്കുകയും, യാമപ്രാർത്ഥനകൾ കൃത്യമായി നടത്തുകയും ചെയ്യുന്നു. രോഗികൾക്കുവേണ്ടിയും, പ്രാർത്ഥനാ സഹായം ആവശ്യപ്പെട്ടിട്ടുള്ളവർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നു. എന്റെ ഭാര്യയും വളരെ തീക്ഷണതയോടുകൂടി ഇവയെല്ലാം ചെയ്യുന്നു. മക്കളും, കൊച്ചുമക്കളും അവരുടെ സമയക്രമമനുസരിച്ച് പ്രാർത്ഥനാ ജീവിതം നയിക്കുന്നു. ഇടവക പള്ളിയിൽ വിശുദ്ധ കുർബാന ഉള്ളപ്പോഴെല്ലാം ഞങ്ങൾ സംബന്ധിക്കുന്നു. ഇപ്പോൾ എല്ലാ നോമ്പുകളും ഞങ്ങൾ ആചരിക്കുന്നു.

എന്റെ ഇടവകയിൽ ഞങ്ങൾ നാലു പേരാണ് സുവിശേഷസംഘത്തിൽ സജീവമായിട്ടുള്ളത്. സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ എല്ലാ ബുധനാഴ്ചകളിലും വൈകിട്ട് 6.30 ന് പള്ളിയിൽ സമ്മേളിക്കുകയും, വിശുദ്ധ വേദപുസ്തകം വായിക്കുകയും, ജപമാല, സന്ധ്യാപ്രാർത്ഥന, മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, ഇടവകയുടെ പൊതുനിയോഗങ്ങൾക്കും, വ്യക്തിപരമായ നിയോഗങ്ങൾക്കും വേണ്ടിയും രോഗികൾക്കും, പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടിട്ടുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അനേകർക്ക് രോഗശാന്തിയും, മാതാവിനോടും, മാർ ഈവാനിയോസ് പിതാവിനോടും മാദ്ധ്യസ്ഥം യാചിക്കുമ്പോൾ അസാധ്യകാര്യങ്ങൾപോലും സാധിക്കുകയും ചെയ്യുന്നു. അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുമ്പോൾ ദൈവത്തെ മഹത്വപ്പെടുത്തുന്നതോടൊപ്പം കൂടുതൽ തീക്ഷണതയോടുകൂടി പ്രാർത്ഥിക്കുവാനുള്ള പ്രചോദനവും ലഭിക്കുന്നു. ഇടവകയിലെ കുറേപേരെങ്കിലും മുടക്കം കൂടാതെ ഈ പ്രാർത്ഥനകളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നു. ധാരാളം അക്രൈസ്തവരും മാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായി വരുന്നു.

ബഹു. വർഗ്ഗീസ് വാലിക്കോട്ടച്ചന്റെയും, ബഹു സിസ്റ്റർ ഫ്രാൻസീനാ ഡി.എം. ന്റെയും, മുംബൈയിലെ വൈദികരുടെയും, സിസ്റ്ററിന്റെയും, സുവിശേഷസംഘാംഗങ്ങളുടെയും നേതൃത്വത്തിൽ ഇടവകയിലെ 8 ഭവനങ്ങളും സന്ദർശിക്കുകയും, വി. വേദപുസ്തകം വായിച്ച് തിരികത്തിച്ച് പ്രതിഷ്ഠിക്കുകയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിത വിശുദ്ധിയെക്കുറിച്ചും സുവിശേഷസംഘത്തെക്കുറിച്ചും കുടുംബങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തു. യാമപ്രാർത്ഥനകൾ മുടക്കം കൂടാതെ നടത്തുവാൻ സ്നേഹത്തോടെ ഓർമ്മിപ്പിച്ചു. ഇപ്പോൾ മുംബൈയിലെ പത്തു ഇടവകകളിലും ഭവന സന്ദർശനം പൂർത്തിയാക്കി. ഭവന സന്ദർശനം ഒരു വലിയ അനുഭവമായിരുന്നു. കൈവയ്പു സ്വീകരിക്കുമ്പോഴും, കാതോലിക്കാബാവാ തിരുമേനിയിൽ നിന്നും, വചനമായ ദൈവത്തേയും, കത്തിച്ചമെഴുകുതിരിയും സ്വീകരിക്കുമ്പോഴും ഒരനുഭൂതിയായിരുന്നു. സ്വയ വിശുദ്ധിയോടൊപ്പം മറ്റുള്ളവരേയും വിശുദ്ധിയുടെ പടവുകൾ കയറുവാൻ സഹായിക്കുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com



(ആരാധനക്രമവത്സരം 2-ാം പേജിൽ നിന്നും തുടർച്ച)

ഞായർ" എന്നറിയപ്പെടുന്ന കാനായിലെ വിവാഹവിരുന്നു ഓർത്തുകൊണ്ട് അതായത് കർത്താവിന്റെ ആദ്യത്തെ അത്ഭുതത്തെ ഓർമ്മയിൽ കൊണ്ടുവരുന്നു. പിന്നീടുള്ള ഞായറാഴ്ചകളിൽ കർത്താവു ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും ഓരോ ഞായറാഴ്ചയുടെയും വിചിന്തനങ്ങളാകുന്നു. അവ യഥാക്രമം ഇങ്ങനെയാണ്: ഗർബോ ഞായർ അഥവാ കുഷ്ഠരോഗിയെ സൗഖ്യമാക്കിയത്, മ്ശറിയോ ഞായർ (തളർവാതരോഗിയെ സൗഖ്യമാക്കിയത്) ക്നനായിത്തോ ഞായർ (കനാൻകാരിയുടെ മകളെ സൗഖ്യമാക്കിയത്) ക്പിഫ്ത്തോ ഞായർ (കൂനിയ സൗഖ്യമാക്കിയത്) സമീയൊ ഞായർ (കുരുടനെ സൗഖ്യമാക്കിയത്). കർത്താവിന്റെ സൗഖ്യദായക ശുശ്രൂഷകൾക്കെല്ലാം ആന്തരികമായ മാനങ്ങളുണ്ട്, ശാരീരിക സൗഖ്യം മാത്രമല്ല അതിലൂടെയുള്ള ആന്തരികസൗഖ്യത്തെ വിശ്വാസികളുടെ ഹൃദയത്തിൽ സന്നിവേശിപ്പിക്കുന്നു. പിന്നീടു ഓശാന ഞായർ മുതൽ ഹാശാ ആഴ്ചയിലേയ്ക്കു പ്രവേശിക്കുന്ന വലിയ ആഴ്ചയിൽ കർത്താവിന്റെ പീഡാനുഭവങ്ങളെ ഏറെ തീക്ഷ്ണതയിൽ ആചരിക്കുന്നു.

വലിയനോമ്പുകാലവും, പീഡാനുഭവ ആഴ്ചയും ഒരു വിശ്വാസിക്ക് മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും ദിനങ്ങളാണ്. ആത്മാവും ശരീരവും ഒരുപോലെ ദൈവത്തോട് അടുത്തു വസിക്കുന്ന ഒരു അനുഭവം. കർത്താവ് സാത്താന്റെ പരീക്ഷയെ ജയിക്കുവാൻ അവൻ അനുഷ്ഠിച്ച് അനുവർത്തിക്കുവാൻ നമ്മെ പഠിപ്പിച്ചതാണ് നോമ്പും ഉപവാസവും. ഇത് ക്രിസ്തീയജീവിതത്തിന്റെ പ്രധാന ആയുധങ്ങളായി കണക്കാക്കുന്നു. കർത്താവ് പറഞ്ഞു: നോമ്പും ഉപവാസവും കൊണ്ടല്ലാതെ ഈ വ്യാധി പുറപ്പെട്ടുപോകുകയില്ല.

**4. കൃതാകാലം**

ഈ കാലം ഉയിർപ്പു പെരുന്നാൾ മുതൽ പെന്തിക്കൊസ്തി വരെയുള്ള കാലഘട്ടമാണ്. യേശുവിന്റെ പുനരുത്ഥാനവും പുനരുത്ഥാനത്തിനുശേഷം യേശു ശിഷ്യന്മാർക്ക് പല വിധത്തിൽ പ്രത്യക്ഷപ്പെട്ടത് ഇവയെക്കുറിച്ചുള്ള വേദഭാഗങ്ങൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നു. ഉയിർപ്പു മുതൽ പുതുഞായർ വരെയുള്ള ഒരാഴ്ച കാലം ഹേവോറോ ആഴ്ച എന്നു വിളിക്കുന്നു. ഹേവോറോ എന്ന സുറിയാനി വാക്കിന്റെ അർത്ഥം വെള്ള (white) എന്നാകുന്നു. ഇതിനുകാരണം ആദിമസഭയിൽ ഉയിർപ്പു ദിവസം ആയിരുന്നു മാമോദീസാ നൽകിയിരുന്നത്. അതുകൊണ്ട് മാമോദീസാ സ്വീകരിച്ച വ്യക്തികൾ ശുഭ്രവസ്ത്രം ധരിച്ച് ഒരാഴ്ചകാലം നടന്നിരുന്നത് ഇവർ പുതുതായി മാമോദീസാ സ്വീകരിച്ച് ക്രിസ്ത്യാനികൾ ആയവർ എന്ന് മറ്റുള്ളവർ മനസ്സിലാക്കാൻ വേണ്ടിയായിരുന്നു. ഈ കാലത്തെ രണ്ട് പ്രധാന സംഭവങ്ങളാണ് കർത്താവ് തോമാശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെടുന്നതും "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന പ്രഖ്യാപനത്തിലും യേശുകർത്താവിന്റെ ദൈവത്വവും മനുഷ്യത്വവും ഏറ്റു പറയുന്നതും. കർത്താവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ പത്രോസിനെ കൊണ്ട് "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നു മൂന്നു പ്രാവശ്യം ഏറ്റുപറയിപ്പിച്ച് യേശു തന്റെ കുഞ്ഞാടുകളെ മേയിക്കുവാനുള്ള അധികാരം നൽകുന്നു. യേശുവിന്റെ നാൽപതു ദിവസത്തെ പുനരുത്ഥാനശേഷമുള്ള ഭൂമിയിലെ വാസവും, പ്രത്യക്ഷപ്പെടലും ശിഷ്യന്മാരെ പുനരുത്ഥാനത്തിൽ ഉറപ്പിക്കുന്നതിനും ഈ പുനരുത്ഥാനത്തിന്റെ സാക്ഷികളായി ലോകം മുഴുവൻ സുവിശേഷം പ്രസംഗിക്കുവാൻ ഒരുക്കുന്നതിനും വേണ്ടിയാണ്. അതുകൊണ്ട് സ്വർഗ്ഗാരോഹണ സമയത്ത് കർത്താവു പറയുന്നു "ഉന്നതങ്ങളിൽ നിന്നുള്ള ശക്തി സ്വീകരിക്കുന്നതുവരെ ജെറുസലേം വിട്ടുപോകരുത്". ഈ ചിന്തകൾ നമ്മെ ഓരോ ക്യാംതാകാലത്തും അനുസ്മരിപ്പിക്കുന്നതും യേശുവിന്റെ പുനരുത്ഥാനത്തിന്റെ സാക്ഷികളായി ലോകത്തിൽ ആയിരിക്കുന്നതിനും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും കർത്താവിനെ ലോകത്തിൽ കാണിച്ചുകൊടുക്കുവാനും വേണ്ടിയാണ്.

**5. പെന്തികൊസ്തികാലം**

ഈ കാലം പെന്തിക്കൊസ്തി മുതൽ ആഗസ്റ്റ് 6-ാം തീയതി കർത്താവിന്റെ തേജസ്കരണ പെരുന്നാളുവരെയുള്ളതാണ്. പലപ്പോഴും സഭാവൽസരത്തിലെ ദൈർഘ്യമുള്ള കാലഘട്ടമാണിത്. ചിലപ്പോൾ പത്തോപതിനൊന്നോ ആഴ്ചകൾ വരെ ഈ കാലത്ത് ഉണ്ടാകാറുണ്ട്. പരിശുദ്ധാത്മ പ്രവർത്തനങ്ങളെകുറിച്ച് ധ്യാനിക്കുന്ന ഒരു കാലയളവാണിത്. പ്രത്യേകിച്ചും ലേഖന ഭാഗത്ത് അപ്പോസ്തലപ്രവർത്തനങ്ങളിൽ എപ്രകാരം പരിശുദ്ധാത്മ പ്രേരിതമായി ശ്ലീഹന്മാർ കർത്താവിന്റെ സുവിശേഷം പ്രസംഗിക്കുകയും സഭയെ പണിതുയർത്തുകയും ചെയ്തു എന്നു ചിന്തിക്കുന്നു. വി. പൗലോസ് പറയുന്നതുപോലെ "ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ മക്കളാകുന്നു". ഓരോ ക്രിസ്ത്യാനിയും നയിക്കപ്പെടേണ്ടത് പരിശുദ്ധാത്മാവിനാൽ ആണ് എന്നു ഓർമ്മിപ്പിക്കുകയും പരിശുദ്ധാത്മ നൽവരങ്ങൾക്കായി പ്രാർത്ഥിക്കുകയും ആ നൽവരങ്ങൾ വഴി സഭയെ എന്നും നവീകരിച്ചു നിർത്തുന്നതിനുള്ള ഒരു ആഹ്വാനം കൂടിയാണ് ഈ കാലഘട്ടം.

**6. തേജസ്കരണകാലം**

കർത്താവിന്റെ മറുരൂപപ്പെരുന്നാൾ (ആഗസ്റ്റ് 6) മുതൽ സ്ലീബാപെരുന്നാൾ (സെപ്റ്റംബർ 14) വരെയുള്ള കാലഘട്ടമാണ് തേജസ്കരണകാലം. ഈ കാലഘട്ടത്തിന്റെ പ്രമേയം താബോർ മലയിൽ യേശു തേജസ്കരിക്കപ്പെട്ടതിന്റെ ഓർമ്മയും അവിടെ പ്രത്യക്ഷപ്പെട്ട മോശയും ഏലിയായും, നിയമത്തിന്റെയും പ്രവാചകന്മാരുടെയും പ്രതീകമായിരുന്നു. മോശയുടെ നിയമത്തിലും പ്രവാചക ഗ്രന്ഥങ്ങളിലും യേശുവിനെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ യേശുക്രിസ്തുവിൽ നിറവേറി എന്നു സൂചിപ്പിക്കുന്നു. കൂടാതെ മഹത്വത്തിലേയ്ക്കുള്ള വഴി കുരിശിന്റെയും പീഡാനുഭവത്തിന്റെയും വഴിയാണെന്നും അതാണ് ഓരോ ക്രിസ്ത്യാനിയുടെയും വഴി എന്ന് വരച്ചുകാണിക്കുന്ന കാലഘട്ടം. കർത്താവു ശിഷ്യന്മാരോടു പറഞ്ഞു. "ഭൂമിയിൽ നിങ്ങൾക്ക് ക്ലേശങ്ങൾ ഉണ്ടാകും. എന്നാൽ ഞാനോ ലോകത്തെ ജയിച്ചിരിക്കുന്നു". ക്ലേശങ്ങളെ നേരിടുവാനുള്ള ശക്തി ആർജിക്കുകയെന്നതാണ് ഇതിന്റെ ചേതോവികാരം.

**7. സ്ലീബാക്കാലം**

സ്ലീബാ പെരുന്നാൾ മുതൽ 'കൂദോശ് ഈത്തോ' വരെയുള്ള കാലഘട്ടമാണ് സ്ലീബാക്കാലം. ഈ കാലഘട്ടത്തിന്റെ വിചിന്തനം യുഗാന്ത്യോന്മുഖമായ കാര്യങ്ങളെക്കുറിച്ചാണ്. കർത്താവിന്റെ രണ്ടാം ആഗമനം അന്ത്യവിധി ഇവയെപ്പറ്റി പ്രതിപാദിക്കുന്നു. സുറിയാനി സഭയിൽ കുരിശിൽ എഴുതിവയ്ക്കുന്ന ഒരു ലിഖിതം ഉണ്ട്. (ഹുർലവോത്ത്, സാബാർ ബേഹ്) ഇതിന്റെ അർത്ഥം (look at Him and hope in Him) അവനിലേയ്ക്കു നോക്കുക, അവനിൽ പ്രത്യാശ വയ്ക്കുക. യേശു തന്നെയായ കുരിശിൽ നോക്കി ജീവിക്കുക എന്ന ഒരു ആഹ്വാനമാണ് ഈ കാലഘട്ടത്തിന്റേത്.

മേൽ പറഞ്ഞ ഏഴ് കാലത്തിലും കർത്താവിന്റെ മനുഷ്യാവതാര രഹസ്യങ്ങളെ ധ്യാനിച്ച് കർത്താവിന്റെ മനുഷ്യാവതാരത്തോട് ചേർത്ത് വെച്ച് നമ്മുടെ ക്രിസ്തീയ ജീവിതം നയിക്കുവാൻ നമ്മെ പ്രാപ്തരാക്കാനുള്ള വഴിയായിട്ടാണ് സഭ ഇതു ക്രമീകരിച്ചിരിക്കുന്നത്.


# മാർ ഈവാനിയോസ് പ്രെയർ മിനിസ്ട്രി

## കബർ ചാപ്പൽ, സെന്റ് മേരീസ് കത്തീഡ്രൽ, പട്ടം, തിരുവനന്തപുരം

**2016 ജൂലൈ മാസം 1 മുതൽ എല്ലാദിവസവും രാവിലെ 9 മുതൽ വൈകിട്ട് 5 മണിവരെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ മധ്യസ്ഥപ്രാർത്ഥനയും വൈകിട്ട് 4 മുതൽ 5 വരെ വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്.**

**പ്രാർത്ഥനാ നിയോഗങ്ങൾ ഫോണിൽ അറിയിച്ചാൽ അപ്പോൾ തന്നെ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയിൽ പ്രത്യേകം പ്രാർത്ഥിക്കുന്നതും അന്നേദിവസം ലഭിക്കുന്ന എല്ലാ നിയോഗങ്ങളും ചേർത്തു വച്ച് വൈകിട്ട് കുർബാന അർപ്പിക്കുന്നതുമായിരിക്കും.**

**പ്രാർത്ഥനാ നിയോഗങ്ങൾ അറിയിക്കാനുള്ള ഫോൺ നമ്പർ : 8281512877**

**കബറിങ്കൽ ഇടവക സമൂഹമായി വന്നു പ്രാർത്ഥിക്കുവാനും വി. കുർബാന അർപ്പിക്കുവാനും താൽപര്യമുള്ള വൈദികർ ബഹു. ഗോഡ് ജോയി അച്ചനുമായി ബന്ധപ്പെടുക.**

**ഫാ. ഗോഡ് ജോയി – 8136825152**

www.malankaralibrary.com



*(വാർത്തകൾ 10-ാം പേജിൽ നിന്നും തുടർച്ച)*



ജൂലൈ 15 ന് പട്ടം കത്തീഡ്രലിൽ വച്ച് നടന്ന വിശുദ്ധ കുർബാന മദ്ധ്യേ സുവിശേഷസംഘാംഗങ്ങൾക്ക് ബൈബിളും കത്തിച്ച മെഴുകുതിരിയും നൽകുന്നു

ധ്യാന ശുശ്രൂഷ നടത്തുകയും ചെയ്തു. സെപ്റ്റംബർ 3-ാം തീയതി രൂപതാ സുവിശേഷസംഘത്തിന്റെ നാലാമത്തെ പരിശീലനം കല്ലുവാതുക്കൽ പള്ളിയിൽ വച്ച് നടത്തി. മാർത്താണ്ഡം രൂപതയിലെ ഗണപതികല്ല് എന്ന മിഷൻ കേന്ദ്രം ജൂലൈ 29 ന് മാവേലിക്കര രൂപതാ സുവിശേഷസംഘത്തിലെ 5 അംഗങ്ങൾ സന്ദർശിക്കുകയും കൂട്ടായ്മയിൽ പങ്കുചേരുകയും ആ മിഷൻ കേന്ദ്രം പ്രവർത്തനത്തിനായി ഏറ്റെടുക്കുകയും ചെയ്തു.

**7. മൂവാറ്റുപുഴ രൂപത**

സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ മൂവാറ്റുപുഴ രൂപതയിൽ ക്രമമായി നടന്നുവരുന്നു. ഇതിനോടകം 14 ദൈവാലയങ്ങളിൽ ഞായറാഴ്ചയിലുള്ള ധ്യാന ശുശ്രൂഷ നടത്തി. 973 ഭവനങ്ങൾ സന്ദർശിക്കുകയും സുവിശേഷസംഘത്തിന്റെ ആധ്യാത്മികത പങ്കുവയ്ക്കുകയും ചെയ്തു. രൂപതാ സുവിശേഷസംഘത്തിന്റെ രണ്ടാം ബാച്ചിന്റെ തുടർ പരിശീലനം വെങ്ങോലയിൽ വച്ച് ജൂലൈ 9, 10 തീയതികളിൽ നടന്നു. എല്ലാ ആദ്യ വെള്ളിയാഴ്ചയും എറണാകുളം പള്ളിയിൽ സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷ നടത്തപ്പെടുന്നു.

**8. പുത്തൂർ രൂപത**

സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ രൂപതയിൽ അനുഗ്രഹപ്രദമായി മുന്നോട്ടു പോകുന്നു. ഇതിനോടകം 9 ദൈവാലയങ്ങളിൽ സുവിശേഷസംഘത്തിന്റെ ധ്യാനം നടത്തി. അവിടെയുള്ള 364 ഭവനങ്ങൾ സന്ദർശിച്ചു. പുത്തൂർ രൂപതയിൽ വച്ച് സെപ്റ്റംബർ 17, 18 തീയതികളിൽ നടന്ന പുനരൈക്യ വാർഷികത്തിനു വേണ്ടി സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തി. പുനരൈക്യത്തോട് ചേർന്ന് 17-ന് വൈകിട്ട് നടന്ന സുവിശേഷ സന്ധ്യയ്ക്ക് പുത്തൂർ രൂപതാ സുവിശേഷസംഘാംഗങ്ങൾ നേതൃത്വം നൽകി 2000 ൽ അധികം വിശ്വാസികൾ സുവിശേഷസന്ധ്യയിൽ പങ്കെടുത്തു.

**9. ഗുഡ്ഗാവ്-ഡൽഹി രൂപത**

ഗുഡ്ഗാവ് രൂപതയിൽ സുവിശേഷസംഘപ്രവർത്തനങ്ങൾ നന്നായി നടക്കുന്നു. 8 ദൈവാലയങ്ങളിൽ സുവിശേഷസംഘത്തിന്റെ ഞായറാഴ്ചയിലെ ധ്യാന ശുശ്രൂഷ നടന്നു. അവിടെയുള്ള 589 ഭവനങ്ങളിൽ സന്ദർശനം നടത്തുകയും സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മികത പങ്കുവയ്ക്കുകയും ചെയ്തു. ഓഗസ്റ്റ് 1 മുതൽ 17 വരെയുള്ള ദിവസങ്ങളിൽ Neb Sairai കത്തീഡ്രൽ West Delhi എന്നി ഇടവകകളിൽ ശുശ്രൂഷ നിർവഹിക്കുകയും അവിടെയുള്ള ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു. ഓഗസ്റ്റ് 6, 13 തീയതികളിൽ ഡൽഹി റീജിയണൽ സുവിശേഷസംഘത്തിന്റെ തുടർപരിശീലനം നടന്നു. ഫാ. ആന്റണി കാക്കനാട്ട്, ഫാ. ജോൺസൺ പള്ളിപടിഞ്ഞാറ്റേതിൽ, ഫാ. സാം പതാക്കൽ എന്നിവർ നേതൃത്വം നല്കി.


**മുഖ്യരക്ഷാധികാരി**
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ

**രക്ഷാധികാരി**
റവ. ഡോ. ജേക്കബ് മാർ ബർണബാസ്

**ചീഫ് എഡിറ്റർ**
റവ. ഡോ. ആന്റണി കാക്കനാട്ട്

**മാനേജിംഗ് എഡിറ്റർ**
റവ. സി. ഫ്രാൻസിന D.M.

**എഡിറ്റർ**
ഡോ. എബ്രഹാം ജോർജ്ജ് മാങ്കാവിൽ

**എഡിറ്റോറിയൽ ബോർഡ്**
റവ. ഡോ. സി. നമിത SIC
ഡോ. തോമസുകുട്ടി പനച്ചിക്കൽ
ഡോ. വി. ജെ. ജേക്കബ്
ഡോ. ജോജു ജോൺ
ബാർ ഈത്തോ കാശീറോ പി. പൗലോസ്




## ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു

**യേശുവിന്റെ സന്ദേശത്തെപ്പറ്റി...**

“ചില സമയത്ത് നാം യേശുവിനെ കേൾക്കും. മറ്റു സമയങ്ങളിൽ നാം ലോകത്തിന്റെ രീതിക്ക് പോകുകയും മറ്റുള്ളവരെ കുറ്റം വിധിക്കുകയും ചെയ്യും. യേശുവിന്റെ സന്ദേശം കരുണയാണ്. എളിമയോടെ ഞാൻ പറയട്ടെ - യേശുവിന്റെ ഏറ്റവും ശക്തമായ സന്ദേശം കരുണ തന്നെയാണ്”.

**യേശുവിന്റെ കരുണയപ്പെറ്റി...**

“യേശുവിന്റെ കരുണ ഉണങ്ങിവരണ്ട ഭൂമിയെ ഉദ്യാനമാക്കും. ഉണങ്ങിവരണ്ട അസ്ഥികളിൽ ജീവൻ നിവേശിപ്പിക്കും”.

“യേശുവിന്റെ കരുണ നമ്മുടെ സങ്കല്പങ്ങൾക്കതീതമായ അഗാധഗർത്തംപോലെയാണ്. ഒരു വലിയ പാപിയാണ് താങ്കളെങ്കിൽ - സാരമില്ല കേട്ടോ. യേശുവിന്റെ അടുത്തേക്ക് പോയാൽ മതി. യേശു മറക്കും. യേശുവിന്റെ മറവി അസാധാരണമായ മറവിയാണ്. പാപങ്ങൾ മറന്ന് താങ്കളെ കെട്ടിപ്പിടിച്ച്, ഉമ്മ വയ്ക്കും. എന്നിട്ടവിടുന്ന് കാതിൽ മന്ത്രിക്കും. “ഞാനും നിന്നെ വിധിക്കുന്നില്ല കേട്ടോ... പൊയ്ക്കോളൂ... ഇനിമേൽ പാപം ചെയ്യരുത്”.

“ഒരു തുള്ളി കരുണ വന്നാൽ നിസംഗത മാറും. നീതി പടർന്ന് പിടിക്കും”.

**മാനസാന്തരത്തെപ്പറ്റി...**

“യേശു നെറ്റിചുളിക്കില്ല. കുറ്റം പറയില്ല. അവിടുത്തെ വാക്കുകൾ സ്നേഹത്തിന്റേതാണ്. കരുണയുടേതാണ്. യേശുവിന്റെ കരുണയുടെ വാക്കുകളാണ് മാനസാന്തരത്തിലേക്ക് നമ്മെ നിരന്തരം ക്ഷണിച്ചുകൊണ്ടിരിക്കുന്നത്”.

**ദൈവപിതാവിനെപ്പറ്റി...**

“ദൈവത്തിന്റെ മുഖം കാരുണ്യവാനായ ഒരു അപ്പന്റെ മുഖമാണ്. പിതാവിന് അസാധാരണമായ കരുണയാണ്. പിതാവ് എല്ലാവരോടും ക്ഷമിക്കുന്നു. പിതാവ് നമ്മെ മനസ്സിലാക്കുന്നു. പിതാവ് നമുക്കുവേണ്ടി കാത്തിരിക്കുന്നു”.

**യേശുവിന്റെ സ്നേഹത്തെപ്പറ്റി...**

“യേശുവിന്റെ സ്നേഹം നമ്മുടെ ജീവിതത്തെ പരിവർത്തനപ്പെടുത്തും. നമ്മളാകുന്ന അരുവിയിലൂടെ ദൈവം ഭൂമിയെ നനയ്ക്കുന്നു”.

“സ്നേഹത്തിന്റെ പരിമളമില്ലാതെയാകുമ്പോൾ സത്യം നിർജീവവും, നിസ്സംഗവും തകർത്തുകളയുന്നതുമായി മാറും”.

**സുവിശേഷം നല്കുന്നതിനെപ്പറ്റി...**

“ദൈവസ്നേഹത്തിനായി ഹൃദയവാതിൽ തുറക്കുന്നവർക്ക്, ദൈവശബ്ദം കേട്ടവർക്ക്, ദൈവത്തിന്റെ പ്രകാശം സ്വീകരിച്ചവർക്ക് പിന്നെ പങ്കുവയ്ക്കാതിരിക്കാനാവില്ല”.

**വിശ്വാസജീവിതത്തെപ്പറ്റി...**

“വിശ്വാസം ഒരു തീർത്ഥാടനം മാത്രമല്ല; ഒരു ഭവനത്തിന്റെ നിർമിതിപോലെയുമാണ്. എല്ലാവർക്കും ഒരുമിച്ചു വസിക്കാവുന്ന ഒരു ഭവനം നാം പണിതുയർത്തുകയാണ്”.

**പ്രകൃതിയെപ്പറ്റി...**

“നമ്മുടെ അമ്മയായ ഭൂമി നിലവിളിക്കുകയാണ്. കാരണം മക്കൾ അവളെ മുറിവേൽപിക്കുകയാണ്”.

“മനുഷ്യർ സിമന്റിനാലും ലോഹത്താലും ഗ്ലാസ്സിനാലും മൂടപ്പെടേണ്ടവരല്ല. പ്രകൃതിയെ നാം തൊട്ട് ജീവിക്കണം”.

“മനുഷ്യനായി ജീവിക്കുന്നതിനാൽത്തന്നെ പ്രകൃതിയെയും പാവങ്ങളെയും സംരക്ഷിക്കാൻ നമുക്ക് കടമയുണ്ട്. ഓരോ ക്രിസ്ത്യാനിക്കും അവന്റെ ക്രൈസ്തവവിശ്വാസം പ്രകൃതിയെയും പാവങ്ങളെയും സംരക്ഷിക്കാൻ പ്രചോദനം നല്കുന്നു”.

**യേശുവിന്റെ മരണത്തെപ്പറ്റി..**

“തന്റെ രക്തത്താൽ യേശു വീണ്ടെടുത്ത് കത്തോലിക്കരെ മാത്രമല്ല. ലോകത്തെ പൂർണ്ണമായും യേശു തന്റെ രക്തത്താൽ വീണ്ടെടുത്തു”.




തയ്യാറാക്കിയത് :
**ഡോ. ജോജു ജോൺ**
രൂപതാതല സുവിശേഷസംഘാംഗം,
തിരുവനന്തപുരം മേജർ അതിരൂപത

www.malankaralibrary.com





സഭാതല സുവിശേഷസംഘം 3-ാം ബാച്ച് ജൂലൈ 15ന് പട്ടം കത്തീഡ്രലിൽ വച്ച് കയ്‌വയ്പ് സ്വീകരിച്ചപ്പോൾ

# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണം:

## മേജർ അതിഭദ്രാസന നടപടികൾ സമാപിച്ചു



ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികളുടെ മേജർ അതിഭദ്രാസനതല സമാപനം 2016 ആഗസ്റ്റ് 25-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും, തിരുവനന്തപുരം മേജർ അതിഭദ്രാസനാദ്ധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വി. കുർബാനയോടുകൂടിയാണ് ചടങ്ങുകൾ ആരംഭിച്ചത്. ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനി, ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി, ജോസഫ് മാർ തോമസ് തിരുമേനി, ജേക്കബ് മാർ ബർണബാസ് തിരുമേനി, തോമസ് മാർ അന്തോണിയോസ് തിരുമേനി, സാമുവൽ മാർ ഐറേനിയോസ് തിരുമേനി, ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി, വിവിധ ഭദ്രാസനങ്ങളിലെ വികാരി ജനറൽമാർ, കോറെപ്പിസ്കോപ്പാമാർ, ബഥനി സന്യാസ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, വിവിധ ഭദ്രാസനങ്ങളിലെ വൈദികർ തുടങ്ങിയവർ സഹകാർമ്മികരായിരുന്നു.

1997, ജൂലൈ 15-ന് ആരംഭിച്ച നാമകരണ നടപടികളുടെ കാനോനിക പ്രക്രിയകളിൽ വൈദികരും, സിസ്റ്റേഴ്സും, അല്മായരുമായി ഏകദേശം 500-ഓളം പേർ രേഖകൾ കണ്ടെത്തുന്നതിനും, പകർത്തിയെഴുതുന്നതിനും, ഭാഷാന്തരം ചെയ്യുന്നതിനും ഉണ്ടായിരുന്നു. ചരിത്ര കമ്മീഷൻ, ദൈവശാസ്ത്ര കമ്മീഷൻ, മേജർ അതിഭദ്രാസന അന്വേഷണ കമ്മീഷൻ എന്നീ സമിതികളുടെ മേൽനോട്ടത്തിലാണ് നടപടികൾ നടന്നത്. ശേഖരിച്ച രേഖകളും, അവയുടെ ഭാഷാന്തരവും ഉൾപ്പെടെ ഏകദേശം 96, 921 പേജുകൾ വരുന്ന രേഖകൾ, 140 വലിയ പെട്ടകളിലാണ് മുദ്രവച്ച് സൂക്ഷിച്ചിരിക്കുന്നത്. നാമകരണ നടപടികളുടെ പോസ്റ്റുലേറ്റർ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയും, വൈസ് പോസ്റ്റുലേറ്റർ റവ. സിസ്റ്റർ സാന്ദ്ര എസ്. ഐ. സി. യുമായിരുന്നു.

മേജർ അതിഭദ്രാസന അന്വേഷണത്തിന്റെ മൂലരേഖ അതിഭദ്രാസനത്തിൽ സൂക്ഷിക്കുവാനായി അതിഭദ്രാസന ചാൻസിലർ മോൺ. ഡോ. ജോൺ കൊച്ചുതുണ്ടിൽ അച്ചനെ ഏൽപ്പിച്ചു. ഈ രേഖകളുടെ ശരിപകർപ്പ്, നാമകരണ നടപടികളുടെ തുടർ ആവശ്യത്തിനുള്ള പകർപ്പുകളും, റോമിലെ നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിന് എത്തിക്കാനായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയെ ഔദ്യോഗികവാഹകനായി നിയമിക്കുകയും, മുദ്രവച്ച പെട്ടികൾ ഏൽപ്പിക്കുകയും ചെയ്തു.

നാമകരണ നടപടികളിൽ നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലുംപെട്ട വൈദികരും, സിസ്റ്റേഴ്സും, അല്മായരും പങ്കെടുത്തു. ഇവരിൽ പലരും സുവിശേഷസംഘാംഗങ്ങളും ആണ്. ഇനിയുള്ള നടപടികൾ വേഗം പൂർത്തിയായി മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധപദവിയിലേക്ക് ഉയർത്തുന്നതിനുമായി നമുക്ക് തുടർന്നും പ്രാർത്ഥിക്കാം.

*(വാർത്തകൾ 14-ാം പേജിൽ നിന്നും തുടർച്ച)*

### 10. ഖഡ്കി-പൂനാ എക്സാർക്കേറ്റ്

എക്സാർക്കേറ്റിലെ സുവിശേഷസംഘ പ്രവർത്തനങ്ങൾ ശക്തമായി മുന്നേറുന്നു. 24 ഇടവകകളിൽ സുവിശേഷസംഘത്തിന്റെ ഞായറാഴ്ചയിലുള്ള ധ്യാനശുശ്രൂഷ നിർവഹിച്ചു. അവിടെയുള്ള 1269 ഭവനങ്ങൾ സന്ദർശിച്ചു. പൂന, മുംബൈ, ബംഗളൂർ, ചെന്നൈ, ഹൈദരാബാദ് എന്നിവിടങ്ങളിൽ സുവിശേഷസംഘത്തിന്റെ തുടർ പരിശീലനം എല്ലാ മാസവും നടക്കുന്നു. ആഗസ്റ്റ് 6, 7 തീയതികളിൽ ബംഗളൂരിലും ആഗസ്റ്റ് 12, 15 തീയതികളിൽ മുംബൈയിലും സഭാതലത്തിൽ നിന്നും പരിശീലനം നടന്നു. ആന്ധ്ര പ്രദേശിലെ ഗുണ്ടൂർ, വിജയവാഡാ എന്നി സ്ഥലങ്ങളിൽ സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ മിഷൻ പ്രവർത്തനം ആരംഭിച്ചു. മുംബൈ, പൂനാ, ചെന്നൈ, ബാംഗളൂർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ യുവജനങ്ങളെ ഒന്നിച്ചുകൂട്ടി സുവിശേഷപ്രവർത്തനങ്ങൾ ആരംഭിച്ചു.



പുത്തൂർ രൂപതയിൽ സെപ്റ്റംബർ 17 ന് വൈകീട്ട് പുനരൈക്യവാർഷികത്തോടനുബന്ധിച്ച് നടന്ന സുവിശേഷസന്ധ്യ

Printed and Published by Fr. Antony Kakkanatt, for the Syro Malankara Catholic Suvisesha Sangam, Catholicate Centre, Pattom, Trivandrum - 4. For Private Circulation only
For Contact Ph : 9447562877 Email : mcsuviseshasangam@gmail.com. Printed at St. Joseph's Press, Trivandrum-14